



# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 | 2023 MARCH | Issue 3



മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com



**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ



**മുഖപ്രസംഗം** വടക്കു കിഴക്കൻ സംസ്ഥാന ജനവിധി എന്ന ചൂണ്ടുപലക 4

**സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് ഇടതു കെടുകാര്യസ്ഥത** 7
ടി.എം.നാരായണൻ

തൊഴിലാളിദ്രോഹം മുഖമുദ്രയാക്കിയ ഇടതുസർക്കാർ..........................10
പി.ആർ.ശിവശങ്കരൻ

കേരളത്തിലെ ഇ.എസ്.ഐ. പ്രവർത്തനം ..........................................................19
ടി.വിജയൻ

സമൃദ്ധിയുടെ സന്ദേശവുമായി വിഷു വരുന്നു.......................................37
ടി.വിജയൻ

ലേബർ 20 തൊഴിലാളികളുടെ കൂട്ടായ്മ..........................................40
ഹിരൺമയ പാണ്ഡ്യ

**കവിത**
വേരുകൾ ...... കല്ലറ അജയൻ..........................25
വിഷുക്കാലം..... സുധീർ പറൂര്.........................39





നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — കേരള നവോത്ഥാനം മിഥ്യയും സത്യവും 16

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 മാർച്ച് ലക്കം 3

# വടക്കുകിഴക്കൻ സംസ്ഥാന ജനവിധി എന്ന ചൂണ്ടുപലക

**2024**-ലെ ലോകസഭാ തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിലാണ് രാജ്യത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും.അതുകൊണ്ടുതന്നെ അതിനുമുൻപ് നടക്കുന്നനിയമസഭാ തെരഞ്ഞെടുപ്പുകൾക്ക് പ്രാധാന്യമുണ്ട്. ഗുജറാത്തിൽ ബി.ജെ.പി. വിജയം നേടിയപ്പോൾ, ഹിമാചൽപ്രദേശിൽ കോൺഗ്രസ്സും ഡൽഹി കോർപറേഷനിൽ ആം ആദ്മി പാർട്ടിയും വിജയം കൈവരിക്കുകയുണ്ടായി. തുടർന്ന് നടന്ന ത്രിപുര, നാഗാലാന്റ്, മേഘാലയ എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകൾക്ക് അതുകൊണ്ടുതന്നെ പ്രാധാന്യം കൈവന്നിരുന്നു. ദീർഘ കാലം മാർക്സിസ്റ്റ് പാർട്ടി തുടർച്ചയായി ഭരിച്ചിരുന്ന ത്രിപുരയിൽ 2018ലാണ് ബി.ജെ.പി. അധികാരത്തിൽ വന്നത്. പശ്ചിമബംഗാളിനുപുറമെ ത്രിപുരയും നഷ്ടപ്പെട്ടപ്പോൾ നിരാശയിലായ മാർക്സിസ്റ്റ് പാർട്ടിക്ക് എങ്ങിനെയും ഭരണം തിരിച്ചുപിടിക്കേണ്ടിയിരുന്നു. അതുകൊണ്ടാണ് പശ്ചിമബംഗാളിൽ തൃണമൂൽകോൺഗ്രസ്സിനെതിരായി കോൺഗ്രസ്സുമായി സഖ്യത്തിലേർപ്പെട്ടത്. അത് പരാജയത്തിലായെങ്കിലും വീണ്ടും ഒരു ശ്രമം ത്രിപുരയിൽ നടത്താനാണ് അവർ ശ്രമിച്ചത്. ബി.ജെ.പി.ക്കെതിരായി കൂട്ടായ്മ ഉണ്ടാക്കുന്നതിനുവേണ്ടി എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്നാണ് കോൺഗ്രസ്സ് പ്ലീനറി സമ്മേളനവും തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ത്രിപുരയിലെ തിരഞ്ഞെടുപ്പിന് രാഷ്ട്രീയപ്രാധാന്യം കൂടി. 2014-ൽ അധികാരത്തിലേറിയതുമുതൽ നരേന്ദ്രമോദിസർക്കാർ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വികസനത്തിന്റെ പെരുമഴ തന്നെ പെയ്യിക്കുകയുണ്ടായി. അതുകൊണ്ടാണ് 2018-ലെ 60 അംഗ നിയമസഭാതിരഞ്ഞെടുപ്പിൽ 36 സീറ്റുമായി ബി.ജെ.പി.ക്ക് ഭരണത്തിൽ കയറാൻകഴിഞ്ഞത്. കോൺഗ്രസ്സും മാർക്സിസ്റ്റ് പാർട്ടിയും ഒന്നിച്ചിട്ടും ഗോത്രവർഗ്ഗമേഖലയിൽ തിപ്രമോത്ത വെല്ലുവിളി ഉയർത്തിയിട്ടും ഇത്തവണയും 32 സീറ്റുമായി ബി.ജെ.പി.ക്ക് ഭരണത്തിൽ കയറാൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. 2013-ലെ തിരഞ്ഞെടുപ്പിൽ 49 സീറ്റുനേടിയിരുന്ന സിപിഎം 2018-ൽ 16 സീറ്റിലേക്കും ഇപ്പോൾ 11 സീറ്റിലേക്കും ഒതുങ്ങിയ കാഴ്ചയാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സീറ്റും ലഭിക്കാതിരുന്ന കോൺഗ്രസ്സിന് മൂന്നു സീറ്റ് നേടിക്കൊടുത്തതാണ് സി.പി.എമ്മിന്റെ നേട്ടം. അതിന് തങ്ങളുടെ കയ്യിലുണ്ടായിരുന്ന മുഖ്യ പ്രതിപക്ഷപാർട്ടി എന്ന സ്ഥാനവും നഷ്ടപ്പെടുത്തി. നാഗാലാന്റിൽ 60 മണ്ഡലങ്ങളിൽ 12 സ്ഥലത്ത് ബി.ജെ.പി.യും 25 സീറ്റിൽ സഖ്യകക്ഷിയായ എൻ.ഡി.പി.പി.യും ജയിച്ചു. നാഗാലാന്റ് നിയമസഭാചരിത്രത്തിൽ ആദ്യമായി രണ്ടു വനിതകളെ വിജയിപ്പിക്കാനും ബി.ജെ.പി. സഖ്യത്തിന് കഴിഞ്ഞു. മേഘാലയയിൽ 60 സീറ്റിൽ 26 എണ്ണം നാഷണൽ പീപ്പിൾസ് പാർട്ടി നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. ബി.ജെ.പി. പിന്തുണയോടെ മന്ത്രിസഭ അധികാരമേൽക്കുന്നു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നേടിയ വിജയം ബി.ജെ.പി.യുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. ഗോത്രവർഗ്ഗക്കാർക്കും ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ നേടിയ വിജയം ബി.ജെ.പി.ക്കെതിരായ ന്യൂനപക്ഷ വിരുദ്ധം എന്ന കുപ്രചരണങ്ങളുടെ മുനയൊടിക്കാൻ പര്യാപ്തമായി. ദീർഘകാലമായി കേന്ദ്രസർക്കാരിന്റെ അവഗണനയും തീവ്രവാദശക്തികളുടെ മേൽക്കോയ്മയും കാരണം വികസനം എത്തിനോക്കാത്ത വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വികസനത്തിന്റെ വെളിച്ചം എത്തിച്ചത് നരേന്ദ്രമോദി സർക്കാരാണ്. തീവ്രവാദശക്തികളെ അടിച്ചമർത്താനും സമാധാനപരമായ ജീവിതം തിരിച്ചുകൊണ്ടുവരാനും കഴിഞ്ഞതും ബി.ജെ.പിക്ക് ജനപിന്തുണ വർദ്ധിക്കാൻ കാരണമായി. രാഹുൽഗാന്ധി നടത്തിയ ജോഡോ യാത്രക്കൊന്നും ജനങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ല എന്നതിന്റെ ആദ്യ ഉദാഹരണം കൂടിയാണ് ഈ തിരഞ്ഞെടുപ്പ് ഫലങ്ങൾ. കർണ്ണാടക, തെലുങ്കാന, മിസ്സോറാം, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, രാജസ്ഥാൻ എന്നീ സംസ്ഥാന തിരഞ്ഞെടുപ്പുകൾകൂടി ഈ വർഷം നടക്കാനുണ്ട്. അതിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറാൻ ബി.ജെ.പി.ക്ക് ഈ വിജയങ്ങൾ കരുത്തേകും.

ഭാരതത്തെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ എത്തിക്കാനുള്ള കേന്ദ്രസർക്കാരിന് ആരെയും ഭയക്കാതെ തീരുമാനങ്ങളെടുക്കാനുള്ള ശക്തി ഇത്തരം തിരഞ്ഞെടുപ്പ് ഫലങ്ങൾ നല്കുന്നുണ്ട്. ദരിദ്ര ജനവിഭാഗങ്ങൾക്കുള്ള സൗജന്യ ഭക്ഷ്യധാന്യ വിതരണവും കോവിഡിനെ പ്രതിരോധിക്കാൻ സൗജന്യ വാക്സിൻ നല്കിയതും കുടിവെള്ളം, പാചകവാതകം, വീട്, ഇൻഷൂറൻസ്, ആരോഗ്യ സുരക്ഷ എന്നിവ നല്കിയതും മറ്റും ജനങ്ങൾ നന്ദിപൂർവ്വം ഓർക്കുകതന്നെയാണ്. വടക്കുകിഴക്കൻ മേഖലയിലേക്കും ജമ്മു-കാശ്മീർ, ലഡാക്ക്, ഹിമാലയ താഴ്‌വാരങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്കുമെല്ലാം ഗതാഗത സൗകര്യമൊരുക്കിയതും നരേന്ദ്രമോദി സർക്കാരിന്റെ മികച്ച നേട്ടങ്ങളാണ്. ലക്ഷക്കണക്കിന് കോടിരൂപയാണ് റെയിൽവെയുടെ നവീകരണത്തിനും ദേശീയപാതാ വികസനത്തിനും ചിലവഴിച്ചുകൊണ്ടിരിക്കുന്നത്. 70 വിമാനത്താവളങ്ങളാണ് പുതുതായി സർക്കാർ നിർമ്മിച്ചിരിക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യമേഖലകളിലും വൻ വികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതിന്റെ ഫലമായി വ്യവസായങ്ങൾ വളരുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ലോകത്തെ വൻസാമ്പത്തിക ശക്തികളുടെ കൂട്ടായ്മയായ ജി-20യുടെ അദ്ധ്യക്ഷസ്ഥാനം ഈ വർഷം ഇന്ത്യയാണ് വഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പല സമയത്തായി നടക്കുന്ന വിവിധ അന്താരാഷ്ട്രസമ്മേളനങ്ങൾ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലായാണ് നടക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും വളർച്ചയും ലോകരാജ്യങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഇത്തരം ശ്രമം നമ്മുടെ രാജ്യത്ത് ആദ്യമായാണ് നടക്കുന്നത്.

ജി-20യുമായി ബന്ധപ്പെട്ട് തൊഴിൽമേഖലയെ കേന്ദ്രീകരിച്ചു നടക്കുന്ന പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കാൻ ഭാരതീയ മസ്ദൂർസംഘത്തെയാണ് കേന്ദ്രസർക്കാർ ചുമതലയേല്പിച്ചിരിക്കുന്നത്. ലേബർ-20 (എൽ-20)യുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നത് ബി.എം.എസ്. അഖിലേന്ത്യാ അദ്ധ്യക്ഷൻ ഹിരൺമയ പാണ്ഡ്യയാണ്. മറ്റ് ട്രെയ്ഡ് യൂണിയനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് എൽ-20യുടെ നേതൃത്വത്തിൽ നടക്കാൻപോകുന്ന സമ്മേളനങ്ങളും സെമിനാറുകളും മറ്റും വിജയിപ്പിക്കാനുള്ള ചുമതലയും ബി.എം.എസ്. പ്രവർത്തകരിൽ അർപ്പിതമാണ്. രാജ്യത്തെ വ്യവസായങ്ങളെ തകർക്കാനും ദേശീയ നേതൃത്വത്തെ അവഹേളിക്കാനും അന്താരാഷ്ട്രതലത്തിൽ ഗൂഢാലോചനയും നടക്കുന്നുണ്ട്. കക്ഷിരാഷ്ട്രീയ സങ്കുചിതത്വത്തിൽ കുടുങ്ങി അത്തരം നീക്കങ്ങൾക്ക് ചില പ്രതിപക്ഷനേതാക്കളും പിന്തുണ നല്കുന്നുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള സമയം കൂടിയാണിത്.

■

## മസ്ദൂർഭാരതി മാസികയുടെ ഉടമസ്ഥതയേയും
## മറ്റു വിശദാംശങ്ങളേയും കുറിച്ചുള്ള സ്ഥിതിവിവരം

1956-ലെ കേന്ദ്ര ന്യൂസ്പേപ്പർ റജിസ്ട്രേഷൻ നിയമത്തിലെ 8-ാം നിയമപ്രകാരവും 19 ഡി(ബി) യിലെ പി.ആർ.ബി. നിയമത്തിൻപ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്

| | | |
|---|---|---|
| 1. പ്രസിദ്ധീകരിക്കുന്ന സ്ഥലം | : | കോഴിക്കോട് |
| 2. പ്രസിദ്ധീകരണത്തിന്റെ സ്വഭാവം | : | മാസിക |
| 3. അച്ചടിക്കുന്ന ആളിന്റെ പേര് | : | കെ. ഗംഗാധരൻ |
| ഭാരതീയനാണോ | : | അതെ |
| മേൽവിലാസം | : | മസ്ദൂർ ഭാരതി ഓഫീസ് 59/1335, കല്ലായ്റോഡ്, കോഴിക്കോട്-2 |
| 4. അച്ചടിക്കുന്ന പ്രസ് | : | ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിന്റ്സ്, ചെറുവണ്ണൂർ, കോഴിക്കോട്-673 655 |
| 5. പ്രസാധകന്റെ പേര് | : | കെ. ഗംഗാധരൻ |
| ഭാരതീയനാണോ | : | അതെ |
| മേൽവിലാസം | : | മസ്ദൂർ ഭാരതി ഓഫീസ് 59/1335, കല്ലായ്റോഡ്, കോഴിക്കോട്-2 |
| 6. പത്രാധിപരുടെ പേര് | : | കെ.കെ. വിജയകുമാർ |
| ഭാരതീയനാണോ | : | അതെ |
| മേൽവിലാസം | : | ഭാരതീയ മസ്ദൂർസംഘം, ചിറ്റൂർ റോഡ്, എറണാകുളം, കൊച്ചി. |
| 7. പത്രത്തിന്റെ ഉടമസ്ഥതയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തികളുടെ പേരും മേൽവിലാസവും | : | ഭാരതീയ മസ്ദൂർസംഘം, കേരളപ്രദേശ് സമിതി, ചിറ്റൂർ റോഡ്, എറണാകുളം |

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്നു ഞാൻ കെ. ഗംഗാധരൻ പ്രസ്താവിച്ചുകൊള്ളുന്നു.

കോഴിക്കോട്
16-03-2023

പ്രസാധകന്റെ ഒപ്പ്
കെ. ഗംഗാധരൻ

മസ്ദൂർഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

# അറിയിപ്പ്

മസ്ദൂർഭാരതിയുടെ നിലവിലുള്ള വരിക്കാരുടെ വരിസംഖ്യാ കാലയളവ് മാർച്ച് ലക്കത്തോടുകൂടി അവസാനിക്കുകയാണ്. തുടർന്നും മാന്യ വരിക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു. 2023 ഏപ്രിൽ മാസം മുതൽ 2024 മാർച്ച് കൂടിയ കാലയളവിലേക്കുള്ള വരിക്കാരെ ചേർക്കുന്ന പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ട്. വാർഷിക വരിസംഖ്യ 150 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് ഭാരതീയ മസ്ദൂർസംഘത്തിന്റെ മേഖല/ജില്ലാ ഓഫീസുകളിലോ കോഴിക്കോട് മസ്ദൂർഭാരതി ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്.

**മാനേജർ**
**മസ്ദൂർഭാരതി ഓഫീസ്**
**കല്ലായ് റോഡ്, കോഴിക്കോട് - 673002**
**ഫോൺ: 0495 2305040**

**സൂചന** : നേരിട്ട് വരിക്കാരായി ചേരാൻ ആഗ്രഹിക്കുന്നവർ **150 രൂപ** ചുവടെ ചേർത്ത അക്കൗണ്ടിലേക്ക് അയയ്ക്കുകയും ആയതിന്റെ വിവരങ്ങളും മേൽവിലാസവും (ഫോൺ നമ്പർ സഹിതം) **mazdoorbharathi@gmail.com** എന്ന ഇ മെയിൽ വിലാസത്തിലോ **8289974191** എന്ന വാട്സ്ആപ് നമ്പറിലോ അറിയിക്കേണ്ടതുമാണ്.

**Bank Account Deatails**
**Mazdoor Bharathi, A/C Number : 004105300023533**
**Dhanlaxmi Bank, Main Branch, Kozhikode. IFSC Code : DLXB0000041**

# സാമ്പത്തികപ്രതിസന്ധി സൃഷ്ടിച്ചത്

# ഇടതു കെടുകാര്യസ്ഥത



**ടി. എം. നാരായണൻ**
**9846219659**

**കേ**രള സർക്കാർ വലിയ സാമ്പത്തികഞെരുക്കത്തിലാണെന്നും അതുകൊണ്ടാണ് പുതിയ നികുതികൾ ചുമത്തേണ്ടിവന്നതെന്നും ക്ഷേമപെൻഷനുകൾ അടക്കം കൃത്യമായി കൊടുക്കാൻ കഴിയാത്തതെന്നുമാണ് സംസ്ഥാന ധനകാര്യമന്ത്രി വിശദീകരിക്കുന്നത്. കടമെടുക്കുന്നതിന് കേന്ദ്രം പരിധി നിശ്ചയിച്ചതാണ് സംസ്ഥാനത്തെ വിഷമത്തിലാക്കുന്നതെന്നും അദ്ദേഹം പറയുന്നു. കേന്ദ്ര നികുതി വിഹിതം വെട്ടിക്കുറച്ചു എന്നും കേരളത്തിനോട് പ്രതികാരബുദ്ധിയോടെയാണ് കേന്ദ്രം പെരുമാറുന്നത് എന്നുമാണ് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പ്രചരിപ്പിക്കുന്നത്.

25 ലക്ഷം രൂപക്കു മുകളിലുള്ള തുകയുടെ ബില്ലുകൾ മാറുന്നതിന് കുറച്ചുമാസങ്ങളായ് ധനകാര്യവകുപ്പിന്റെ നിയന്ത്രണമുണ്ടായിരുന്നു. സാമ്പത്തികവർഷത്തിന്റെ അവസാനത്തിൽ എത്തിനില്ക്കുമ്പോൾ 10 ലക്ഷത്തിനുമുകളിലുള്ള ബില്ലുകൾക്കും മുൻകൂർ അനുവാദം വേണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ക്ഷേമപെൻഷനുകൾ അതാതുസമയം കൃത്യമായി നല്കുമെന്ന സർക്കാർ പ്രഖ്യാപനവും നടപ്പാക്കാൻ കഴിയുന്നില്ല. എല്ലാ വർഷവും 100 രൂപ വീതം ക്ഷേമപെൻഷൻ വർദ്ധിപ്പിക്കുമെന്ന ഇടതുപക്ഷ മുന്നണിയടെ വാഗ്ദാനവും കുറച്ചു വർഷങ്ങളായി പാലിക്കപ്പെടുന്നില്ല. സർക്കാർജീവനക്കാരുടെ ശമ്പളവും പെൻഷനും നല്കേണ്ട സമയത്ത് എല്ലാ മാസവും കടമെടുക്കേണ്ട സ്ഥിതിയിലാണ് സർക്കാർ. ആറുമാസമായി തുച്ഛമായ ഓണറേറിയം ലഭിക്കാത്തതിനെതുടർന്ന് സാക്ഷരതാ പ്രേരക്മാർ മൂന്നുമാസത്തോളമായി സെക്രട്ടേറിയറ്റ് പടിക്കൽ സത്യഗ്രഹം നടത്തിയിട്ടും കണ്ടില്ലെന്നു നടിച്ചതിനെത്തുടർന്നാണ് ഒരു സാക്ഷരതാ പ്രേരക് ആത്മഹത്യ ചെയ്തത്.




**ആറുമാസമായി ഓണറേറിയം ലഭിക്കാത്തതിനെതുടർന്ന് സാക്ഷരതാ പ്രേരക്മാർ മൂന്നുമാസത്തോളമായി സെക്രട്ടേറിയറ്റ് പടിക്കൽ സത്യഗ്രഹം നടത്തിയിട്ടും കണ്ടില്ലെന്നു നടിച്ചതിനെത്തുടർന്നാണ് ഒരു സാക്ഷരതാ പ്രേരക് ആത്മഹത്യ ചെയ്തത്.**

സർക്കാർ മെഡിക്കൽ കോളേജുകളോടും മറ്റും ചേർന്നു പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ ജീവൻരക്ഷാ മരുന്നുകൾ കിട്ടാതായിട്ട് മാസങ്ങളായി. മരുന്നുവിതരണം ചെയ്ത വകയിൽ 50 കോടി രൂപ കുടിശ്ശികയായ സാഹചര്യത്തിലാണ് മരുന്നുവിതരണ കമ്പനികൾ മരുന്നു നല്കാതായ

ത്. വൃക്കരോഗികൾക്കുള്ള പെൻഷൻ രണ്ടുവർഷമായി കുടിശ്ശികയാണ്. കാരുണ്യ ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ വഴി ചികിത്സ നല്കിയ വകയിൽ 150 കോടി രൂപ സ്വകാര്യ ആശുപത്രികൾക്ക് കുടിശ്ശികയുള്ളതായി ആരോപിക്കപ്പെടുന്നു. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിലാക്കിയ മെഡിസെപ്പിലൂടെ ആശുപത്രികൾ നല്കിയ ക്ലെയിമുകൾ നിരസിക്കപ്പെടുന്നതായും വ്യാപകമായ ആരോപണമുണ്ട്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും രണ്ടുവർഷമായി നല്കേണ്ട നാലു ഗഡു ക്ഷാമബത്ത കുടിശ്ശികയാണ്. പെൻഷൻ പരിഷ്കരണത്തെ തുടർന്നുള്ള കുടിശ്ശികയുടെ രണ്ടു ഗഡുക്കളും അനിശ്ചിതമായി തടഞ്ഞുവെച്ചിരിക്കുകയാണ്.



**കൈകാര്യ ചിലവിനുള്ള പണം സർക്കാരിൽനിന്ന് ലഭിക്കാത്തതിനെത്തുടർന്ന് തേങ്ങ സംഭരണത്തിനുള്ള അപര്യാപ്തമായ സംവിധാനം പോലും പ്രതിസന്ധിയിലാണ്.**

ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ശമ്പളം ഗഡുക്കളായി നല്കാനാണ് നീക്കം. 2001 ജനുവരി മുതൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയായി നില്ക്കുന്ന സാഹചര്യത്തിലാണ് അവർ ഹൈക്കോടതിയെ സമീപിച്ചത്. പ്രസ്തുത ആനുകൂല്യങ്ങൾ എന്നു കൊടുക്കാൻ കഴിയുമെന്നു പറയാൻ പോലും മാനേജ്മെന്റിന് സാധിക്കുന്നില്ല. ജീവനക്കാരിൽനിന്നു പിരിക്കുന്ന പെൻഷൻവിഹിതം, ഇൻഷൂറൻസ് പ്രീമിയം തുടങ്ങിയവയും ബന്ധപ്പെട്ട ഏജൻസിക്ക് നല്കാതെ കുടിശ്ശികയാണ്. സപ്ലൈക്കോയിൽ വിതരണക്കാർക്ക് നല്കാനുള്ള 100 കോടിയിലധികം രൂപ കുടിശ്ശികയാണ്. കർഷകരിൽനിന്ന് സപ്ലൈക്കോ കഴിഞ്ഞ വിളവെടുപ്പിൽ വാങ്ങിയ നെല്ലിന്റെ വിലപോലും ഇപ്പോഴും കൊടുത്തുതീർത്തിട്ടില്ല. പുതിയ വിളവെടുപ്പിലുള്ള നെല്ലിന്റെ വിലയും കൊടുക്കാൻ നടപടിയില്ല. പകരം കർഷകർക്ക് ബാങ്കുകൾ വഴി കടം നല്കാനാണ് ശ്രമം. തേങ്ങസംഭരണത്തിനുള്ള അപര്യാപ്തമായ സംവിധാനംപോലും കൈകാര്യ ചിലവിനുള്ള പണം സർക്കാരിൽനിന്ന് ലഭിക്കാത്തതിനെത്തുടർന്ന് പ്രതിസന്ധിയിലാണ്.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നികുതികളും ഫീസുകളും വർദ്ധിപ്പിക്കുക എന്നതാണ് സംസ്ഥാന ധനകാര്യമന്ത്രി കണ്ടെത്തിയ ഏകവഴി. ജി.എസ്.റ്റി. കൃത്യമായി പിരിച്ചെടുക്കാൻ ഒരു നടപടിയും കൈക്കൊള്ളാത്ത സർക്കാർ ജി.എസ്.റ്റി.ക്കുപുറത്തുള്ള ഇന്ധനം, മദ്യം എന്നിവയുടെ നികുതി കൂട്ടി. സാമൂഹ്യസുരക്ഷാ പെൻഷൻ നല്കാൻവേണ്ടിയെന്നുപറഞ്ഞാണ് പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ടുരൂപവീതം സെസ്സ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ പ്രതിവർഷം 1200 കോടി രൂപയോളം പുതിയ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. വിദേശ മദ്യത്തിന്റെ എല്ലാ ബ്രാന്റുകൾക്കും നികുതി വർദ്ധിപ്പിച്ചതിന്റെ പിന്നാലെയാണ് സെസ്സ് ചുമത്തിയിരിക്കുന്നത്. ലഹരിക്കെതിരെ പ്രചരണം നടത്തുന്ന സർക്കാർ മദ്യത്തെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായി കാണുകയാണ്. കെട്ടിടനികുതി പരിഷ്കരണത്തിലൂടെ 1000 കോടി രൂപയുടെ പുതിയ വരുമാനം പ്രതീക്ഷിക്കുന്നു. വാഹനനികുതി, രജിസ്ട്രേഷൻ ഫീസ്, വെള്ളക്കരം, വൈദ്യുതിചാർജ് തുടങ്ങിയവയെയും സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ നികുതി നിർദ്ദേശങ്ങൾ വിലക്കയറ്റത്തിന് ഇടയാക്കുന്നതാണ്. 2021 മാർച്ച് വരെ 21,798 കോടി രൂപ സർക്കാർ പിരിച്ചെടുക്കാതെ റവന്യു കുടിശ്ശികയായി കിടക്കുകയാണെന്ന് സി.എ.ജി. റിപ്പോർട്ട് ചൂണ്ടിക്കാണിക്കുമ്പോഴാണ് സർക്കാർ ജനങ്ങളുടെ മേൽ കൂടുതൽ നികുതിഭാരം അടിച്ചേല്പിക്കുന്നത്. ജല അതോറിറ്റി 1591 കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കാതെയാണ് വെള്ളക്കരം മൂന്നിരട്ടിയോ

ളം വർദ്ധിപ്പിച്ചിട്ടുള്ളത്. വൈദ്യുതിബോർഡിന്റെ കുടിശ്ശിക പിരിച്ചെടുക്കാതിരിക്കുന്നതുമൂലമുള്ള നഷ്ടംകൂടി നികത്തുന്നതിന് വൈദ്യുതി ചാർജ് ഇടയ്ക്കിടെ കൂട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

കേരളത്തിന്റെ കടബാധ്യത 3,48,653 കോടി രൂപയാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 38 ശതമാനമാണ്. കിഫ്ബിയുടെ 13000 കോടിയും സാമൂഹ്യസുരക്ഷാ പെൻഷൻവക 7800 കോടിയും കേന്ദ്രസർക്കാർ നിലപാട്പ്രകാരം സംസ്ഥാനത്തിന്റെ കടമായി കണക്കാക്കും. സംസ്ഥാനങ്ങളുടെ കടബാധ്യത ജി.ഡി.പി.യുടെ 30 ശതമാനത്തിൽ കൂടരുത് എന്നാണ് കേന്ദ്രസർക്കാർ നിലപാട്. അതുകൊണ്ടാണ് കടമെടുപ്പിന് സംസ്ഥാനത്തിന്റെ മേൽ നിയന്ത്രണം വന്നിട്ടുള്ളത്. പതിനഞ്ചാം ധനകാര്യകമ്മീഷൻ ശുപാർശപ്രകാരം കേന്ദ്ര നികുതി വിഹിതമായി കേരളത്തിന് ലഭിക്കുക 19,397 കോടി രൂപയാണ്. ആകെ വിതരണം ചെയ്യുന്ന പത്തുലക്ഷം കോടിയുടെ 1.92 ശതമാനമാണിത്. പത്താം ധനകാര്യ കമ്മീഷൻ 3.87 ശതമാനവും 14-ാം ധനകാര്യ കമ്മീഷൻ 2.5 ശതമാനവും അനുവദിച്ചത് കുറഞ്ഞു കുറഞ്ഞുവരികയാണ് എന്നാണ് സംസ്ഥാന സർക്കാരിന്റെ ആരോപണം. ഭരണഘടനാനുസൃതമായി നിയമിക്കപ്പെടുന്ന ധനകാര്യകമ്മീഷൻ ശുപാർശയിൽ കേന്ദ്രസർക്കാരിന് മാറ്റം വരുത്താൻ കഴിയുന്നതല്ല.

1971-ലെ കാനേഷുമാരിക്കു പകരം 2011-ലെ കാനേഷുമാരിപ്രകാരം ജനസംഖ്യ കണക്കാക്കിയതുകൊണ്ടാണ് വിഹിതത്തിൽ കുറവ് വന്നിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസംഖ്യ വർദ്ധന കേരളത്തിൽ കുറഞ്ഞിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ

**സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ആവശ്യമായ ഒരു തീരുമാനവും 2016 മുതൽ പിണറായി സർക്കാർ ചെയ്തിട്ടില്ല. അതുമൂലമാണ് ഇപ്പോഴുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി.**

ക്ഷേമ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളും വിഹിതം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത് ഒരു ശിക്ഷയായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. പിന്നാക്കം നില്ക്കുന്ന സംസ്ഥാനങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ അവർക്ക് കൂടുതൽ വിഹിതം നല്കേണ്ടത് ന്യായം മാത്രമാണ്. അതേസമയം റവന്യൂകമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിച്ചത് കേരളത്തിനാണ്. ഇതും ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് കിട്ടിയിട്ടുള്ളത്. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ അവസാന ഗഡുവിൽ കേരളത്തിന് നല്കാനുള്ള 780 കോടിരൂപ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് നല്കുന്നതാണെന്ന് കേന്ദ്രധനകാര്യമന്ത്രി പറഞ്ഞുകഴിഞ്ഞു. 2012-ൽ ജി.എസ്.റ്റി നടപ്പിലാക്കുമ്പോൾതന്നെ നികുതി കുറവു പരിഹരിക്കാൻ അഞ്ചു വർഷത്തേക്കാണ് നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്കു നല്കാൻ നിശ്ചയിച്ചിട്ടുള്ളത്. അതിനകം നികുതിപിരിവ് കാര്യക്ഷമമാക്കാൻ സർക്കാർ നടപടികളെടുക്കേണ്ടിയിരുന്നു. എന്നാൽ നഷ്ടപരിഹാരം ലഭിക്കുമെന്നതിനാൽ തികഞ്ഞ അലസതയാണ് കഴിഞ്ഞ അഞ്ചു വർഷവും സർക്കാർ പുലർത്തിയത്. അഞ്ചുവർഷംകൊണ്ട് 41779 കോടിരൂപ നഷ്ടപരിഹാരമായി കേരളത്തിന് ലഭിച്ചിട്ടുണ്ട്.

കോളേജ് അധ്യാപകരുടെ യു.ജി.സി. നിരക്കിലുള്ള ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശികക്കുള്ള അപേക്ഷ നല്കാത്തതിനാൽ കേരളം 750 കോടി രൂപ നഷ്ടപ്പെടുത്തിയ കാര്യം അടുത്ത സമയത്താണ് പുറത്തുവന്നത്. ഇക്കാര്യത്തിൽ പ്രതികരിക്കാൻപോലും സർക്കാരിന് സാധിക്കുന്നില്ല. തൊഴിലുറപ്പുപദ്ധതിയുടെ ഫണ്ടിന്റെ കാര്യത്തിലും ചിലവഴിച്ച സംഖ്യയുടെ കണക്ക് യഥാസമയം നല്കാത്തതുമൂലമാണ് പലപ്പോഴും കേന്ദ്രഫണ്ട് ലഭിക്കാൻ വൈകുന്നത്. പ്രളയത്തെത്തുടർന്ന് വ്യക്തമായ പദ്ധതികൾ സമർപ്പിച്ചാൽ വിവിധ വകുപ്പുകളിൽകൂടി അധിക ധനസഹായം ലഭിക്കുമെന്ന് കേന്ദ്രം അറിയിച്ചിട്ടും അതിനൊന്നും ശ്രമിക്കാതെ പണത്തിന്റെ അപര്യാപ്തത പ്രചരിപ്പിക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടത്.

സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ആവശ്യമായ ഒരു തീരുമാനവും 2016 മുതൽ പിണറായി സർക്കാർ ചെയ്തിട്ടില്ല. അതുമൂലമാണ് ഇപ്പോഴുണ്ടായിട്ടുള്ള സാമ്പത്തികപ്രതിസന്ധി. ആഢംബര വാഹനങ്ങൾ വാങ്ങുന്നതുപോലുള്ള ധൂർത്തുകൾക്ക് ഒരു പ്രതിസന്ധിയും തടസ്സമാകുന്നില്ല. സാമ്പത്തികപ്രതിസന്ധി തീർക്കണമെന്ന ഒരാഗ്രഹവും സർക്കാരിനില്ല എന്നാണ് പല തീരുമാനങ്ങളും കാണുമ്പോൾ മനസ്സിലാകുന്നത്. ഈ നയം മാറാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല എന്നുറപ്പാണ്.

# തൊഴിലാളിദ്രോഹം മുഖമുദ്രയാക്കിയ ഇടതുസർക്കാർ



**പി.ആർ.ശിവശങ്കരൻ**
**8111888888**

**കേ**രള ജനതയുടെ കൊടിയ ശാപമായി മാറിയ ഒരു സർക്കാറുണ്ടായിട്ടുണ്ടെങ്കിൽ അത് പിണറായിയുടെ ഇടതുസർക്കാരാണ്. എല്ലാ വിഭാഗത്തിൽപെട്ട തൊഴിലാളികളെയും ഒരേപോലെ ദ്രോഹിച്ച സർക്കാർ എന്ന കുപ്രസിദ്ധി ഈ സർക്കാരിന് മാത്രം അവകാശപ്പെട്ടതാണ്. കേരളത്തിൽ 44 നദികൾ ഉണ്ടായിട്ടും 5 കുഞ്ഞുനദികൾമാത്രമുള്ള ഇസ്രായേലിലേക്ക് കൂലിപ്പണിക്ക് കർഷകർ ഒളിച്ചുകടന്നു എന്നത് മാത്രം മതി ഈ സർക്കാരിന്റെ കർഷകദ്രോഹത്തിന്റെ വ്യാപ്തി മനസ്സിലാക്കുവാൻ.

കേരളത്തിലെ കർഷകരുടെ ഉന്നമനത്തിനുള്ള സർക്കാർ സ്ഥാപനങ്ങളുടെയൊ സഹകരണ സ്ഥാപനങ്ങളുടെയൊ കുറവുകൊണ്ടല്ലകർഷകന് ആവശ്യത്തിന് വായ്പയും മതിയായ വരുമാനവും ലഭിക്കാത്തത്. സർക്കാരിന്റെ കണക്കുപ്രകാരം 1643 പ്രാഥമിക കാർഷികവായ്പ സൊസൈറ്റികൾ (പി.എ.സി.എസ്.) എന്നാണ് വിളിക്കേണ്ടതെങ്കിലും സഹകരണ ബാങ്കുകൾ എന്ന് നമ്മൾ ധരിക്കുന്ന പ്രസ്ഥാനങ്ങൾ, ഇവക്കെല്ലാമായി 3000 ത്തോളം ശാഖകൾ., അതിൽതന്നെ ഏതാണ്ട് 2.62 കോടി അംഗങ്ങൾ, അവക്കെല്ലാംകൂടി 100000 കോടി രൂപയുടെ നിക്ഷേപങ്ങൾ, വായ്പ കൊടുത്തുകഴിഞ്ഞിട്ട് 22000 കോടി രൂപയുടെ നീക്കിയിരിപ്പും ഉണ്ട്. ഇതുകൂടാതെ 46780 സ്വാശ്രയ സംഘങ്ങൾ, 14 ജില്ലാതല മൊത്തവിതരണ സഹകരണ സ്റ്റോറുകൾ, 4638 പ്രാഥമിക സഹകരണ സ്റ്റോറുകൾ, 95 കൃഷിഭവനുകൾ, അതിൽ നൂറുകണക്കിന് കൃഷി ആഫീസർമാർ, ആയിരക്കണക്കിന് ഉദ്യോഗസ്ഥർ, 64 കാർഷിക ഫാമുകൾ, 7 വമ്പൻ കാർഷിക മാർക്കറ്റുകൾ. ഇവയെല്ലാമുണ്ടെങ്കിലും കർഷകൻ കണക്കെണിയിലും ആത്മഹത്യാമുനമ്പിലും ആണ്. ഇത് സംസ്ഥാനസർക്കാരിന്റെ കർഷകവിരുദ്ധ മനസ്സിന്റെയും കർഷകരോടുള്ള താല്പര്യക്കുറവിന്റെയും ഉത്തമദൃഷ്ടാന്തമാണ്.

മാറിമാറി വന്ന ഇടതു-വലതു മുന്നണികൾ കർഷകരുടെ സർക്കാരാണെന്ന് പറയുമെങ്കിലും 1994-ൽ "കേരള അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർകെറ്റിസ് ബിൽ 1994" എന്ന പേരിൽ ഒരു ബിൽ കൊണ്ടുവന്നെങ്കിലും നാളിതുവരെ ഒരു മുഖ്യമന്ത്രിയും ഒരു മേൽനടപടിയും സ്വീകരിച്ചിട്ടില്ല. ഇതുമാത്രമല്ല സംസ്ഥാനത്തെ വിലനിർണ്ണയബോർഡ് കേരള




**കേരളത്തിലെ കർഷകരുടെ ഉന്നമനത്തിനുള്ള സർക്കാർ സ്ഥാപനങ്ങളുടെയൊ സഹകരണ സ്ഥാപനങ്ങളുടെയൊ കുറവുകൊണ്ടല്ല കർഷകന് ആവശ്യത്തിന് വായ്പയും മതിയായ വരുമാനവും ലഭിക്കാത്തത്.**

ത്തിലെ പച്ചക്കറികൾക്കും മറ്റു 16ഓളം വിളകൾക്കും താങ്ങുവില 2020 സെപ്തംബറിൽ നിശ്ചയിച്ച് പ്രഖ്യാപിച്ചിരുന്നു. സ്വാമിനാഥൻ നിർദ്ദേശിച്ച താങ്ങുവിലയിലും വളരെ താഴെയാണ് കേരളാ സർക്കാർ താങ്ങുവില നിശ്ചയിച്ചത്. കണക്കുകൾ താഴെ: ടേബിൾ 1 കാണുക

എന്നാൽ കേന്ദ്രസർക്കാർ 23 ഇനം കാർഷിക വിളകൾക്കാണ് താങ്ങുവില നിശ്ചയിച്ചിരിക്കുന്നത്. അത് സ്വാമിനാഥൻ കമ്മിറ്റി പറഞ്ഞതിൻപ്രകാരം മിക്കവാറും എല്ലാ കാർഷികവിളകൾക്കും ഉല്പാദന ചിലവിനേക്കാൾ കൂടിയ വിലക്കാണ് എന്നത് ഇരുസർക്കാരുകളുടെയും കർഷകസ്നേഹത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്. കേന്ദ്രസർക്കാരിന്റെ കണക്കുകൾ താഴെകൊടുക്കുന്നു. ടേബിൾ 2 കാണുക (പേജ് 12)

ഈ കുറഞ്ഞ താങ്ങുവിലപോലും, നിശ്ചയിച്ചിട്ടും കർഷകർക്ക് ആ തുകയൊന്നും മുഴുവനായും കേരളസർക്കാർ ഇതുവരെ നല്കിയിട്ടില്ല. ഉദാഹരണത്തിന് കേരളത്തിലെ പ്രധാന ഉല്പ്പന്നമായ ഏത്തക്കുലക്ക് 30 രൂപ സംസ്ഥാന സർക്കാർ താങ്ങുവില നിശ്ചയിച്ചിട്ട് കർഷകർക്ക് കിട്ടുന്നത് കിലോക്ക് 12 രൂപ മാത്രമാണ്. ഇതേപോലെ കപ്പക്ക് താങ്ങുവില 12 രൂപ നിശ്ചയിച്ചിട്ട് കർഷകർക്ക് കിട്ടുന്നത് 8 രൂപമാത്രമാണ്. ഇത് സൂചിപ്പിക്കുന്നത് സർക്കാരിന്റെ എണ്ണമറ്റ സംവിധാനങ്ങൾ ഉണ്ടായിട്ടും കർഷകന് അർഹിക്കുന്നതും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും അനുവദിച്ചിട്ടുള്ളതുമായ സാമ്പത്തിക സഹായങ്ങൾപോലും ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇങ്ങനെ പോയാൽ കാർഷിക കേരളം സമീപഭാവിയിൽ കർഷകന്റെ ശ്മശാനഭൂമിയായി മാറുകയോ, അവരുടെ വാഗ്ദത്ത ഭൂമിയിലേയ്ക്ക് കർഷകരെല്ലാം കുടിയേറി പാർക്കുകയോ ചെയ്യുമെന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ടാ.

കർഷകത്തൊഴിലാളികൾക്ക് വരുമാനം ഇങ്ങിനെ കുറയുന്നതുമൂലം തൊഴിൽസാധ്യതകൾ ക്രമാതീതമായി കുറയുന്നു. ഇതുകൂടാതെ സ്ത്രീതൊഴിലാളികൾക്ക് ഇന്നും തികഞ്ഞ അവഗണനയാണ് കിട്ടുന്നത്. കാർഷികമേഖലയിലെ പുരുഷന്മാർക്ക് 800 രൂപ കൂലി കിട്ടുമ്പോൾ കാർഷികമേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് ഇന്ന് ലഭിക്കുന്നത് വെറും 400 രൂപ മാത്രമാണ്. MGNREA എന്ന കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതിക്ക് പോലും കേന്ദ്രസർക്കാർ 310 രൂപ സ്ത്രീപുരുഷവിവേചനമില്ലാതെ കേരളത്തിൽ നല്കുമ്പോഴാണ് സംസ്ഥാനസർക്കാർ ഈ നഗ്നമായ ലിംഗവിവേചനം കാണിക്കുന്നത്. ഇതു

**മാറിമാറി വന്ന ഇടതു–വലതു മുന്നണികൾ കർഷകരുടെ സർക്കാരാണെന്ന് പറയുമെങ്കിലും 1994–ൽ "കേരള അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കെറ്റ്സ് ബിൽ 1994" എന്ന പേരിൽ ഒരു ബിൽ കൊണ്ടുവന്നെങ്കിലും നാളിതുവരെ ഒരു മുഖ്യമന്ത്രിയും ഒരു മേൽനടപടിയും സ്വീകരിച്ചിട്ടില്ല.**

**ടേബിൾ 1**

| നം. | കാർഷികവിള | ഉല്പാദനചിലവ് (രൂപ) | താങ്ങുവില (രൂപ) | സ്വാമിനാഥൻ നിർദ്ദേശിക്കുന്ന താങ്ങുവില (രൂപ) |
|---|---|---|---|---|
| 1 | വാഴപ്പഴം നേന്ത്രൻ | 25.09 | 30.00 | 37.63 |
| 2 | മരച്ചീനി (കപ്പ) | 9.68 | 12.00 | 14.52 |
| 3 | വയനാടൻ നേന്ത്രൻ | 23.96 | 24.00 | 35.94 |
| 4 | കൈതച്ചക്ക | 15.79 | 15.00 | 23.68 |
| 5 | കുമ്പളം | 7.13 | 9.00 | 10.70 |
| 6 | വെള്ളരി | 6.66 | 8.00 | 9.99 |
| 7 | പാവൽ | 25.02 | 30.00 | 37.53 |
| 8 | പടവലം | 12.96 | 16.00 | 19.44 |
| 9 | വള്ളിപ്പയർ | 28.60 | 34.00 | 42.90 |
| 10 | തക്കാളി | 6.98 | 8.00 | 10.47 |
| 11 | വെണ്ട | 16.36 | 20.00 | 24.54 |
| 12 | കാബേജ് | 9.39 | 11.00 | 14.09 |
| 13 | ക്യാരറ്റ് | 17.63 | 21.00 | 26.45 |
| 14 | ഉരുളക്കിഴങ്ങ് | 17.00 | 20.00 | 25.50 |
| 15 | ബീൻസ് | 23.55 | 28.00 | 35.33 |
| 16 | ബീറ്റ്റൂട്ട് | 17.29 | 21.00 | 25.94 |
| 17 | വെളുത്തുള്ളി | 115.45 | 139.00 | 173.18 |

കൂടി ചേർത്തിട്ടാണോ മുഖ്യമന്ത്രി വീമ്പിളക്കുന്ന യൂറോപ്യൻ സ്റ്റാൻഡേർഡ് എന്ന നിലവാരം എത്തിയത് എന്ന് തൊഴിലാളികൾക്ക് സംശയമുണ്ട്. ജെണ്ടർ ഇക്വാലിറ്റിയെ തകർക്കുന്ന സംസ്ഥാന സർക്കാരിന്റെ ഇത്തരം നയങ്ങൾക്കെതിരെ തൊഴിലാളിവർഗ്ഗം പ്രതിരോധം തീർക്കേണ്ടത് അത്യാവശ്യമാണ്.

കമ്യൂണിസ്റ്റ്-കോൺഗ്രസ്സ് സർക്കാരുകളുടെ പിടിപ്പുകേടിന്റെയും നയരൂപീകരണത്തിന്റെ പാളിച്ചകളുടെയും അഴിമതിയുടെയും ഉത്തമ ദൃഷ്ടാന്തമാണ് KSRTC. ഒരേ ജോലിക്ക് ഒരാൾക്ക് 725 രൂപയും PSC വഴി നിയമിച്ച വ്യക്തിക്ക് 2000 രൂപയും നല്കുന്ന കമ്യൂണിസ്റ്റ്സർക്കാർ തൊഴിലാളികൾക്ക് എന്ത് സന്ദേശമാണ് നല്കുന്നത്? പണിയെടുത്ത തൊഴിലാളിക്ക് ശമ്പളം ഇൻസ്റ്റാൾമെന്റ് ആയും കളക്ഷൻ ടാർഗെറ്റുമായി ബന്ധപ്പെടുത്തിയും നല്കുമെന്ന് പ്രഖ്യാപിക്കുന്ന സർക്കാർ മുതലാളിത്ത രാജ്യത്തെ ബൂർഷ്വാ മുതലാളിമാരേക്കാൾ തൊഴിലാളിവിരുദ്ധ മനോഭാവമാണ് പ്രകടമാക്കുന്നത്. ഇതിലും ദയനീയമാണ് കൊട്ടിഘോഷിക്കപ്പെട്ട ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (HNL) ഫാക്ടറിയിലെ തൊഴിലാളികളുടെ അവസ്ഥ. തൊഴിലെടുത്ത് പട്ടിണിയിൽ ആയി നില്ക്കുന്ന തൊഴിലാളികൾക്ക് നിയമപരമായി കിട്ടേണ്ട 100% ശമ്പളകുടിശ്ശികയിൽ 16%വും ഗ്രാറ്റുവിറ്റി 35%വും മാത്രം നല്കി പറഞ്ഞുവിട്ടുകൊണ്ട് സ്ഥാപനത്തിന്റെ 750 ഏക്കർ ഭൂമിയും മറ്റു ഗസ്റ്റ് ഹൗസുകളും എല്ലാം കുത്തക മുതലാളിമാർക്ക് മറിച്ച് വില്ക്കുവാനുള്ള ഇടനിലക്കാരനായി മാറിയിരിക്കുകയാണ് കേരളത്തിലെ ഇടതുപക്ഷ സംസ്ഥാന സർക്കാർ. ഇതുതന്നെയാണ് പല പൊതുമേഖലാ സ്ഥാപനങ്ങളിലും പിണറായി വിജയന്റെ സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നത്.

സംസ്ഥാന സർക്കാരുകളുടെ നിരുത്തരവാദപരമായ തീരുമാനങ്ങളുടെ ഭാഗമായാണ് ഇന്ന് കേരളത്തിലെ തൊഴിൽമേഖലയുടെ ഒരു പ്രധാന ഭാഗമായ എസ്റ്റേറ്റ് തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ. പ്ലാന്റേഷൻ ആക്ട് നടപ്പിലാക്കുവാനോ ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് നിയമത്തിൽ പറയുന്ന വേതനമോ മറ്റു സൗകര്യങ്ങളോ നല്കുന്നുണ്ടോ എന്ന് നോക്കുവാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. പകരം സംസ്ഥാനസർക്കാർ ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുള്ള പുതിയ നയങ്ങൾ തോട്ടമുതലാളിമാർക്ക് കൂടുതൽ വരുമാനമുണ്ടാക്കുവാനുള്ള ഭാഗമായിട്ടും നിലവിലുള്ള നിയമങ്ങളുടെ ലംഘനമായിട്ടും കൂടുതൽ സംശയത്തിനും ആശയക്കുഴപ്പത്തിനും മാത്രമെ ഗുണമാകുകയുള്ളു എന്ന സി.പി.ഐ. നേതാവ് കാനം രാജേന്ദ്രൻപോലും അഭിപ്രായപ്പെട്ടുകഴിഞ്ഞു. എൽ.ഡി.എഫ്. സംസ്ഥാനയോഗത്തിൽ ചർച്ചക്കുപോലും തയ്യാറാകാതെ ഇത്തരം നിയമങ്ങൾ തട്ടിക്കൂട്ടുന്നത് സംസ്ഥാനസർക്കാരിന്റെ ഇഷ്ടക്കാരായ തോട്ടം മുതലാളിമാരുടെ ഉന്നമനത്തിനുവേണ്ടിയും മാത്രമാണ്. അവരിൽനിന്നു നേതാക്കൾക്ക് കിട്ടുന്ന വലിയ സാമ്പത്തിക വരുമാനം മാത്രമാണ് സർക്കാരിന്റെ ലക്ഷ്യം.

പരമ്പരാഗത തൊഴിൽ മേഖലകളിൽ പണിയെടു

**ടേബിൾ നമ്പർ 2**

**ദേശീയതലത്തിലെ 23 വിളകളുടെ താങ്ങുവില**

| കാർഷിക ഉല്പന്നം | താങ്ങുവില (രൂപ) | A2 + FL ഉല്പാദനചിലവ് | ലാഭം% |
|---|---|---|---|
| Paddy (നെല്ല്) | 14.70 | 10.45 | 40.7 |
| Jowar | 16.25 | 15.01 | 8.3 |
| Bajra | 13.30 | 9.25 | 41.3 |
| Maize | 13.65 | 9.66 | 41.3 |
| Ragi | 17.25 | 17.33 | -0.5 |
| Tur | 50.50 | 32.41 | 55.8 |
| Moong | 52.25 | 40.65 | 28.5 |
| Urad | 50.00 | 35.84 | 39.5 |
| Cotton | 38.60 | 28.89 | 33.6 |
| Ground nut shell | 42.20 | 33.71 | 25.2 |
| Sunflower Seed | 39.50 | 34.79 | 13.5 |
| Soyabean | 27.75 | 18.52 | 49.8 |
| Sesamum | 50.00 | 41.88 | 19.4 |
| Nigerseed | 38.25 | 33.66 | 13.6 |
| Wheat | 16.25 | 7.97 | 103.9 |
| Barley | 13.25 | 8.16 | 62.4 |
| Gram | 40.00 | 22.41 | 78.5 |
| Masur (Lentil) | 39.50 | 21.74 | 81.7 |
| Rapeseed | 37.00 | 18.71 | 97.8 |
| Safflower | 37.00 | 30.49 | 21.4 |




# കമ്യൂണിസ്റ്റ്– കോൺഗ്രസ് സർക്കാരുകളുടെ പിടിപ്പുകേടിന്റെയും നയരൂപീകരണത്തിന്റെ പാളിച്ചകളുടെയും അഴിമതിയുടെയും ഉത്തമ ദൃഷ്ടാന്തമാണ് കെ.എസ്.ആർ.ടി.സി

ക്കുന്നവർക്ക് ദുരിതകാലമാണ്. മത്സ്യമേഖലയിലെ ബോട്ടിൽനിന്ന് ഒരൊറ്റ യാത്രക്ക് സംസ്ഥാനസർക്കാരിന് നികുതിയായി 15840 രൂപവരെ (2018ലെ കണക്ക്) കിട്ടുന്നുണ്ട്. ഒരു ബോട്ട് മിനിമം 30 പ്രാവശ്യമെങ്കിലും കടലിൽപ്പോയാൽ സർക്കാരിന് 4.75 ലക്ഷം വരെ ഒരു വർഷം നികുതിപ്പണം കിട്ടുന്നുണ്ട്. എന്നാൽ സംസ്ഥാനസർക്കാർ ഈ മേഖലയെ നിഷ്കരുണം ദ്രോഹിക്കുകയാണ്. ട്രോളിംഗ് ബോട്ടുകളുടെ നികുതി വർഷത്തിൽ 5250 രൂപ ആയിരുന്നത് ഒറ്റയടിക്ക് 2.5 ലക്ഷം അതായത് പത്തിരട്ടി ആക്കിയത് ഈ ഇടതുസർക്കാരാണ്. ഇതേ സമയം മറ്റു സംസ്ഥാന സർക്കാരുകൾ ഡീസലിനും ബോട്ടിനും സബ്സിഡി നല്കുന്നുണ്ട്. ഉദാഹരണത്തിന് ഗുജറാത്ത് സർക്കാർ ലിറ്ററൊന്നിന്നു 12 രൂപയും മഹാരാഷ്ട്ര സർക്കാർ ഒരു ബോട്ടിനു വർഷത്തിൽ 90000 രൂപയും സബ്സിഡി ആയി നല്കുന്നുണ്ട്. പ്രളയകാലത്ത് കേരളത്തിന്റെ സൈന്യമാണെന്ന് പറഞ്ഞു സുഖിപ്പിച്ചുവിട്ട ഒരു വിഭാഗത്തിനെ സഹായിക്കാൻ അവരുടെ പട്ടിണി മാറ്റുവാൻ സംസ്ഥാന സർക്കാർ ഒന്നുംതന്നെ ചെയ്യുന്നില്ല എന്നുമാത്രമല്ല ഉപദ്രവിക്കുകകൂടി ചെയ്യുന്നു എന്നത് മാധ്യമങ്ങൾപോലും മറന്നുപോയി.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. സംവിധാനം ഏർപ്പെടുത്തിയത് ബി.എം.എസിന്റെ നേതാക്കൾ പ്രധാനമന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഭാഗമായിട്ടാണ്. ആയിരക്കണക്കിന് ഓട്ടോറിക്ഷ തൊഴിലാളികൾക്കും മറ്റു പല അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഇത് വലിയ സഹായകമായി. അതേസമയം കേരളത്തിലെ കെട്ടിട തൊഴിലാളി ക്ഷേമപെൻഷൻ തടസ്സപ്പെട്ടിട്ട് ഏതാണ്ട് 6 മാസമായി. KIFBI യെക്കാൾ 3 ഇരട്ടിയാണ് സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സംസ്ഥാനസർക്കാർ കമ്പനി ഈ വർഷം കടം വാങ്ങിയത്. KSSPL 2019-2020 വർഷത്തിൽ 6843 കോടിയാണ് കടമായി വാങ്ങിയത്. ഇത്രയെല്ലാം കടം ബഡ്ജറ്റിന് പുറമെ വാങ്ങിയിട്ടും സംസ്ഥാന സർക്കാർ നല്കുന്ന കെട്ടിട നിർമ്മാണ പെൻഷൻ 6 മാസമായി കുടിശ്ശികയാണ്. പിണറായി സർക്കാരിന്റെ പിടിപ്പുകേടിനു ഇതിലും വലിയ തെളിവ് എന്താണ് വേണ്ടത്?

തൊഴിലാളികളെ മാത്രമല്ല സകല ജനങ്ങളെയും കേരളസർക്കാർ വഞ്ചിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് കോടിക്കണക്കിന് രൂപയാണ് മാർക്സിസ്റ്റ് നേതാക്കളും അവരുടെ അനുയായികളും കൂടി തട്ടിയെടുത്തത് എന്ന വാർത്ത ബധിരരെപ്പോലും കരയിപ്പിച്ചുകളഞ്ഞു. ആടിനെ വിറ്റും കുടുക്ക പൊട്ടിച്ചും ജനങ്ങളും കുട്ടികളും നല്കിയ പണമാണ് മാർക്സിസ്റ്റുകാർ കൈയ്യിട്ടുവാരി സ്വന്തമാക്കിയത്.

സംസ്ഥാനസർക്കാരിന്റെ ധാർഷ്ട്യത്തിന്റെയും അല്പബുദ്ധിയുടെയും മറ്റൊരു ഉദാഹരണമാണ് കെ-റെയിലിന് ചിലവാക്കിയ 65 കോടി രൂപ. ഏതൊരു വലിയ പദ്ധതിക്കും ആദ്യം തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ട ഡീറ്റെയിൽസ് പ്രൊജക്ട് റിപ്പോർട്ട് (DPR) പോലും സംസ്ഥാന സർക്കാർ പുറത്തിറക്കിയത് ഏറെ വിവാദങ്ങൾക്കുശേഷം മാത്രമാണ്. ആ DPRപോലും കേന്ദ്ര റെയിൽവെ



**സംസ്ഥാന സർക്കാരുകളുടെ നിരുത്തരവാദപരമായ തീരുമാനങ്ങളുടെ ഭാഗമായാണ് ഇന്ന് കേരളത്തിലെ തൊഴിൽമേഖലയുടെ ഒരു പ്രധാന ഭാഗമായ എസ്റ്റേറ്റ് തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ.**

ബോർഡിന്റെ സാമ്പത്തിക വിഷയങ്ങളിലുള്ള ചോദ്യങ്ങൾക്കോ എന്തിന് സാമാന്യ ജനങ്ങളുടെ സംശയങ്ങൾക്കോ പോലുമുള്ള ഉത്തരങ്ങൾ നല്കുന്നവയായിരുന്നില്ല.

മുഖ്യമന്ത്രിയുടെ ഇടവും വലവും നിന്നിരുന്ന രണ്ടു പ്രധാന ഉദ്യോഗസ്ഥരിൽ ഒരാൾ ജയിലിലും മറ്റൊരാൾ ജയിലിലേക്കുള്ള യാത്രയിലുമാണ്. മുഖ്യമന്ത്രിയുടെ നിഴൽപോലെ നിന്ന എം. ശിവശങ്കർ ഐ.എ.എസ്. എന്ന മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും അമ്പലത്തേക്കാൾ വലിയ പ്രതിഷ്ഠ എന്ന പ്രയോഗം പോലെ സി.എമ്മിനെക്കാൾ വലിയ സി.എം. ആയ സി.എം. രവീന്ദ്രനും ലൈഫ് മിഷന്റെ അഴിമതിക്കേസിൽ പ്രതികളായി ജയിലിലേക്ക് പോകുകയാണ്. ദരിദ്രരിൽ ദരിദ്രരായ ആളുകൾക്ക് 420 SQFT വീടിന്റെ നിർമ്മാണത്തിൽനിന്നുപോലും ഈ ഉദ്യോഗസ്ഥർ കോടികൾ തട്ടിയപ്പോൾ ഇതൊന്നും ലൈഫ്മിഷന്റെ ചെയർമാനായ മുഖ്യമന്ത്രി അറിയില്ലെന്ന് പറഞ്ഞാൽ ആ മുഖ്യമന്ത്രിയെ ആ പണിക്ക് കൊള്ളില്ല എന്നാണ് അർത്ഥം. എന്നാൽ ഇരുവരെയും മുഖ്യമന്ത്രിയും കമ്യൂണിസ്റ്റ് പാർട്ടിയും സംരക്ഷിക്കുന്നതിന് ശ്രമിക്കുന്നത് കാണുമ്പോൾ ഉറപ്പാണ് ഈ പണം ആരുടെ കൈകളിലാണ് ഇത് എത്തിയതെന്ന് ഏതു മരമണ്ടന്മാർക്കും മനസ്സിലാകും.

കേരളത്തിലെ എല്ലാ വികസനമുരടിപ്പിനും സാമ്പത്തിക പരാധീനതക്കും ഏക കാരണം കേന്ദ്ര സർക്കാർ നല്കുവാനുള്ള പലതരം കുടിശ്ശിക ആണെന്നാണ് കേരളത്തിലെ ധനകാര്യമന്ത്രിയുടെ അടക്കം പല മന്ത്രിമാരുടെയും സി.പി.ഐ.എം. നേതാക്കളുടെയും പ്രചാരണം. എന്നാൽ ആർ.എസ്.പി. എം.പി. എം.കെ. പ്രേമചന്ദ്രന്റെ ലോക്സഭയിലെ ചോദ്യത്തിന് നിർമ്മല സീതാരാമൻ നല്കിയ മറുപടി മലയാളികളുടെ കണ്ണു തുറപ്പിക്കുന്നതും മാർക്സിസ്റ്റ് പാർട്ടിയുടെ നുണക്കഥകളുടെ നടുവൊടിക്കുന്നതുമായ ഒന്നായിരുന്നു. മറുപടിയിൽ പറഞ്ഞ പ്രധാന കാര്യം സംസ്ഥാനസർക്കാർ 2017 മുതൽ ഇന്നേവരെ ഒരു വർഷംപോലും ജി.എസ്.ടി. നഷ്ടപരിഹാരത്തിനായി സി & എ.ജി. സർട്ടിഫൈഡ് സ്റ്റേറ്റ്മെന്റ് കേന്ദ്രസർക്കാരിന് നല്കിയിട്ടില്ല എന്നാണ്. അപ്പോൾ സംസ്ഥാനസർക്കാരിന് ജി.എസ്.ടി. വരുമാനത്തിൽ എന്തോ മറച്ചുവെക്കാനോ അല്ലെങ്കിൽ അനധികൃതമായ വരുമാനമോ സ്വന്തക്കാർക്കുള്ള തിരിമറിയോ നടക്കുന്നുണ്ട് എന്ന് സ്പഷ്ടം. അതുകൊണ്ടാണല്ലോ സംസ്ഥാനത്തെ നികുതി കേന്ദ്രത്തിന്റെ മുന്നിലുള്ള പ്രസിദ്ധമായ ഇരുമ്പ് വ്യാപാരിയുടെ ഭീകര നികുതി വെട്ടിപ്പ് കണ്ടുപിടിച്ച്, മുതലാളിയെ നിയമത്തിനുള്ളിലാകുവാൻ കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി. ഇന്റലിജൻസിന് വരേണ്ടവന്നത്. കേരളത്തിലെ പിരിച്ചെടുക്കാത്ത നികുതിത്തുക 21,797.86 കോടി രൂപയാണെന്ന് സി & എ.ജി. സാക്ഷ്യപ്പെടുത്തുന്നു. ഇത് സംസ്ഥാനത്തെ ആകെ വരുമാനത്തിന്റെ 22.23 ശതമാനം വരുമെന്നത് കേരളത്തിലെ ഇടതുസർക്കാരിന്റെ കഴിവുകേടിനെയും വൻകിട മുതലാളിമാരെ സഹായിക്കുന്ന മനഃസ്ഥിതിയെയും വ്യക്തമാക്കുന്നു. ഇതേ സമയം ചെറിയ നികുതിയോ വൈദ്യുതി കുടിശ്ശികയോ വരുത്തുന്ന ചെറുകിടക്കാരെയും പാവപ്പെട്ടവരെയും കുടുംബങ്ങളെയും ഈ സർക്കാർ ജപ്തിനടപടിയിലൂടെ പീഡിപ്പിക്കുകയാണ്. ഇങ്ങനെ നികുതിയും മറ്റു വരുമാനങ്ങളും പിരിച്ചെടുക്കാതെ കുത്തകമുതലാളിമാർക്ക് സൗജന്യം നല്കിയാണ് ഈ ഭരണകൂടം കേരളത്തെ കടക്കെണിയിൽ ആക്കിയത്.

ഇതിനെയെല്ലാം മറികടക്കുവാൻ പിണറായി സർക്കാർ ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകുന്ന കണ്ണുപൊട്ടുന്ന കള്ളക്കണക്കുമായി ജനങ്ങളെ പറ്റിക്കുവാൻ ശ്രമിക്കുകയാണ്. സംസ്ഥാനത്തെ പുതിയ വ്യാവസായിക നേട്ടങ്ങളുടെ പട്ടിക പുറത്തിറക്കിക്കൊണ്ട് സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി പി.രാജീവും മുഖ്യമന്ത്രി പിണറായി വിജയനും കൂടി പറഞ്ഞത് കേരളത്തിൽ 122637 സംരംഭങ്ങൾ, 7498 കോടിരൂപയുടെ നിക്ഷേപം, 264463 തൊഴിൽ അവസരങ്ങൾ എന്നിവ ഒരു വർഷത്തിനുള്ളിൽ തുടങ്ങി വികസനത്തിൽ ചരിത്രം സൃഷ്ടിച്ചു സംസ്ഥാന സർക്കാർ എന്നാണ്. പിണറായി സർക്കാറിന്റെ ബി ടീമായ കോൺഗ്രസ്സ് പാർട്ടിയും പ്രതിപക്ഷ നേതാക്കൾപോലും ചോദ്യംചെയ്യാതിരുന്ന ഈ തട്ടിപ്പുകണക്കുകൾ ഒരു ദൃശ്യമാധ്യമം പുറത്തുകൊണ്ടുവന്നപ്പോൾ കമ്യൂണിസ്റ്റ് അനുഭാവികൾപോലും സംസ്ഥാന സർക്കാരിനെതിരായി. ഈ കണക്കിൽ 62 വർഷംമുൻപ് തുടങ്ങിയ വർക്ക്ഷോപ്പും പൂട്ടിയ ബാർബർഷോപ്പും അച്ഛന്റെ പേരിൽനിന്ന് മകന്റെ പേരിലേയ്ക്ക് മാറ്റിയ മരുന്നുകടയും അടക്കം എല്ലാം ഉൾപ്പെടുത്തി സർക്കാരിന്റെ സഹായമൊന്നുമില്ലാതെ തുടങ്ങിയ പച്ചക്കറി കടയും പൂട്ടിക്കിടന്ന ബേക്കറിയും പെട്ടിക്കടയും അടക്കം കണക്കിൽപെടുത്തിയാണ് ഈ അത്ഭുത വികസനചരിത്രം സർക്കാർ ഉണ്ടാക്കിയത്. ഇത് സത്യസന്ധരായ കേരളജനതക്കുതന്നെ നാണക്കേടായി മാറിയിരിക്കുന്നു. ഇതിന്റെ കൂടെ വായിക്കേണ്ട മറ്റൊരു കണക്ക് തൊഴിലില്ലായ്മയുടെതാണ്. തൊഴിലില്ലായ്മ നിരക്ക് ഗുജറാത്ത് 2.3%, കർണ്ണാടക 2.5%, മഹാരാഷ്ട്ര 3.1%, ആയി ദേശീയ ശരാശരിക്കും താഴെ നില്ക്കുമ്പോൾ കേരളം അതിലും നമ്പർ വൺ ആവാനുള്ള ഭീകര ശ്രമത്തിൽ 7.4% എത്തിനില്ക്കുന്നു. അസം 4.7% ആണ്. മാർക്സിസ്റ്റ് അണികളുടെയും പുരോഗമനവാദികളുടെയും നിരന്തരം അവഹേളനമേറ്റുവാങ്ങുന്ന യോഗി ആദിത്യനാഥിന്റെ ഉത്തരപ്രദേശിൽ തൊഴിലില്ലായ്മ നിരക്ക് 4.3% ആയി നമ്മളെക്കാൾ വളരെയേറെ പുറകിൽ ആണെന്നു കൂടി നമ്മൾ മനസ്സിലാക്കണം. അപ്പോഴേ കേരളത്തിലെ യുവാക്കൾ പലായനം ചെയ്യുന്നതിന്റെ, കർഷകർ ഒളിച്ചോടി ഇസ്രായേലിൽ പോകുന്നതിന്റെ യഥാർത്ഥ ചിത്രം മനസ്സിലാകുകയുള്ളു.

കമ്യൂണിസ്റ്റ് പാർട്ടി ഇന്ന് കേരളത്തിനൊരു ബാധ്യതയാകുകയാണ് എന്ന് അവർതന്നെ പറഞ്ഞുതുടങ്ങിയിരിക്കുന്നു. ഇതുപോലൊരു ഏരിയ കമ്മിറ്റി കേരളത്തിലൊരിടത്തും കാണില്ല. പുത്തലത്ത് ദിനേശൻ എന്ന സിപിഎം നേതാവ് ആലപ്പുഴയിൽവെച്ച് സി.പി.എം. യോഗത്തിൽതന്നെ വിമർശനമുയർത്തിയിരിക്കുന്നു. എൽ.സി. സെക്രട്ടറിയുടെ അശ്ലീല സംഭാഷണം, സിപിഎം. കാരന്റെ തന്നെ കടയാക്രമിച്ച സംഭവം, താലൂക്കാശുപത്രിയിൽ നടത്തിയ ആക്രമണം, ക്വട്ടേഷൻ ഗുണ്ടാപ്രവർത്തനം, ജില്ലാ നേതാവിന്റെ മയക്കുമരുന്നുകച്ചവടം, ഡി.വൈ.എഫ്.ഐ.യിൽ ക്രിമിനലുകൾ കൂടുന്നു എന്നിങ്ങനെ നാളിതുവരെ ജനങ്ങൾ പറഞ്ഞിരുന്ന ആരോപണങ്ങൾ സത്യസന്ധരായ അണികൾതന്നെ സമ്മേളനത്തിൽ ഉയർത്തിക്കാട്ടുന്നു. കണ്ണൂരെല്ലാം പാർട്ടി നേതാവാരാണ്, ഏതാണ് ഗുണ്ടാ ക്വട്ടേഷൻ നേതാവ് എന്ന് തിരിച്ചറിയാൻ പറ്റാത്തവിധം പാർട്ടി "വളർന്നു" കഴിഞ്ഞു. പല ജില്ലകളിലും പാർട്ടിയെക്കാൾ പ്രവർത്തകരിൽ സ്വാധീനം ഇത്തരം ക്രിമിനൽ നേതാക്കൾക്കാണ്.




**സംസ്ഥാനസർക്കാരിന്റെ ധാർഷ്ട്യത്തിന്റെയും അല്പബുദ്ധിയുടെയും മറ്റൊരു ഉദാഹരണമാണ് കെ–റെയിലിന് ചിലവാക്കിയ 65 കോടി രൂപ.**

ചുരുക്കത്തിൽ പറഞ്ഞാൽ പിണറായി വിജയന്റെ ഭരണത്തിൽ പാർട്ടി ഒട്ടാകെ ഏതാണ്ട് ഒരു സ്വകാര്യ പട്ടാളമായും കൊള്ളസംഘമായും മാറിക്കഴിഞ്ഞു. ഇതുപോലൊരു പാർട്ടി ലോകത്തെങ്ങും കാണില്ലെന്ന് പൊതുജനം പറഞ്ഞുതുടങ്ങിയപ്പോഴാണ് പുത്തലത്ത് ദിനേശന്റെ ദീനരോദനം. ഈ പാർട്ടിക്കിനി ഒരു തിരിച്ചുപോക്ക് ഇല്ല. ഒരു രാഷ്ട്രീയ നവോത്ഥാനത്തിന് നേതൃത്വം നല്കുവാൻ ത്രാണിയില്ലാത്ത ഒരു നേതാക്കളൊന്നുപോലുമില്ലാത്ത പ്രസ്ഥാനങ്ങളെപ്പോലെ കമ്യൂണിസ്റ്റ് പാർട്ടി അതിന്റെ അവസാനശ്വാസം വലിക്കുകയാണ്. അതിന്റെ അന്ത്യകർമ്മങ്ങൾ നടത്തുക എന്ന പുണ്യകർമ്മം മാത്രമാണ് ഇനി മലയാളികൾക്കുള്ള സത്വരമായ ജനാധിപത്യകർത്തവ്യം.

## നിരീക്ഷണങ്ങൾ വിശകലനങ്ങൾ



**കല്ലറ അജയൻ**
9446751163

# കേരള നവോത്ഥാനം മിഥ്യയും സത്യവും



**ഇടുക്കിയിലെ കോഴിക്കാനത്ത് ഇന്നുമുള്ള രാജമന്നാൻ (മന്നാൻമാർ എന്ന ട്രൈബൽ വിഭാഗത്തിന്റെ രാജാവ്) ഇപ്പോഴും രാജചിഹ്നങ്ങളോടെ വർഷത്തിലൊരിക്കൽ തിരുവിതാംകൂർ രാജാവിനെ കാണാനെത്തുന്ന പതിവുണ്ട്.**

നവോത്ഥാനം renaissance (റെനൈസ്വാൻസ്) എന്ന ഇംഗ്ലീഷ് പദത്തിനു തത്തുല്യമായി മലയാളത്തിലുപയോഗിക്കുന്ന ഒന്നാണ്. യൂറോപ്പ് കേന്ദ്രിതമായ (Eurocentre) നമ്മുടെ പഠന ഗവേഷണ മനോഭാവത്തിന്റെ ഉപലഭ്യമാണ് ഈ പദവും. യൂറോപ്പിൽ സംഭവിച്ചതൊക്കെ ഇവിടെയും സംഭവിച്ചു എന്നു വരുത്തിത്തീർക്കാൻ ഒരുപറ്റം ചരിത്രകാരന്മാർ ശ്രമിച്ചതിന്റെ അനന്തരഫലമാണ് കേരളനവോത്ഥാനം എന്ന സങ്കല്പം. യൂറോപ്പുപോലെ അത്രമാത്രം വലിയ അപരിഷ്കൃതത്വമോ അടിച്ചമർത്തലുകളോ ഒന്നും സത്യത്തിൽ കേരളത്തിലുണ്ടായിരുന്നില്ല. ഒരു നവോത്ഥാനം കൊണ്ടു പരിഹരിക്കേണ്ട സാമൂഹ്യപ്രശ്നങ്ങളും നമുക്കുണ്ടായിരുന്നില്ല. പടിഞ്ഞാറൻ പക്ഷപാതികളും ഇടതുപക്ഷക്കാരും കേരളത്തെ ഒരു പ്രാകൃത സമൂഹമായി ചിത്രീകരിക്കാൻ ശ്രമിച്ചു. സംഘകാലം മുതൽ തന്നെ സാമൂഹ്യസമത്വത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കിയിരുന്ന കേരളസമൂഹത്തിന്റെ മാനവികതയെ ആരും ശ്രദ്ധിക്കുകയോ പഠനവിധേയമാക്കുകയോ ചെയ്തില്ല. ഒരു കൂട്ടം ബ്രാഹ്മണർ കാലാന്തരത്തിൽ അടിച്ചേല്പിച്ച കുറെ തിന്മകളെമാത്രം പെരുപ്പിച്ചു കാണിക്കാനും വിവേകാനന്ദൻ ഒരു പ്രത്യേക സന്ദർഭത്തിൽ പറഞ്ഞ ഭ്രാന്താലയം എന്ന രൂപകത്തെ പർവ്വതീകരിക്കാനുമാണ് ഇക്കൂട്ടർ മുതിർന്നത്.

സംഘകാല കേരളത്തിൽ പിൽക്കാലത്ത് താഴ്ന്ന ജാതിക്കാരായി കണക്കാക്കിയിരുന്ന പല വിഭാഗങ്ങളും സമൂഹത്തിൽ വലിയ സ്ഥാനം വഹിച്ചിരുന്നതായി കാണാം. സംഘകാല കവികളിൽപോലും പലരും ഈ വിഭാഗങ്ങളിൽനിന്നും വന്നവരാണ്. മാങ്കുടി മരുതനാർ വെള്ളാൻ എന്ന സമുദായക്കാരനായിരുന്നു. മറ്റു പല കവികളും പാണരും പറയരുമായിരുന്നു ഈ വിഭാഗങ്ങൾ. തുടർന്നും സമൂഹത്തിൽ ഉയർന്ന സ്ഥാനത്തുതന്നെ തുടർന്നിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. തിരുവനന്തപുരത്തുള്ള പുലയനാർകോട്ട, നെടുമങ്ങാടിനടുത്തുള്ള കൊക്കോതമംഗലം, കോതമംഗലം, ചടയമംഗലം എന്നിവിടങ്ങളിലെല്ലാം തിരുവിതാംകൂർ രാജാവിന്റെ സാമന്തന്മാരായ പുലയരാജാക്കന്മാർ കോട്ടകൾകെട്ടി വസിച്ചിരുന്നതായും ഏകദേശം 19–ാം നൂ

റ്റാണ്ടിന്റെ അന്ത്യത്തോളം അതൊക്കെ നിലനിന്നിരുന്നതായും സൂചനകളുണ്ട്.

ഇടുക്കിയിലെ കോഴിക്കാനത്ത് ഇന്നുമുള്ള രജമന്നാൻ (മന്നാൻമാർ എന്ന ട്രൈബൽ വിഭാഗത്തിന്റെ രാജാവ്) ഇപ്പോഴും രാജചിഹ്നങ്ങളോടെ വർഷത്തിലൊരിക്കൽ തിരുവിതാംകൂർ രാജാവിനെ കാണാനെത്തുന്ന പതിവുണ്ട്. സമാനഭാവത്തിൽ അദ്ദേഹത്തെ രാജാവ് സ്വീകരിച്ച് സമ്മാനങ്ങൾ നല്കി അയക്കാറുണ്ട്. വടക്കൻ പാട്ടുകളിൽ കാര്യമായ ജാതി വ്യത്യാസങ്ങളില്ലാതെ നായർ, തീയർ വിഭാഗങ്ങൾ ഇടപഴകി കഴിഞ്ഞതിനു ധാരാളം സൂചനകൾ കാണാം. തച്ചോളി മാണിക്കോത്ത് (നായർ), പുത്തൂരംവീട് (തീയർ) ഈ രണ്ടുവിഭാഗത്തിലും പെട്ട വീരന്മാരെ സമഭാവനയോടെയാണ് വടക്കൻ പാട്ടുകളിൽ വർണ്ണിക്കുന്നത്. ഒതേനന്റെ അച്ഛൻ പുതുപ്പണത്തു വാഴുന്നവർ (ചീനംവീട്ടിൽ തങ്ങൾ)ക്ക് തീയരായ ഭാര്യമാരുണ്ടായിരുന്നു. ഉദയനക്കുറുപ്പിന്റെ അമ്മ ഉപ്പാട്ടിയും ഒരു തീയസ്ത്രീയായിരുന്നുവെന്ന് ചിലർ പറയുന്നുണ്ട്. ഒതേനന്റെ അമ്മയുടെ ദാസിയായ മാക്കം എന്ന തീയസ്ത്രീയിൽ ഒതേനന്റെ പിതാവിന് ജനിച്ച കണ്ടാച്ചേരി ചാപ്പനാണ് അദ്ദേഹത്തിന്റെ ആത്മമിത്രം. ഒതേനൻ പൊന്ന്യം പടയ്ക്കു പോയ പാട്ടിൽ ഇക്കാര്യങ്ങളുണ്ട്.

വടകര-ചാനിയംകടവ് റോഡിൽ തിരുവള്ളൂർ എന്നയിടത്ത് ഒതേനൻ തന്റെ ഗുരുവായിരുന്ന തേവർ വള്ളോൻ എന്ന പുലയ അഭ്യാസിക്കായി സ്ഥാപിച്ച ഒരു ക്ഷേത്രമുണ്ടത്രേ! പല ക്ഷേത്രങ്ങളിലും കാണിക്കാർ തുടങ്ങി ആദിവാസികൾക്ക് സവിശേഷമായ അധികാരങ്ങൾ നൂറ്റാണ്ടുകളായി നിലനിന്നുവരുന്നത് അറിവുള്ള കാര്യമാണ്. അത്തരത്തിലൊരു ക്ഷേത്രമാണ് തിരുവനന്തപുരം



**കൊല്ലംജില്ലയിലെ മലനട, പോരുവഴി ദുര്യോധനക്ഷേത്രത്തിൽ പൂജാരിമാരായുള്ളത് കുറവ സമുദായക്കാരാണ്. കടയ്ക്കൽ ഭദ്രകാളിക്ഷേത്രത്തിൽ പരമ്പരാഗതമായ നായർ കുറുപ്പന്മാരാണ് പൂജിക്കുന്നത്.**

ജില്ലയിൽ വെഞ്ഞാറമൂടിനടുത്തുള്ള വേങ്കമല. ലക്ഷക്കണക്കിനു ഭക്തരെത്തുന്ന ഒരു മഹാക്ഷേത്രമാണിത്. സസ്യേതര വഴിപാടുള്ള കന്യാകുമാരി ജില്ലയിലെ മണ്ടയ്ക്കാട് ക്ഷേത്രം ഹരിജനങ്ങൾക്കും നാടാർ ഹിന്ദുക്കൾക്കും പ്രത്യേക പരിഗണനയുള്ളതാണ്. കൊല്ലം ജില്ലയിലെ മലനട, പോരുവഴി ദുര്യോധനക്ഷേത്രത്തിൽ പൂജാരിമാരായുള്ളത് കുറവ സമുദായക്കാരാണ്. കടയ്ക്കൽ ഭദ്രകാളിക്ഷേത്രത്തിൽ പരമ്പരാഗതമായ നായർ കുറുപ്പന്മാരാണ് പൂജിക്കുന്നത്. കോഴിക്കോട് ജില്ലയിലെ വട്ടോളിയിൽ താമസിക്കുന്ന തീയ സമുദായക്കാർ വൈശ്യതീയർ എന്നാണ് അറിയപ്പെടുന്നത്. അവർ വൈശ്യരായിരുന്നുവെന്നു വിശ്വസിക്കുന്നു. പറയിപെറ്റ പന്തിരുകുലത്തെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളും ജാതിയുടെ പേരിലുള്ള ചേരിതിരിവിനെ സാധൂകരിക്കുന്നതല്ല.

ചാതുർവർണ്യത്തിലധിഷ്ഠിതമായ ഒരു ജാതിക്രമം കേരളത്തിലുണ്ടായിരുന്നുവെന്ന് സത്യസന്ധമായി ചരിത്രരചന നടത്തുന്ന ആർക്കും പറയാനാവില്ല. ചാതുർവർണ്യവും ഇന്ത്യയിൽ ഇന്നു കാണുന്ന ആറായിരത്തിലധികം വരുന്ന ജാതികളും തമ്മിൽ ഒരു ബന്ധവുമില്ല. എന്നിട്ടും ജാതിയെ ചാതുർവർണ്യവുമായി ബന്ധിപ്പിച്ച വിഡ്ഢി ചരിത്രകാരന്മാരുടെ കാലുതൊട്ടു വന്ദിക്കണം!! ഒരു സാധാരണ യുക്തികൊണ്ടുതന്നെ നമുക്കതിന്റെ പൊള്ളത്തരം മനസ്സിലാവും. ചാതുർ വർണ്യമാണ് ജാതി ഉണ്ടാക്കിയതെങ്കിൽ നാലു ജാതിയല്ലേ ഉണ്ടാവൂ. ആയിരക്കണക്കിനു ജാതികളെങ്ങനെയുണ്ടാവും?

ഈ മേൽസൂചിപ്പിച്ച വിഡ്ഢിച്ചരിത്രത്തിനെ പിൻപറ്റി കേരളത്തിൽ നടന്ന ജാതിവിരുദ്ധ കലാപങ്ങളാണ് കേരള നവോത്ഥാനം എന്നാണ് യൂറോപ്യൻ അനുകൂല ഇടതുപക്ഷചരിത്രകാരന്മാർ പ്രചരിപ്പിച്ചത്. സത്യത്തിൽ അങ്ങനെയൊരു നവോത്ഥാനം ഉണ്ടായിട്ടേയില്ല. ലോകത്തെല്ലാ സമൂഹങ്ങളിലും ആചാരങ്ങൾ, മൂല്യങ്ങൾ എന്നിവയെല്ലാം പരിഷ്കരിക്കപ്പെടും. അത്തരത്തിൽ ചില സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ മാ

ത്രമെ കേരളത്തിൽ നടന്നിട്ടുള്ളു. യൂറോപ്പിൽ സംഭവിച്ച നവോത്ഥാനമെന്ന പ്രക്രിയയുമായി ഈ പ്രവർത്തനങ്ങൾക്ക് ഒരു സാദൃശ്യവുമില്ല. യൂറോപ്യൻ നവോത്ഥാനം മുഖ്യമായും കലയിലും സാഹിത്യത്തിലുമാണ് നടന്നത്. സഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ സമ്പന്നമായ ഒരു കലാപാരമ്പര്യമുണ്ടായിരുന്ന കേരളത്തിന് (അത്തരം പെട്ടെന്നുള്ള ഒരു നവീകരണം ആ മേഖലയിൽ ആവശ്യമായിരുന്നില്ല. യൂറോപ്പിൽ മതനവീകരണ പ്രസ്ഥാനം (Reformation) വളരെ ഏറ്റുമുട്ടലുകൾക്കുശേഷമാണുണ്ടായത്. മതവിചാരണയും ക്രൂരമായ കൊലപാതകങ്ങളും Inquisition എന്നപേരിൽ നടത്തിയിരുന്ന പാശ്ചാത്യർക്ക് അത്തരം Reformation അനിവാര്യമായിരുന്നു. കേരളത്തിൽ കെട്ടുകല്യാണം, തിരണ്ടുകുളി, അയിത്തം, പുലപ്പേടി, മണ്ണാപ്പേടി, സ്മാർത്തവിചാരം തുടങ്ങി ഒരുപറ്റം അനാചാരങ്ങൾ തൂത്തെറിയേണ്ടതായി ഉണ്ടായിരുന്നു. അവ തൂത്തെറിയുന്നതിന് ഒരുകൂട്ടം സന്ന്യാസിവര്യന്മാർ പലപ്പോഴായി നയിച്ച പ്രവർത്തനത്തെ ഇടതുപക്ഷത്തെപ്പോലുള്ളവർ ' ഹൈജാക്ക് ചെയ്യാൻ നടത്തിയ ശ്രമങ്ങളെയാണവർ നവോത്ഥാനം എന്ന് ഓമനപ്പേരിട്ടു വിളിക്കുന്നത്.

കേരളത്തിൽ നടന്നു എന്നു പറയപ്പെടുന്ന സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളുമായി ഒരു ബന്ധവുമില്ലാത്ത ഇടതുപക്ഷപ്രസ്ഥാനം ഈ നവോത്ഥാനങ്ങളെല്ലാം അവരുടെ വളർച്ചയോടെയാണ് സംഭവിച്ചത് എന്ന് വീമ്പുപറയുന്നത് പഴയ കഥാപാത്രം എട്ടുകാലി മമ്മൂഞ്ഞിനെ അനുസ്മരിപ്പിക്കുന്ന പ്രവർത്തനമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമാണ് കേരളത്തിൽ ഊ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ ന



**കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് പക്ഷക്കാരായിരുന്ന എ.കെ.ജിയും പി.കൃഷ്ണപിള്ളയും പില്ക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരായിത്തീർന്നു എന്നതുമാത്രമാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റുകൾക്ക് ഈ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ആകെയുള്ള പങ്ക്.**

ടന്നത് (അക്കാലത്ത് കേരളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉടലെടുത്തിട്ടില്ലായിരുന്നു.) 1920 ൽ താഷ്ക്കന്റിൽ വെച്ച് കമ്മ്യൂണിസ്റ്റുകളുടെ കൂടിച്ചേരൽ നടന്നെങ്കിലും 1925-ൽ കാൺപൂരിൽ വച്ചാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉടലെടുക്കുന്നത്. അത് കേരളത്തിലെത്താൻ വീണ്ടും ഒരു ദശാബ്ദത്തോളം വേണ്ടിവന്നു. 1939-ൽ പിണറായി പാറപ്പുറത്താണ് കമ്മ്യൂണിസ്റ്റുകളുടെ ആദ്യ കൂടിച്ചേരൽ നടക്കുന്നത്. അപ്പോഴേയ്ക്കും കേരള നവോത്ഥാനം എന്നുപറയുന്ന പ്രക്രിയ സമ്പൂർണ്ണമായും സംഭവിച്ചുകഴിഞ്ഞിരുന്നു.

19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അയ്യ വൈകുണ്ഠപാദരിൽ ആരംഭിച്ച ഈ പരിഷ്കരണപ്രവർത്തനങ്ങൾ തുടർന്ന് ശ്രീനാരായണഗുരുദേവർ, ചട്ടമ്പിസ്വാമികൾ, വാഗ്ഭടാനന്ദൻ, സദാനന്ദസ്വാമികൾ തുടങ്ങിയ ഒരുപറ്റം യോഗിവര്യന്മാരിലൂടെ മുന്നോട്ടുനീങ്ങി. ഒടുവിൽ 1936-ലെ ക്ഷേത്രപ്രവേശനവിളംബരത്തോടെ ഏതാണ്ട് പൂർത്തീകരിച്ചു എന്നുപറയാം. ഗുരുവായൂർ സത്യാഗ്രഹം നടന്നപ്പോൾ അതിൽ പങ്കെടുത്ത കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് പക്ഷക്കാരായിരുന്ന എ. കെ.ജിയും പി.കൃഷ്ണപിള്ളയും പില്ക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരായിത്തീർന്നു എന്നതുമാത്രമാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റുകൾക്ക് ഈ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ആകെയുള്ള പങ്ക്. എന്നിട്ടും കേരള നവോത്ഥാനം ഇടതുപക്ഷം നയിച്ചതായും അത് വെറും ജാതിസമരമായിരുന്നുവെന്നും വരുത്തിത്തീർക്കാൻ അവർ ശ്രമിച്ചു. നാനാജാതിയിലുംപെട്ട ഹിന്ദുക്കൾ ഒത്തുചേർന്നു നടത്തിയതാണ് ഈ പ്രവർത്തനങ്ങൾ എന്നതാണ് യാഥാർത്ഥ്യം. വൈക്കം സത്യാഗ്രഹത്തിൽ ആദ്യം പങ്കെടുത്ത കുഞ്ഞാപ്പി പുലയനും ബാഹുലേയൻ ഈഴവനും ഗോവിന്ദപ്പണിക്കർ നായരുമായിരുന്നു. എല്ലാ സമരങ്ങളുടെയും സ്ഥിതി ഇതായിരുന്നു. എന്നിട്ടും അതൊക്കെ ജാതികലാപങ്ങളായിരുന്നുവെന്നു പ്രചരിപ്പിച്ച ഇടതുപക്ഷത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു.

## ESI പദ്ധതി ഒരാമുഖം

(കഴിഞ്ഞ ലക്കം തുടർച്ച)

# കേരളത്തിലെ ഇ.എസ്.ഐ. പ്രവർത്തനം




**ടി. വിജയൻ**

9847094262





ഇ.എസ്.ഐ.ആക്ട് ബാധകമായ സ്ഥാപനം പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ ഇ.എസ്.ഐ.സി. വെബ്സൈറ്റിൽ പോർട്ടൽ ആപ്ലിക്കേഷൻ ലോഗിൻചെയ്ത് 01 ഫോറം പൂരിപ്പിച്ച് തൊഴിലുടമയുടെ കോഡ് നമ്പറും പാസ് വേഡും സ്വീകരിക്കേണ്ടതാണ്. തൊഴിലുടമ കോഡ് നമ്പറും പാസ്സ് വേഡുംഉപയോഗിച്ച് ലോഗിൻ ചെയ്തതിനുശേഷം 'രജിസ്റ്റർ ന്യൂ IP' ലിങ്ക് ഉപയോഗിച്ച് നിലവിലുള്ള ഓരോ തൊഴിലാളിയേയും രജിസ്റ്റർ ചെയ്യേണ്ടതാണ്. പുതിയ തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടെയും ആവശ്യമായ വിവരങ്ങളും ചികിത്സക്കായി തെരഞ്ഞെടുക്കുന്ന ഡിസ്പെൻസറികളും നല്കി തൊഴിലാളികളെ പെട്ടെന്നു തന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ജീവനക്കാരെ ഇ.എസ്. ഐ.യിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന നമ്പർ അവർക്ക് ആജീവനാന്തം ഉപയോഗിക്കാവുന്നതാണ്. പുതിയൊരു സ്ഥാപനത്തിൽ ജോലിക്ക് ചേരുമ്പോൾ പഴയ ഇൻഷുറൻസ് നമ്പർതന്നെ തുടരേണ്ടതാണ്. വീണ്ടും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തൊഴിലാളികളുടെ പേർ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ കമ്പ്യൂട്ടറിൽനിന്നും ലഭിക്കുന്ന ഇ-പഹ്ചാൻ കാർഡ് (e-pehchan card) തൊഴിലാളികൾക്ക് ഇ.എസ്.ഐ. തിരിച്ചറിയൽ കാർഡായി ഉപയോഗിക്കാവുന്നതാണ്. ഇൻഷൂർ ചെയ്യപ്പെട്ട വ്യക്തിയുടെയും ആശ്രിതരായ കുടുംബാംഗങ്ങളുടെയും ഗ്രൂപ്പ് ഫോട്ടോ e-pehchan card ൽ ഒട്ടിച്ച് തൊഴിലുടമയുടെ ഒപ്പും സീലും പതിച്ചിരിക്കണം. പണമായുള്ള ആനുകൂല്യം ESI ബ്രാഞ്ച് ഓഫീസിൽനിന്നും ലഭിക്കുന്നതിനായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ തൊഴിലുടമ ബ്രാഞ്ച് ഓഫീസിൽ നല്കേണ്ടതാണ്.

**ഇ.എസ്.ഐ. കേരളത്തിൽ**

ഇ.എസ്.ഐ. പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങൾ സംബന്ധിച്ച് അതാത് സർക്കാരുകൾ തീരുമാനമെടുത്തതിനുശേഷം കോർപറേഷൻ പ്രത്യേകം വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും മേൽ പദ്ധതിയുടെ പ്രയോജനം ഉപയോഗപ്പെടുത്തുവാൻ സാധ്യമാകു. അതുപ്രകാരം 16-09-1956-ലാണ് കേരളത്തിൽ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലെ ഏഴ് കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി തുടങ്ങിയത്. ക്രമേണ കേരളത്തിലെ എല്ലാ പ്രധാന തൊഴിൽകേന്ദ്രങ്ങളിലും പദ്ധതി നടപ്പിലാക്കുകയും 01-02-2017-ൽ കേരളമൊട്ടാകെ പദ്ധതി നടപ്പാക്കുക എന്നലക്ഷ്യം കൈവരിക്കുകയുമുണ്ടായി. കേ

രളത്തിലിപ്പോൾ 52073 ഫാക്ടറികളും സ്ഥാപനങ്ങളും ഈ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 11 ലക്ഷത്തോളം തൊഴിലാളികളും 44 ലക്ഷത്തോളം ഗുണഭോക്താക്കളും പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. തൊഴിലാളികൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നല്കുന്നതിനായി കേരളത്തിൽ 54 ബ്രാഞ്ച് ഓഫീസുകളും ഒരു ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസും പ്രവർത്തിക്കുന്നു. ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസ് (DCBO) 12-09-2018-ൽ അടിമാലിയിൽ പ്രവർത്തനമാരംഭിച്ചു. ചികിത്സാ ആനുകൂല്യം നല്കുന്നതിനായി 146 ഈ.എസ്.ഐ. ഡിസ്പെൻസറികളും 9 ഈ.എസ്.ഐ. ആശുപത്രികളും സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോർപറേഷന്റെ നേരിട്ട് നിയന്ത്രണത്തിൽ കേരളത്തിൽ 3 ആശുപത്രികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും അതിവിദഗ്ദ്ധ (super speciality) ചികിത്സക്കായി 53 സ്വകാര്യ ആശുപത്രികളുമായി (സൗജന്യചികിത്സ) ESI കോർപറേഷൻ കരാറിലേർപ്പെട്ടിട്ടുണ്ട്.

അതിവിദഗ്ദ്ധ ചികിത്സക്കുള്ള നിബന്ധനകൾ: (29-10-2018 മുതൽ)

1. ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തി 6 മാസ വിഹിത കാലയളവിൽ 78 ദിവസത്തിൽ കുറയാത്ത വിഹിതം അടയ്ക്കുകയും ESI പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിനുശേഷം 6 മാസം പൂർത്തീകരിക്കുകയും ചെയ്തിരിക്കണം.
2. കുടുംബാംഗങ്ങൾക്ക് അതിവിദഗ്ദ്ധ ചികിത്സക്ക് അർഹത ലഭിക്കണമെങ്കിൽ തൊഴിലാളി ESI പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിനുശേഷം ഒരു വർഷം പൂർത്തിയാക്കുകയും ബന്ധപ്പെട്ട 2 വിഹിത കാലയളവിൽ 156 ദിവസത്തെ വിഹിതം അടച്ചിരിക്കുകയും വേണ്ടതാണ്.
3. കൂടാതെ തൊഴിലുടമ മാസം തോറുമുള്ള റിട്ടേണുകൾ ഫയൽ ചെയ്തിരിക്കുകയോ ESI റെഗുലേഷൻ 31 പ്രകാരം വിഹിതം അടക്കുകയോ ചെയ്തിരിക്കേണ്ടതാണ്.
4. അതിവിദഗ്ദ്ധ ചികിത്സ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ മാത്രമേ ലഭിക്കുകയുള്ളു.
5. ദീർഘകാല രോഗാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഇൻഷൂർ ചെയ്യപ്പെട്ട വ്യക്തിക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
6. പ്രസവാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന വ്യക്തിക്ക് അതിവിദഗ്ദ്ധ ചികിത്സക്ക് അർഹതയുണ്ട്.
7. തൊഴിൽ അപകടങ്ങൾക്ക് യാതൊരു നിബന്ധനകളും കൂടാതെ അതിവിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതാണ്.

**തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും അതിവിദഗ്ദ്ധ (super speciality) ചികിത്സക്കായി 53 സ്വകാര്യ ആശുപത്രികളുമായി (സൗജന്യചികിത്സ) ESI കോർപറേഷൻ കരാറിലേർപ്പെട്ടിട്ടുണ്ട്.**

ESI അംഗമായിരിക്കെ റിട്ടയർ ചെയ്തവർക്കും അവരുടെ ജീവിതപങ്കാളിക്കും കൂടാതെ തൊഴിൽ ചെയ്യുന്നതിനിടയിൽ വൈകല്യം സംഭവിച്ച് ജോലി നഷ്ടപ്പെട്ട വ്യക്തിക്കും ജീവിതപങ്കാളിക്കും പ്രതിവർഷം 120 (നൂറ്റി ഇരുപത് രൂപ) അടച്ചാൽ ചികിത്സാ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ആശ്രിത ആനുകൂല്യം കൈപ്പറ്റുന്ന വിധവകൾക്കും 120 രൂപ അടച്ചു ചികിത്സാ ആനുകൂല്യത്തിന് അർഹത നേടാവുന്നതാണ്.

**പണമായുള്ള ആനുകൂല്യം:**

ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്ക് അസുഖം, പ്രസവം, തൊഴിലില്ലായ്മ, തൊഴിൽ സംബന്ധമായ അപകടത്താൽ ഉണ്ടാകുന്ന അവശത, മരണം, തൊഴിൽജന്യമായ രോഗങ്ങൾ എന്നിവമൂലം വേതനം നഷ്ടപ്പെട്ടാൽ, പണമായുള്ള ആനുകൂല്യം ബ്രാഞ്ച് ഓഫീസ് മുഖാന്തിരം നല്കുന്നതാണ്. തൊഴിൽനഷ്ടത്തിന് ഒരു അംഗീകൃത ഡോക്ടറുടെയോ മെഡിക്കൽ ബോർഡിന്റെയോ സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണ്.

**ESI ആനുകൂല്യങ്ങൾ - അർഹതാ നിബന്ധനകൾ**

**1.a) രോഗാനുകൂല്യം:** ബന്ധപ്പെട്ട 6 മാസത്തെ വിഹിതകാലയളവിൽ 78 ദിവസത്തെ വിഹിതം അടച്ചിരിക്കണം. ശരാശരി വേതനത്തിന്റെ 70% (എഴുപത്) നിരക്കിൽ അടുത്തടുത്ത രണ്ട് ആനുകൂല്യകാലയളവിൽ 91 (തൊണ്ണൂറ്റിഒന്ന്) ദിവസത്തെ വേതനം.

**b) വർദ്ധിച്ച രോഗാനുകൂല്യം:** മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധന ട്യൂബക്ടമിക്ക് 14 ദിവസവും വാസക്ടമിക്ക് 7 ദിവസവും ശരാശരി വേതനത്തിന്റെ 100% ആവശ്യമെങ്കിൽ ഡോക്ടറുടെ ഉപദേശ പ്രകാരം കാലയളവ് നീട്ടാവുന്നതാണ്.

**c) ദീർഘകാല രോഗാനുകൂല്യം:** ESI നിർണ്ണയിച്ച 34(മുപ്പത്തിനാല്) ദീർഘകാല രോഗങ്ങൾക്ക് അസുഖം ആരംഭിച്ച തിയ്യതിക്ക് തൊട്ടുമുമ്പുള്ള 2 വർഷത്തെ പരിരക്ഷിത തൊഴിലും പ്രസ്തുത 4 വിഹിത കാലയളവിൽ ചുരുങ്ങിയത് 156 ദിവസത്തെ വിഹിതവും അതിൽ ഒരു വിഹിത കാലയളവിലെങ്കിലും 78 ദിവസത്തെ വിഹിതം ഉണ്ടായിരിക്കണം. ശരാശരി വേതനത്തിന്റെ 80% നിരക്കിൽ 309 ദിവസം വരെ. മെഡിക്കൽ ബോർഡ് ശുപാർശ പ്രകാരം 730 ദിവസം വരെ ദീർഘിപ്പിക്കാവുന്നതാണ്.

**2. അവശതാ ആനുകൂല്യം:**

**a) താല്ക്കാലിക അവശതാ ആനുകൂല്യം (തൊഴിൽ അപകടം – പരിക്ക്)**

തൊഴിൽ അപകടം മൂലമുണ്ടാകുന്ന പരിക്കുകൾക്ക് തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ വിഹിത നിബന്ധനകളില്ലാതെ ആനുകൂല്യം നല്കുന്നു. ശരാശരിവേതനത്തിന്റെ 90% നിരക്കിൽ അവശത നിലനില്ക്കുന്നിടത്തോളം കാലം.

**b) തൊഴിൽജന്യ രോഗങ്ങൾ:**

ESI പട്ടികയിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും തൊഴിൽജന്യരോഗങ്ങൾ സ്പെഷ്യൽ മെഡിക്കൽ ബോർഡിന്റെ പരിശോധനയിൽ സ്ഥിരീകരിച്ചാൽ തൊഴിൽ അപകടമായി പരിഗണിച്ചുകൊണ്ട് ആനുകൂല്യം നല്കുന്നതാണ്. ശരാശരി വേതനത്തിന്റെ 90% നിരക്കിൽ.

**c) സ്ഥിര അവശത ആനുകൂല്യം:**

തല്ക്കാലിക അവശത, മെഡിക്കൽ ബോർഡിന്റെ തീരുമാനമനുസരിച്ച് സ്ഥിര അവശതയാണെന്ന് അംഗീകരിച്ചാൽ സമ്പൂർണ്ണ സ്ഥിര അവശതയ്ക്ക് ശരാശരി വേതനത്തിന്റെ 90% വും സ്ഥിരമായ ഭാഗീക അവശതകൾക്ക് വരുമാന ശേഷിയുടെ നഷ്ടത്തിന്റെ ആനുപാതികമായും ആജീവനാന്തം ലഭിക്കുന്നു.

**3. ആശ്രിത ആനുകൂല്യം:**

തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ തൊഴിൽ അപകടംമൂലം മരണപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക്. ശരാശരി വേതനത്തിന്റെ 90% നിശ്ചിത അനുപാതത്തിൽ (1) വിധവയ്ക്ക് ആജീവനാന്തമോ പുനർവിവാഹംവരെയോ (2) ആശ്രിതരായ ആൺകുട്ടികൾക്ക് 25 വയസ്സുവരെ (3) ആശ്രിതരായ പെൺകുട്ടികൾക്ക് വിവാഹിതരാകുന്നതുവരെ (4) വൈകല്യമുള്ള കുട്ടികൾക്ക് വൈകല്യം നിലനില്ക്കുന്നിടത്തോളം കാലം (5) ആശ്രിതരായ മാതാപിതാക്കൾക്ക് ആജീവനാന്തം.

**4. പ്രസവ ആനുകൂല്യം:**

പ്രസവ തിയ്യതിക്കോ പ്രസവം പ്രതീക്ഷിക്കുന്ന തിയ്യതിക്കോ തൊട്ടുമുൻപുള്ള ഒന്നോ രണ്ടോ വിഹിത കാലയളവിൽ 70 ദിവസത്തിൽ കുറയാത്ത വിഹിതം അടച്ചിരിക്കണം. ശരാശരി വേതനത്തിന്റെ 100% നിരക്കിൽ.

a) ജീവിച്ചിരിക്കുന്ന 2 കുട്ടികൾ വരെ 26 ആഴ്ച, മൂന്നാമത്തെ കുട്ടി മുതൽ 12 ആഴ്ച, ഗർഭം അലസലിന് 6 ആഴ്ച, ഗർഭധാരണം ഗർഭപാത്ര ദാതാവിനെ ഏല്പിക്കുന്ന മാതാവിന് 12 ആഴ്ച, കുട്ടിയെ ദത്തെടുക്കുന്ന മാതാവിന് 12 ആഴ്ച.

**5. ചികിത്സാ ആനുകൂല്യം:**

അലോപ്പതി ചികിത്സക്കൊപ്പം ആയുർവ്വേദം, ഹോമിയോപ്പതി, യോഗ, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സകളും കോർപറേഷൻ നല്കിവരുന്നു. രാജ്യത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ഡിസ്പെൻസറികളിലും ഈ സൗകര്യം ലഭ്യമാണ്.

തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ തൊഴിലാളിക്കും കുടുംബാംഗങ്ങൾക്കും വൈദ്യപരിരക്ഷ. ഭാര്യ/ഭർത്താവ്, 18 വയസ്സുവരെയുള്ള ആൺകുട്ടികൾ (വിദ്യാഭ്യാസം തുടരുന്നുണ്ടെങ്കിൽ 21 വയസ്സുവരെ) അവിവാഹിതരായ പെൺമക്കൾ, വൈകല്യങ്ങളുള്ള ആശ്രിതരായ മക്കൾ, ആശ്രിതരായ മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു. അതു



പോലെ അവിവാഹിതരും മാതാപിതാക്കൾ ജീവിച്ചിരിക്കുന്നില്ലാത്തവരുമായ പരിരക്ഷിത വ്യക്തിയുടെ പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ ആശ്രിതരാണെങ്കിൽ അവരും ഉൾപ്പെടുന്നു. ജോലിയിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ ജോലിയിൽ തുടരുന്നിടത്തോളം കാലവും അവസാന ആനുകൂല്യ കാലയളവ് തീരുന്നതുവരെയും. 5 വർഷത്തിൽ കുറയാതെ തൊഴിലിൽ തുടർന്നതിനുശേഷം പരിരക്ഷിത വ്യക്തിയായിരിക്കെ വിരമിക്കൽ പ്രായം എത്തിയത് മൂലമോ സ്വമേധയാ പിരിഞ്ഞുപോകൽ പദ്ധതി പ്രകാരമോ വിരമിക്കൽപ്രായമെത്താതെ വിരമിക്കുന്ന പരിരക്ഷിത വ്യക്തിക്കും ജീവിതപങ്കാളിക്കും വർഷത്തിൽ 120 രൂപ അടച്ച് ചികിത്സ ആനുകൂല്യം നേടാവുന്നതാണ്. പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്ന വ്യക്തി മരണപ്പെട്ടാൽ വിധവയ്ക്ക് ആശ്രിതാനുകൂല്യം ലഭിക്കുന്നതാണ്.

**മറ്റു ആനുകൂല്യങ്ങൾ:**

പ്രസവസംബന്ധമായ ചെലവുകൾ: ESI പദ്ധതിയുടെ കീഴിൽ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലത്തുവെച്ച് പ്രസവം നടക്കുകയാണെങ്കിൽ ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീ തൊഴിലാളികളും ഭാര്യയുടെ പ്രസവത്തിന് ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തികളും തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാം ദിവസം മുതൽ അർഹരാണ്. ഒരു പ്രസവത്തിന് 5000 രൂപ നിരക്കിൽ 2 പ്രസവം വരെ.

**മൃതശരീര സംസ്കാര ചെലവുകൾ:**

ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലിൽ പ്രവേശിക്കുന്ന ഒന്നാംദിവസം മുതൽ പദ്ധതിയുടെ ഏതെങ്കിലും ആനുകൂല്യത്തിന് അർഹത ഉള്ളിടത്തോളംകാലം പരിരക്ഷിത വ്യക്തി മരണപ്പെട്ടാൽ മൃതശരീരസംസ്കാരച്ചെലവുകൾക്കായി പരമാവധി 15000/ (പതിനയ്യായിരം) എന്ന നിബന്ധനക്ക് വിധേയമായി യഥാർത്ഥ ചെലവ്.

തൊഴിലില്ലായ്മ വേതനം (R.G.S.K.Y)

വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ, റീട്രഞ്ച്മെന്റ്, ജോലിക്കിടയിലല്ലാതെയുള്ള അപകടംമൂലമുള്ള ജോലിനഷ്ടം തുടങ്ങിയ സാഹചര്യങ്ങളിലെ തൊഴിൽനഷ്ടപ്പെടുന്നവർക്ക് (1) പരമാവധി 24 മാസം ആദ്യ 12 മാസങ്ങളിൽ ശരാശരി വേതനത്തിന്റെ 50% നിരക്കിലും പിന്നീടുള്ള 12 മാസം 25% നിരക്കിലും (2) തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന വ്യക്തികളുടെ വൈദഗ്ദ്ധ്യ വർദ്ധനക്കായി ഒരു വർഷം വരെ തൊഴിൽ പരിശീലനം (3) ഗവണ്മെന്റ് അംഗീകൃത സ്ഥാപനങ്ങൾ ഈടാക്കുന്ന മുഴുവൻ തുകയും ESI കോർപറേഷൻ തിരികെ നല്കുന്നതായിരിക്കും. (4) തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന കാലയളവിൽ തൊഴിലാളിക്കും കുടുംബാംഗങ്ങൾക്കും വൈദ്യ പരിരക്ഷ.

**തൊഴിൽ പുനരധിവാസ പരിശീലനം:**

45 വയസ്സിൽ കൂടാത്ത പരിരക്ഷിത വ്യക്തിക്ക് തൊഴിലപകടം മൂലമുണ്ടാകുന്ന (40%ൽ കുറയാത്ത ശാരീരിക വൈകല്യം – തൊഴിൽ പരിശീലനം തുടരുന്നിടത്തോളം കാലം സ്ഥാപനം ഈടാക്കുന്ന തുകയോ 123 (നൂറ്റിഇരുപത്തിമൂന്ന്) രൂപയോ ഏതാണ് കൂടുതൽ അത് ലഭ്യമാക്കും. കൂടാതെ സാധാരണ യാത്രാക്കൂലിയും അനുവദിക്കും.

പരിരക്ഷിത വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും – കൃത്രിമ അവയവങ്ങൾക്കുള്ള സംവിധാനം:

തൊഴിൽ അപകടമോ സാധാരണ അപകടങ്ങൾമൂലമോ ഉണ്ടാവുന്ന അവയവന

ഷ്ടം, ചികിത്സാ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പരിരക്ഷിത വ്യക്തിക്ക്, കൃത്രിമ അവയവ കേന്ദ്രത്തിൽ തുടരുന്നിടത്തോളം കാലം ശരാശരി വേതനത്തിന്റെ 100%വും വൈദ്യപരിരക്ഷയും കൃത്രിമ അവയവ കേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രാക്കൂലിയും കൃത്രിമ അവയവകേന്ദ്രത്തിലെ അനുബന്ധ ചെലവുകളും അനുവദിക്കുന്നതാണ്.

**അടിയന്തിര ചികിത്സ**

ആർക്കെങ്കിലും അടിയന്തര ചികിത്സ ലഭ്യമാക്കേണ്ട സാഹചര്യമുണ്ടായാൽ അയാൾക്ക് എത്രയും പെട്ടെന്ന് ആവശ്യമായ വൈദ്യശുശ്രൂഷ ലഭിക്കാൻ സൗകര്യമുള്ള ഏത് ആശുപത്രിയിൽ നിന്നും ചികിത്സ എടുക്കാവുന്നതാണ്. അങ്ങനെയൊരു സാഹചര്യമുണ്ടായാൽ കഴിയുന്നതും വേഗത്തിൽ മേൽവിവരം ബന്ധപ്പെട്ട ഈ.എസ്.ഐ. ഡിസ്പെൻസറിയിൽ അറിയിക്കേണ്ടതും തുടർന്ന് ESI യിൽനിന്ന് ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. രോഗിയെ ഡിസ്ചാർജ് ചെയ്യുമ്പോൾ, അടിയന്തര ചികിത്സ ലഭ്യമാക്കേണ്ട സ്ഥിതിയിലായിരുന്നു രോഗിയെ ആശുപത്രിയിൽ കൊണ്ടുവന്നിരുന്നതെന്ന സാക്ഷ്യപത്രം ചികിത്സിച്ച ആശുപത്രിയിൽനിന്ന് വാങ്ങി ESI യിൽ എത്തിക്കേണ്ടതാണ്. ഇങ്ങനെയുള്ള അവസരത്തിൽ ചികിത്സാചെലവായി തൊഴിലാളിക്ക് ചെലവായ പണം 'റീഇംബേഴ്സ്മെന്റായി' ESI യിൽനിന്ന് അനുവദിച്ചുതരുന്നതാണ്.

**തൊഴിൽ സംബന്ധമായ ആരോഗ്യ മാനേജ്മെന്റ്**

ആധുനിക ക്ലിനിക്കൽ ടെക്നോളജിക്കും മെഡിക്കൽ ഗവേഷണത്തിനും ഇതുവരെ അറിയപ്പെടാത്ത നിരവധി രോഗങ്ങളെ പലവിധ തൊഴിലുകളുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ ഇൻഷൂറൻസിൽനിന്നും മറ്റു സംയോജിത സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾക്കുമായി ESI സ്കീമിനുകീഴിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള മൂന്ന് കോടിയിൽപ്പരം തൊഴിലാളികളിൽ ഏകദേശം 50% വും തൊഴിൽസംബന്ധമായ രോഗങ്ങളുടെയും തൊഴിലുമായി ബന്ധപ്പെട്ട ആപത്തുകളുടെയും സാധ്യത നേരിടുന്നുണ്ട്. ഈ പാശ്ചാത്തലവും ഇൻഷൂവേർഡ് ജനസംഖ്യയിൽ തൊഴിൽ അപകടസാധ്യത നേരിടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യവും കണക്കിലെടുത്താണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് കോർപറേഷൻ അഞ്ച് സോണൽ ഒക്യുപ്പേഷണൽ - ഡിസീസസ്-കം-റിസർച്ച് സെന്ററുകൾ സ്ഥാപിച്ചത്, ഈ സെന്ററുകൾ സ്ഥാപിച്ചത് വ്യവസായ തൊഴിലാളികളുടെ തൊഴിൽപരമായ ആരോഗ്യ മാനേജ്മെന്റിന്റെ കാര്യത്തിൽ നിർണ്ണായക പുരോഗതിയും വലിയൊരു കാൽവെപ്പുമാണ്. ജീവനക്കാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിൽ തൊഴിലുടമകൾക്കുള്ള പങ്ക് ഒഴിവാക്കാൻ പറ്റുന്നതല്ല. തൊഴിൽസംബന്ധമായ ആപത്തുകൾക്കെതിരെ തൊഴിലാളികളുടെ സംരക്ഷണത്തിന് പാരിസ്ഥിതിക ആസൂത്രണം പോലുള്ള പ്രതിരോധ നടപടികളും അടിസ്ഥാന സുരക്ഷാനടപടികളും ആവിഷ്കരിക്കുന്നതും തുടർന്നുവരികയാണ്. ആയതിന്റെ ഭാഗമായിട്ടാണ് ദൽഹി,നാഗ്ദ (എം.പി), കൊൽക്കത്ത, ചെന്നൈ, പൂന എന്നിവിടങ്ങളിലായി അഞ്ച് സോണൽ ഒക്യുപ്പേഷണൽ ഡിസീസസ്-കം-റിസർച്ച് സെന്ററുകൾ സ്ഥാപിച്ചത്.

ഗുണഭോക്താക്കൾക്ക് പൊതുവെ ആധുനിക ചികിത്സാരീതിയിലാണ് (അലോപ്പതി) മെഡിക്കൽ ശുശ്രൂഷ നല്കുന്നതെങ്കിലും ഇൻഷൂർ ചെയ്യുന്ന വ്യക്തികൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് (1) ആയുർവ്വേദം (2) ഹോമിയോപ്പതി (3) യുനാനി (4) സിദ്ധ മുതലായ പരമ്പരാഗത ചികിത്സാരീതികളും



ലഭ്യമാക്കുന്നുണ്ട്.

സ്കീമിനു കീഴിലുള്ള മെഡിക്കൽ സൗകര്യങ്ങൾ ആവശ്യമുള്ള നിലവാരത്തിലാണെന്ന് ഉറപ്പ് വരുത്താനുള്ള ലക്ഷ്യത്തോടെ ESI കോർപറേഷൻ ഡിസ്പെൻസറികൾ, ആശുപത്രികൾ, പാനൽ ക്ലിനിക്കുകൾ എന്നിവയിൽ ഇടയ്ക്കിടെ പരിശോധനകൾ നടത്തുന്നതിന് മെഡിക്കൽ റഫറികളും ഡെപ്യൂട്ടി മെഡിക്കൽ കമ്മീഷണർമാരും പോലുള്ള മെഡിക്കൽ ഓഫീസർമാരെ നിയിച്ചിട്ടുണ്ട്.

**പരാതിപരിഹാരം**

പരാതികളുടെ സ്വഭാവ വിശേഷമനുസരിച്ച് വ്യത്യസ്ത തലത്തിൽ പരാതികൾ സമർപ്പിക്കാവുന്നതാണ്.



**ഇഎസ്ഐ കോർപറേഷൻ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള പരിരക്ഷിത വ്യക്തിയുടെ മക്കൾക്ക് നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ ഇഎസ്ഐ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും.**

a) ESIC ബ്രാഞ്ച് ഓഫീസുമായി ബന്ധപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച പരാതികൾ തൃശൂർ റീജിയണൽ ഓഫീസ്, എറണാകുളം സബ്റീജിയണൽ ഓഫീസ്, കൊല്ലം സബ് റീജിയണൽ ഓഫീസ്, തിരുവനന്തപുരം സബ് റീജിയണൽ ഓഫീസ്, കോഴിക്കോട് സബ് റീജിയണൽ ഓഫീസ് എന്നിവിടങ്ങളിൽ പബ്ലിക് ഗ്രീവൻസ് ഓഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്.

b) ESI സ്കീമിനു കീഴിൽ മെഡിക്കൽ ആനുകൂല്യങ്ങൾ, ESI ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഡയറക്ടർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തൈക്കാട്, തിരുവനന്തപുരം, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ RDD സൗത്ത് സോൺ കൊല്ലം, RDD സെന്റർ സോൺ, എറണാകുളം North, RDD North Zone (കോഴിക്കോട്), തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ (മുളംകുന്നത്ത് കാവ്), തൃശൂർ (ഒളരിക്കര) കോഴിക്കോട് (ഫറോക്ക്), കണ്ണൂർ (തോട്ടട) പാലക്കാട് (ജൈനമേട്) എന്നിവിടങ്ങളിലെ ESI ഹോസ്പിറ്റൽ സൂപ്രണ്ടുമാർ എന്നിവർക്ക് നല്കാവുന്നതാണ്.

c) കേരള റീജിയണിലുള്ള ESIC ആശുപത്രികളെ സംബന്ധിച്ച പരാതികൾ ESIC മോഡൽ & സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആശ്രമം (കൊല്ലം), ESIC ഹോസ്പിറ്റൽ, എറണാകുളം (പത്തലം ജംഗ്ഷൻ), ESIC ഹോസ്പിറ്റൽ ഏഴുകോൺ (കൊല്ലം) എന്നിവിടങ്ങളിൽ സമർപ്പിക്കാം.

d) കേരള റീജിയണിലെ എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ പരാതികളും സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ, റീജിയണൽ ഓഫീസ്, ESIC തൃശൂർ - 680020 എന്നിവർക്ക് സമർപ്പിക്കാം.

**MBBS/B.D.S. അഡ്മിഷനുള്ള സംവരണം:**

ESI കോർപറേഷൻ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള പരിരക്ഷിത വ്യക്തിയുടെ മക്കൾക്ക് NEET (നീറ്റ്) റാങ്കിന്റെ അടിസ്ഥാനത്തിൽ ESI മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും. വിശദവിവരങ്ങൾ www. esic.nic.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**അടൽ ബീമിത് വ്യക്തി കല്യാൺ യോജന:**

വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിരമോ താല്ക്കാലികമോ ആയ അടച്ചുപൂട്ടൽ, തൊഴിലവസരങ്ങളുടെ കുറവ് കൊണ്ടുള്ള പിരിച്ചുവിടൽ എന്നിവമൂലമുണ്ടാകുന്ന തൊഴിൽനഷ്ടത്തിന്റെ തൊട്ടുമുമ്പുള്ള 4 വിഹിത കാലയളവിൽ ഓരോന്നിലും കുറഞ്ഞത് 78 ദിവസത്തെയെങ്കിലും വിഹിതം അടച്ചിരിക്കുകയോ അടക്കേണ്ടതായിരിക്കുകയോ വേണം. പ്രാരംഭമായി 2 വർഷത്തേത് പരമാവധി 90 ദിവസം ശരാശരി വേതനത്തിന്റെ 25% (01-07-18 മുതൽ 30-06-20202 വരെ)

അവലംബം : ESIC

**(അവസാനിച്ചു)**

## കവിത

# വേരുകൾ

**കല്ലറ അജയൻ**

(1)നുണയാൽ പുതപ്പിച്ചു മയക്കിക്കിടത്തിയ
മലനാടിനെക്കാണാൻ തെല്ലുമേയില്ലഭംഗി
പണ്ടൊക്കെ ദൈവത്തിന്റെ സ്വന്തമണ്ണാണെന്നെന്റെ
അച്ഛനും മുത്തച്ഛനും അഭിമാനിച്ചിരുന്നു.
ഇപ്പൊഴോ പിശാചിന്റെ (2)തുമുലം കാലൊച്ചകേ-
ട്ടെൻമനം നടുങ്ങുന്നു ഈ നാടും വിറയ്ക്കുന്നു
പണ്ടു മാബലിവാണ നാടിതിലിപ്പോൾ പക്ഷേ
(3)വിരുതൻ ശങ്കുമാർതൻ വിരുതേ കാണാനുള്ളു
ഒരിക്കൽ വേലുത്തമ്പി വാൾപ്പിടിയുയർത്തിയ
മിടുക്കിൻ കഥയിപ്പോളാർക്കുമേയോർമ്മയില്ല
കുഞ്ഞാലി കടൽനീലക്കയങ്ങൾ നീന്തിച്ചെന്നു
പറങ്കിപ്പടയോടു നേർത്തതും മറന്നുപോയ്
ഒതേനൻ കച്ചകെട്ടിക്കളരിഭരിച്ചതും
(4)മങ്ങാട്ടച്ചന്മാർ നാട്ടിൽ നീതിക്കായ് വിയർത്തതും
(5)കുളച്ചൽ ലന്തക്കാരെ മുഴുക്കെത്തുലച്ചതും
ഇരവിക്കുട്ടിപ്പിള്ള പടയിൽ അടിഞ്ഞതും
(6)പരിചാരകൻ കാളി ഒറ്റയ്ക്കു കുതിച്ചതും
(7)വൈക്കത്തെ പത്മനാഭൻ വ്യാഘ്രത്തെമുടിച്ചതും
മറന്നൂ പുതുമക്കാർ വേരുകൾ നഷ്ടപ്പെട്ടോർ
അടിവേരറ്റാൽ പക്ഷേ മറിയും മഹാവൃക്ഷം



---

(1) ഇപ്പോഴത്തെ കേരളമാധ്യമങ്ങൾ മുഴുവനും നുണയാണല്ലോ പ്രചരിപ്പിക്കുന്നത്.

(2) തുമുലം - വലിയ കോലാഹലശബ്ദം

(3) കാരാട്ട് അച്യുതമേനോന്റെ നോവലിലെ നായകനായ കള്ളൻ

(4) മങ്ങാട്ടച്ഛൻ - സാമൂതിരിമാരുടെ മന്ത്രിമാർ

(5) കുളച്ചൽ യുദ്ധം - ലന്തക്കാർ - ഡച്ചുകാർ

(6) ഇരവിക്കുട്ടിപ്പിള്ളയുടെ തലവീണ്ടെടുക്കാൻ പോയ പരിചാരകൻ കാളിനായർ

(7) ടിപ്പുവിനെ മൈസൂർ വ്യാഘ്രം (കടുവ) എന്നാണല്ലോ പറഞ്ഞിരുന്നത്. വൈക്കം പത്മനാഭപിള്ള ടിപ്പുവിന്റെ കാലിൽവെട്ടി. അതുകാരണമാണ് തിരുവിതാംകൂർ ആക്രമിക്കാതെ ടിപ്പു മടങ്ങിയത്.

# വനിതാ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ

**തിരുവനന്തപുരം:** വനിതാജീവനക്കാർക്ക് കേന്ദ്രഗവണ്മെന്റ് അനുവദിച്ച പ്രത്യേക ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാരായ വനിതകൾക്ക് നല്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് സാമൂഹ്യപ്രവർത്തകയും ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന സമിതിയംഗവുമായ അഡ്വ. അഞ്ജനദേവി ആവശ്യപ്പെട്ടു. കേരള എൻ.ജി.ഒ. സംഘിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വനിതാ ജീവനക്കാരുടെ ധർണ്ണ സെക്രട്ടറിയേറ്റ് പടിക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ.

കേന്ദ്ര ബഡ്ജറ്റിനെ പൊതുസമൂഹവും മാധ്യമങ്ങളും സ്വാഗതം ചെയ്തപ്പോൾ സംസ്ഥാന ബഡ്ജറ്റ് പൊതുസമൂഹത്തിന്റെ നട്ടെല്ല് ഒടിക്കുന്നതായിരുന്നു. കേന്ദ്രസർക്കാർ ജീവനക്കാർക്ക് ക്ഷാമാശ്വാസം പൂർണ്ണമായി നല്കി. ഇത്തവണത്തെ ബഡ്ജറ്റിലും രണ്ടു ഗഡു ക്ഷാമബത്ത ഉൾപ്പെടുത്തി. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാരെ സംസ്ഥാന ബഡ്ജറ്റ് പാടെ ഉപേക്ഷിച്ചു. കേന്ദ്രം ആദായനികുതി പരിധി ഏഴുലക്ഷമായി ഉയർത്തിയതും സാധാരണക്കാർക്ക് വലിയ ആശ്വാസമാണ്. സംസ്ഥാനസർക്കാർ ഓഫീസുകളിൽ വനിതാജീവിക്കാർക്കും പൊതുസമൂഹത്തിനും ആവശ്യമായ അടിസ്ഥാനസൗകര്യമില്ല. പിൻവാതിൽ നിയമനത്തിലൂടെ വനിതകളെയും പിന്നാക്ക വിഭാഗത്തെയും ഒഴിവാക്കുവാനുള്ള ശ്രമമാണ് ഇടതുഗവണ്മെന്റിന്റേത്. പങ്കാളിത്ത പെൻഷൻ പിൻവലിക്കുകയും ജീവനക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുകയും വേണമെന്നും അഞ്ജന ആവശ്യപ്പെട്ടു.

ജീവനക്കാർക്ക് ലഭ്യമാകേണ്ട ഡി.എ. കുടിശ്ശിക തീർത്തുനല്കണമെന്നും ലീവ് സറണ്ടർ അതാതു വർഷത്തിൽതന്നെ പണമായി നല്കണമെന്നും രൂക്ഷമായിരിക്കുന്ന വിലക്കയറ്റത്തെ പിടിച്ചുനിർത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന ജീവനക്കാർക്ക് തടഞ്ഞുവെച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, സർക്കാർ ഓഫീസുകളിൽ വനിതാജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ധർണ്ണയിൽ ഉന്നയിച്ചു.

എൻ.ജി.ഒ. സംഘ് സംസ്ഥാന വൈസ്പ്രസിഡന്റ് അനിതാ രവീന്ദ്രൻ, എൻ.ജി.ഒ. സംഘ് സംസ്ഥാന വനിതാപ്രസിഡന്റ് ടി. ആര്യ, സംസ്ഥാന ജനറൽസെക്രട്ടറി എസ്. അശ്വതി, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് റ്റി.എൻ. രമേഷ്, സംസ്ഥാന ജനറൽസെക്രട്ടറി എ. പ്രകാശ്, ആർ,ആർ.കെ. എം.എസ്. അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ പി. സുനിൽകുമാർ, ഫെറ്റോ ജനറൽസെക്രട്ടറി എസ്.കെ. ജയകുമാർ, യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘ് പ്രസിഡന്റ് ശ്രീലക്ഷ്മി, എൻ.ടി.യു. ഉപാദ്ധ്യക്ഷ മിനി ടീച്ചർ, സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് അംഗം ആശാ നായർ എന്നിവർ സംസാരിച്ചു.



**കേരള എൻ.ജി.ഒ സംഘ് വനിതാ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന സമിതിയംഗം അഡ്വ.അഞ്ജനാ ദേവി ഉദ്ഘാടനം ചെയ്യുന്നു.**

# വൈദ്യുതി ജീവനക്കാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

**തിരുവനന്തപുരം:** കെ.എസ്.ഇ.ബിയിൽ 8 മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കണമെന്ന് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ആവശ്യപ്പെട്ടു. വളരെ അപകടകരമായ ഈ മേഖലയിൽ തൊഴിലാളികൾക്ക് 12 മണിക്കൂറിലേറെ ജോലി ചെയ്യേണ്ടി വരുന്നത് അപകടങ്ങൾ ക്ഷണിച്ചു വരുത്തുമെന്നും റിട്ടയർമെന്റ് ഒഴിവുകളിൽ പോലും നിയമനങ്ങൾ നടത്താതെ തൊഴിലാളികളിൽ അമിതജോലി ഭാരം അടിച്ചേൽപ്പിക്കുകയാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

കോവിഡിന്റെ പേരിൽ തടഞ്ഞുവെച്ചിരിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങളായ ഡി.എ. കുടിശ്ശിക, ലീവ് സറണ്ടർ, സമയബന്ധിത പ്രമോഷനുകൾ എന്നിവ എത്രയും പെട്ടെന്ന് നല്കുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക, കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കുക, അപകടമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട മെഡിക്ലെയിം പദ്ധതി നടപ്പിലാക്കുക, പി.എസ്.സി. റാങ്ക്ലിസ്റ്റിൽപെട്ട കരാർ തൊഴിലാളികളെ ഉടൻ നിയമിക്കുക, ഫീൽഡ് ജീവനക്കാരുടെ അമിതമായ ജോലിഭാരം കുറയ്ക്കാൻ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുക, ഒഴിവുള്ള തസ്തികകളിൽ പിൻവാതിൽ കരാർ നിയമനങ്ങൾ നടത്താതെ പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുക. വൈദ്യുതി ഉല്പാദനരംഗത്ത് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക, ഇതുവഴി ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുക, ജനങ്ങൾക്കും വൈദ്യുതിബോർഡിനും ഉപകാരപ്രദമായ സ്മാർട്ട് മീറ്റർ പദ്ധതി ജീവനക്കാരുടെ ആശങ്ക പരിഹരിച്ചു എത്രയും പെട്ടെന്ന് നടപ്പിലാക്കുക, കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് തുരങ്കം വെയ്ക്കുന്ന രീതിയിൽ ഇടതുപക്ഷ ട്രെയ്ഡ് യൂണിയനുകൾ നടത്തുന്ന രാഷ്ട്രീയ പ്രേരിത സമരങ്ങൾ അവസാനിപ്പിക്കുക, നിലവിലെ പെൻഷൻഫണ്ടിനെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ പുറത്തുവിടുക, സംസ്ഥാനസർക്കാരുകളുടെ നയത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.ക്കുണ്ടായ ബാധ്യത സർക്കാർ ഏറ്റെടുക്കുക, കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സ്വകാര്യവൽക്കരണനയം തിരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ധർണ്ണ നടത്തിയത്.

സംസ്ഥാന പ്രസിഡന്റ് കെ.വി. മധുകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഗിരീഷ് കുളത്തൂർ, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അനിൽ വി. ആർ,കെ.എസ്.ടി. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി നായർ,ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ.ജയകുമാർ എന്നിവർ ധർണ്ണയ്ക്ക് അഭിവാദ്യം അർപ്പിച്ച് സംസാരിച്ചു. കെ.വി.എം.എസ്. സംസ്ഥാന ഉപാദ്ധ്യക്ഷന്മാരായ കെ.കൃഷ്ണൻകുട്ടി, എസ്.രാധാകൃഷ്ണൻ, റ്റി.മനോജ്, ട്രഷറർ പി.എസ്.മനോജ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പി.പി.സജീവ്, സെക്രട്ടറിമാരായ സതീഷ്കുമാർ കെ.എസ്.രാജേഷ് ഏഴുവന്തല, മഹേന്ദ്രരാജ് കെ.എസ്. എന്നിവർ നേതൃത്വം നൽകി.



**കേരള വൈദ്യുതി മസ്ദൂർ സംഘം സംഘടിപ്പിച്ച സെക്രട്ടറിയറ്റ് മാർച്ച് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.**

# ഭാരതം ലോകത്തിന് മാതൃക

## – ജസ്റ്റിസ് എൻ. നഗരേഷ്

**ആലപ്പുഴ:** ലോകം നിലനില്പിനായി ഇന്ന് ഭാരതത്തെ മാതൃകയാക്കുന്നതായി ഹൈക്കോടതി ജസ്റ്റിസ് എൻ. നഗരേഷ് അഭിപ്രായപ്പെട്ടു. ദേശീയ അധ്യാപക പരിഷത്ത് (എൻ.ടി.യു.) നാല്പത്തിനാലാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ബ്രിട്ടൻ അടക്കമുള്ള പാശ്ചാത്യലോകം ഭാരതത്തെ പരിഹസിച്ചിരുന്നു. കേവലം 16.1 ശതമാനം മാത്രം സാക്ഷരതയുള്ള ഭാരതീയർക്ക് ജനാധിപത്യം സംരക്ഷിക്കാനോ ആരോഗ്യസംരക്ഷണത്തിനോ ആഹാരവസ്തുക്കൾ കൃഷി ചെയ്തെടുക്കാനോ കഴിയില്ലെന്നായിരുന്നു പാശ്ചാത്യരുടെ വിലയിരുത്തൽ. എന്നാൽ ഭാരതത്തിലെ സാക്ഷരത 1947-ലെ 16 ശതമാനത്തിൽനിന്ന് 2023-ൽ 77 ശതമാനം കടന്നിരിക്കുന്നു. ''ജയ് ജവാൻ ജയ് കിസാൻ'' എന്നതുപോലെ ജയ് ഗുരു എന്നതും പ്രമാണമാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പട്ടിണി കിടന്ന് മരിക്കുമെന്ന് പാശ്ചാത്യർ പരിഹസിച്ച ഭാരതം ഇന്ന് ലോകരാജ്യങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ കയറ്റി അയക്കുന്നു. ആരോഗ്യരംഗത്ത് ഭാരതത്തിന്റെ നേട്ടം കോവിഡ് കാലത്ത് ലോകം അംഗീകരിക്കുന്നു. സോളാർ എനർജിയുടെ ഉപയോഗത്തിലും ഇന്ത്യ ലോകത്തിന് മാതൃകയാണ്.

ഭാരതീയർ പർവ്വതങ്ങളെയും വൃക്ഷങ്ങളെയും നദികളെയും പൂജിച്ചിരുന്നു. അതിന്റെ പേരിൽ പാശ്ചാത്യർ ഭാരതീയരെ പരിഹരിച്ചെങ്കിലും ഇന്ന് ലോകം ഭാരതത്തെ മാതൃകയാക്കുകയാണ്. ഭോഗത്തിലല്ല ത്യാഗത്തിലാണ് ഭാരതീയർ സന്തോഷം കണ്ടെത്തിയിരുന്നത്. നൂറ് കൈകൊണ്ട് സമ്പാദിച്ച് ആയിരം കൈകൊണ്ട് ദാനം ചെയ്യുക എന്നാണ് നമ്മുടെ രീതി. സകല ചരാചരങ്ങളിലും ഭാരതീയർ ദൈവത്തിന്റെ സാന്നിധ്യം കണ്ടെത്തിയിരുന്നു. ഭാരതത്തിന്റെ അടിസ്ഥാന മൂല്യങ്ങളാണ് ലോകത്തിന്റെ നിലനില്പിന് ആധാരം. ഇത് തിരിച്ചറിഞ്ഞ ലോകം ഭാരതത്തെ അനുകരിക്കുകയാണ്. അധ്യാപകരാണ് ഭാരതത്തിന്റെ ഉയർച്ചക്കാധാരം എന്നും ജസ്റ്റിസ് നഗരേഷ് പറഞ്ഞു.

സംസ്ഥാന പ്രസിഡണ്ട് പി.എസ്. ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. ഫെറ്റോ സംസ്ഥാന സെക്രട്ടറി എസ്.കെ. ജയകുമാർ, പെൻഷണേഴ്സ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി സി. സുരേഷ്കുമാർ, ഉന്നതാധ്യാപക സംഘ് സംസ്ഥാന വൈസ്പ്രസിഡന്റ് പ്രൊഫ. വി. രഘുനാഥ്, എ.ബി.വി.പി. സംസ്ഥാനസമിതിയംഗം അഖിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. സംസ്ഥാന ജനറൽസെക്രട്ടറി ടി. അനൂപ് കുമാർ സ്വാഗതവും സ്വാഗതസംഘം ജനറൽ കൺവീനർ എസ്. ഉമ നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സംസ്ഥാന സമിതിയംഗങ്ങളായ പി. പ്രേംചന്ദ്രൻ, പി.കെ. പ്രമോദ്, എം.വി. ജയരാജൻ, ടി.എ. നാരായണൻ എന്നിവർക്ക് യാത്രയയപ്പ് നല്കി. സംസ്ഥാന വൈസ്പ്രസിഡന്റ് ആർ. ജിഗി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി എ.ജെ. ശ്രീനി സ്വാഗതവും സംസ്ഥാന വനിതാ വിഭാഗം അദ്ധ്യക്ഷ പി. ശ്രീദേവി നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് നടന്ന വിദ്യാഭ്യാസ സമ്മേളനം ആർ.എസ്.എസ്. പ്രാന്ത കാര്യവാഹ് പി.എൻ. ഈശ്വരൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ്പ്രസിഡന്റ് കെ. സ്മിത അദ്ധ്യക്ഷയായി. സമാപന സമ്മേളനം ആർ.എസ്.എസ്. പ്രാന്തീയ കാര്യകാരി സദസ്യൻ എൻ.കെ. ബാലകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ്പ്രസിഡന്റ് എസ്. ശ്യാംലാൽ അദ്ധ്യക്ഷനായി. ബീച്ചിൽ നടന്ന പൊതുയോഗം ഹിന്ദു ഐക്യവേദി സംസ്ഥാന പ്രസിഡന്റ് കെ.പി. ശശികല ഉദ്ഘാടനം ചെയ്തു.

**ഭാരവാഹികൾ**

പ്രസിഡന്റ്: പി.എസ്. ഗോപകുമാർ (കൊല്ലം); വൈസ്പ്രസിഡന്റുമാർ: പി. വെങ്കപ്പ ഷെട്ടി (കാസർകോട്), കെ. സ്മിത (തൃശൂർ), ആർ. ജിഗി (കോട്ടയം), എസ്. ശ്യാംലാൽ (തിരുവനന്തപുരം); ജനറൽസെക്രട്ടറി: ടി. അനൂപ് കുമാർ (കോഴിക്കോട്); സെക്രട്ടറിമാർ: കെ. പ്രഭാകരൻ നായർ (കാസർഗോഡ്), എ.ജെ. ശ്രീനി (പാലക്കാട്), ടി.ജെ. ഹരികുമാർ (കൊല്ലം), കെ.വി. ബിന്ദു (എറണാകുളം); ട്രഷറർ: എം.ടി. സുരേഷ് കുമാർ (കണ്ണൂർ), വനിതാവിഭാഗം കൺവീനർ: പി. ശ്രീദേവി (തൃശൂർ), വനിതാ വിഭാഗം ജോയിന്റ് കൺവീനർമാർ: എ. സുജി

ത (കാസർഗോഡ്), ധനലക്ഷ്മി വിരിയറഴികത്ത് (കൊല്ലം); പ്രൈമറി വിഭാഗം കൺവീനർ: കെ.കെ. ഗിരീഷ് കുമാർ (തൃശൂർ); ഹയർ സെക്കണ്ടറി വിഭാഗം കൺവീനർ: ജി.എസ്. ബൈജു (തിരുവനന്തപുരം); ഉത്തരമേഖലാ സെക്രട്ടറി: കെ. ഷാജിമോൻ (തൃശൂർ); മധ്യമേഖലാ സെക്രട്ടറി: പി.ടി. പ്രദീപ് കുമാർ (മലപ്പുറം); ദക്ഷിണമേഖലാ സെക്രട്ടറി: ജെ. രാജേന്ദ്രക്കുറുപ്പ് (പത്തനംതിട്ട); മീഡിയാ കൺവീനർ: പി. സതീഷ് കുമാർ (കോഴിക്കോട്);

**സമിതിയംഗങ്ങൾ**

ആർ. ജയകൃഷ്ണൻ (കൊല്ലം), ബി. മനോജ് (പത്തനംതിട്ട), ഹരി ആർ. വിശ്വനാഥ് (ഇടുക്കി), എ. രമേഷ് കുമാർ (പാലക്കാട്), കെ.കെ. രാജേഷ് (പാലക്കാട്), രാജേഷ് തെരൂർ (കണ്ണൂർ), എ.വി. ഹരീഷ് കുമാർ (മലപ്പുറം), എൻ. ജയശ്രീ (മലപ്പുറം), ടി. കൃഷ്ണൻ (കാസർഗോഡ്); അരവിന്ദാക്ഷ ഭണ്ഡാരി (കാസർഗോഡ്); സംസ്ഥാനസമിതിയിലെ പ്രത്യേക ക്ഷണിതാക്കൾ: സിനി കൃഷ്ണപുരി (തിരുവനന്തപുരം), എം. സോജു (കണ്ണൂർ), ഐശ്വര്യ പറളി (പാലക്കാട്), കെ. സോമരാജൻ (മലപ്പുറം), കെ.എസ്. രേഷ്മ (കോഴിക്കോട്), വി.കെ. ഷാജി (തിരുവനന്തപുരം).

# യഥാർത്ഥ ചരിത്രപഠനം സാധ്യമാകണം

## – പി. ഗോപാലൻകുട്ടി മാസ്റ്റർ

**ആലപ്പുഴ:** വളച്ചൊടിച്ച ചരിത്ര പഠനം ദേശീയബോധമില്ലാത്ത തലമുറയെ സൃഷ്ടിക്കുമെന്നും യഥാർത്ഥ ചരിത്രം അധ്യാപകരിലൂടെയാണ് പകരേണ്ടതെന്നും ഭാരതീയ വിദ്യാനികേതൻ സംസ്ഥാനാദ്ധ്യക്ഷൻ പി. ഗോപാലൻകുട്ടി മാസ്റ്റർ അഭിപ്രായപ്പെട്ടു.

ദേശീയ അധ്യാപക പരിഷത്ത് നാല്പത്തിനാലാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന സുഹൃത് സമ്മേളനം നന്ദാവനം ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പൊതുവിദ്യാഭ്യാസം ദേശീയബോധമില്ലാത്ത തലമുറയെ സൃഷ്ടിക്കുകയാണെന്നും ലോകസമൂഹത്തിനു മുന്നിൽ ഭാരത മഹിമയെ താഴ്ത്തി കെട്ടുന്ന വിധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രത്തിനുവേണ്ടി ജീവിക്കുന്ന പൗരന്മാരെ സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ടെന്നും അങ്ങനെയല്ലാത്ത നിലവിലെ അവസ്ഥ വിദ്യാഭ്യാസ പ്രക്രിയയുടെ അപാകതയാണെന്നും ഗോപാലൻകുട്ടി മാസ്റ്റർ പറഞ്ഞു.

വ്യഥിതമായ സമൂഹത്തെ കരകയറ്റുക എന്ന മഹത്തായ ധർമ്മമാണ് ഭാരതം ഇപ്പോൾ അനുവർത്തിക്കുന്നത്. ഭാരതത്തിന്റെ ഗാംഭീര്യവും മഹത്വവും ലോകം വീക്ഷിക്കുന്നു. വിശ്വഗുരു പദവിയിലേക്കുയരാൻ ഭാരതത്തിന്റെ മൈത്രീഭാവം പകരുന്ന ശക്തിയാണ് നിദാനം. ഭാരതീയ വിദ്യാഭ്യാസ ദർശനത്തിലധിഷ്ഠിതമായി ചിന്തിക്കുമ്പോൾ വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട വിനയവും ആദരവും അന്യംനില്ക്കുന്നുവോ എന്ന ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് അധ്യാപകർ ആത്മബോധവും സ്വന്തം കടമകളെ കുറിച്ചുള്ള ബോധവും ദേശത്തിന്റെ നേട്ടങ്ങളെകുറിച്ച് അറിവുള്ളവരുമാകണം എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സമൂഹത്തിനുവേണ്ടി ജീവിക്കേണ്ടവരാണെന്ന ഉദ്ബോധനം കുട്ടികളിൽ ജീവിതത്തെ ലഹരിയാക്കാൻ സഹായിക്കുമെന്നും പുറമെ ലഹരിക്കുവേണ്ടി തിരയേണ്ടതായി വരില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സംസ്ഥാന വൈസ്പ്രസിഡന്റ് എം., വെങ്കപ്പ ഷെട്ടി അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ നഗരസഭ കൗൺസിലർ മനു ഉപേന്ദ്രൻ, രാഷ്ട്രീയ സ്വയംസേവക സംഘം ജില്ലാ സംഘചാലക് റിട്ടയേർഡ് കേണൽ എൻ.എസ്. രാംമോഹൻ, ബി.എം.എസ്. ജില്ലാസെക്രട്ടറി ബിനീഷ് ബോയ്, എൻ.ജി.ഒ. സംഘ് ജില്ലാപ്രസിഡന്റ് കെ.ആർ. വേണു, സ്വാഗതസംഘം പബ്ലിസിറ്റി ചെയർമാൻ എൻ. കൃഷ്ണപൈ എന്നിവർ ആശംസകളർപ്പിച്ചു. പ്രൈമറി വിഭാഗം സംസ്ഥാന കൺവീനർ കെ.കെ. ഗിരീഷ് കുമാർ സ്വാഗതവും ഹയർ സെക്കണ്ടറി വിഭാഗം സംസ്ഥാന കൺവീനർ ജി.എസ്. ബൈജു നന്ദിയും പറഞ്ഞു.

# പഠിക്കുന്നവനും പഠിക്കാത്തവനും തമ്മിലുള്ള അന്തരം അംഗീകരിക്കുന്നതാവണം വിദ്യാഭ്യാസം

## – ഡോ. കെ.എസ്. രാധാകൃഷ്ണൻ

**ആലപ്പുഴ:** ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തണമെങ്കിൽ പഠിക്കുന്നവനും പഠിക്കാത്തവനും തമ്മിലുള്ള അന്തരം അംഗീകരിക്കണമെന്ന് ഡോ. കെ.എസ്. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ദേശീയ അധ്യാപക പരിഷത്തിന്റെ 44-ാം സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം ആലപ്പുഴ നന്ദാവനം ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഴുവൻ കുട്ടികളെയും ജയിപ്പിച്ച് നൂറുശതമാനം റിസൽട്ട് ഉണ്ടാക്കി വീമ്പുപറയുകയും ലഡു വിതരണം ചെയ്യുകയും ചെയ്യുന്ന വിദ്യാഭ്യാസമന്ത്രി കേരളത്തെ മറ്റു സംസ്ഥാനങ്ങൾക്കു മുന്നിൽ ചെറുതാക്കുകയാണ്.

രോഗിയെ ശസ്ത്രക്രിയയിലൂടെ നിത്യരോഗിയാക്കുന്നതുപോലെയുള്ള നയമാണ് കേരളം സ്വീകരിച്ചിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസത്തെ താറുമാറാക്കുന്നതിൽ ഇടതുപക്ഷത്തിന്റെ സംഭാവന വളരെ വലുതാണ്. ചരിത്രം വസ്തുതകളുടെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ മാറ്റി എഴുതപ്പെടുകതന്നെ വേണമെന്നും ഡോ. കെ.എസ്. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഭരണഘടനപോലും നിരവധി തവണ ഭേദഗതി ചെയ്തിട്ടുണ്ട്. കാലാനുസൃതമായി ഇനിയും ഭേദഗതികൾ ആവശ്യമാണ്. അത്തരം ഭേദഗതികൾ പാടില്ലെന്ന വാശി അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഇന്ത്യയിലെ മികച്ചതൊന്നും നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായില്ല.

പാശ്ചാത്യരീതികളെ മികച്ചതാക്കി ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്ന കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ബാക്കിപത്രമാണ് ഇന്നും തുടരുന്നത്. ഇതിന് മാറ്റം വരുത്താനും ദേശീയതയിൽ അഭിമാനംകൊള്ളുന്ന യുവതലമുറയെ വാർത്തെടുക്കാനുമുള്ള ശ്രമമാണ് ദേശീയ വിദ്യാഭ്യാസ പദ്ധതിയിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനപ്രസിഡന്റ് പി. എസ്. ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ നഗരസഭാ കൗൺസിലർ ഹരികൃഷ്ണൻ എസ്. എൻ.ജി.ഒ. സംഘ് സംസ്ഥാന ജനറൽസെക്രട്ടറി എ. പ്രകാശ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽസെക്രട്ടറി അനൂപ് കുമാർ സ്വാഗതവും ട്രഷറർ എം.ടി. സുരേഷ്കുമാർ നന്ദിയും പറഞ്ഞു.



**ദേശീയ അദ്ധ്യാപക പരിഷത്ത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനം കാലടി സർവകലാശാലാ മുൻ വൈസ്ചാൻസലർ ഡോ.കെ.എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# ബജറ്റ് നിർദ്ദേശങ്ങൾ തൊഴിലാളികളോടുള്ള യുദ്ധപ്രഖ്യാപനം




**ബി.എം.എസ്. പാലക്കാട് കളക്ടറേറ്റിലേക്ക് നടത്തിയ പ്രതിഷേധമാർച്ച് സംസ്ഥാന ട്രഷറർ സി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**

**പാലക്കാട്:** സംസ്ഥാന ബജറ്റ് തൊഴിലാളികളോടുള്ള യുദ്ധപ്രഖ്യാപനമാണെന്ന് ബി.എം.എസ്. സംസ്ഥാന ഖജാൻജി സി. ബാലചന്ദ്രൻ പറഞ്ഞു. പാലക്കാട് കളക്ട്രേറ്റിലേയ്ക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ധന വിലവർദ്ധന ഉൾപ്പെടെയുള്ള ബജറ്റിലെ നികുതി നിർദ്ദേശങ്ങൾ കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ പരിശ്രമിക്കുന്ന കേരളത്തിലെ തൊഴിൽമേഖലയ്ക്ക് ഇരുട്ടടിയായി മാറിയിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേന്ദ്രഗവണ്മെന്റ് ഇന്ധനവില ഗണ്യമായി കുറച്ചപ്പോൾ, ഇതര സംസ്ഥാനങ്ങൾ 9 രൂപ മുതൽ 12 രൂപ വരെ കുറച്ചപ്പോൾ ഒരു നയാപൈസ പോലും കുറയ്ക്കാൻ തയ്യാറാവാത്ത സംസ്ഥാനസർക്കാർ 2 രൂപ സെസ് ഇനത്തിൽ വർദ്ധിപ്പിക്കുന്നത് ഇരുട്ടടിയാണെന്നും അദ്ദേഹം പറഞ്ഞു.

ബി.എം.എസ്. ജില്ലാ സെക്രട്ടറി വി. രാജേഷ്, കെ. സുധാകരൻ, പി.കെ. രവീന്ദ്രനാഥ്, പി.ജി. ശശിധരൻ, എസ്. അമർനാഥ്, പി. കെ. ബൈജു, വി. ശരത്, ആർ. ഹരിദാസൻ എന്നിവർ പ്രസംഗിച്ചു. മേഖലാ പ്രസിഡന്റ് എം. ദണ്ഡപാണി, ജി. വിപിൻ, വിജയരംഗം, കെ.ആർ. രാജൻ, വി.എം. വേലു, ഗുരുവായൂർകുട്ടി, യു. പരശു എന്നിവർ പ്രകടനത്തിന് നേതൃത്വം നല്കി.

**ചിറ്റൂർ:** ചിറ്റൂർ താലൂക്ക് ഓഫീസിലേയ്ക്ക് കേരള സർക്കാരിന്റെ ജനദ്രോഹ ബജറ്റിനെതിരെ സംഘടിപ്പിച്ച മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാനസമിതിയംഗം വി. ശിവദാസ് ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി വി. മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഖജാൻജി ടി. കുമരേശൻ, കെ.വി.എം.എസ്. ജില്ലാ വർക്കിങ് പ്രസിഡന്റ് സജിത്ത് എന്നിവർ സംസാരിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി എൻ. സുബ്രഹ്മണ്യൻ സ്വാഗതവും ഗിരീഷ് കുമാർ ആർ. നന്ദിയും പറഞ്ഞു. കണ്ണൻ, പരമേശ്വരൻ, രവീന്ദ്രൻ, ബാബു കെ. എന്നിവർ പ്രകടനത്തിന് നേതൃത്വം നല്കി.

**പത്തനംതിട്ട:** സംസ്ഥാന സർക്കാരിന്റെ ജനദ്രോഹ ബഡ്ജറ്റിനെതിരെ പത്തനംതിട്ട ടൗണിൽ നടത്തിയ സായാഹ്ന ധർണ്ണ ബി.എം.എസ്. ജില്ലാപ്രസിഡന്റ് എം.കെ. അരവിന്ദൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ്പ്രസിഡന്റ് വി.ജി. ശ്രീകാന്ത് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് പി.ജി. ഹരികുമാർ യമുനാദേവി, മേഖലാഭാരവാഹികളായ വി. രാജൻ പിള്ള, അനിൽകുമാർ, കെ. അരവിന്ദാക്ഷൻ, അരുൺകുമാർ എന്നിവർ സംസാരിച്ചു.

**കോന്നി:** സംസ്ഥാന ഗവണ്മെന്റിന്റെ ബജറ്റിലൂടെ തൊഴിൽമേഖലയോടും തൊഴിലാളികളോടും കാണിച്ചത് കൊടിയ വഞ്ചനയാണെന്ന് ബി.എം.എസ്. സംസ്ഥാനസെക്രട്ടറി ജി. സതീഷ്കുമാർ പറഞ്ഞു. കേരളത്തിൽ നിത്യോപയോഗസാധനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധനവിന് കാരണമാകുന്ന രീതിയിൽ ഇന്ധന നികുതിയും ജനങ്ങളുടെ ജീവിതം ദുസ്സഹമാകുന്ന തരത്തിൽ വെള്ളക്കരവും വൈദ്യുതി നിരക്കുമെല്ലാം വർദ്ധിപ്പിച്ചു



**ബി.എം.എസ്. ആലപ്പുഴ മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധ മാർച്ച് ജില്ലാ ജോയിന്റ് സെക്രട്ടറി എം.പി.പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.**

കൊണ്ട് ജനദ്രോഹപരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്, ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിനോ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാതെ ജനദ്രോഹ ബഡ്ജറ്റാണ് ഇടതുസർക്കാർ അവതരിപ്പിച്ചത്. കോന്നി ടൗണിൽ നടന്ന പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേഖലാ പ്രസിഡന്റ് രഞ്ജു അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി കെ.എൻ. സതീഷ് കുമാർ, ജില്ലാ ജോയിന്റ് സെക്രട്ടറി സി.എസ്. ശ്രീകുമാർ, എൻ.ജി.ഒ. സംഘ് ജില്ലാപ്രസിഡന്റ് എസ്. ഗിരീഷ്, മേഖലാ ജോയിന്റ് സെക്രട്ടറി പി. ബിനീഷ്, കെ.എസ്.ടി.ഇ. എസ്. ജില്ലാ വർക്കിങ് പ്രസിഡന്റ് സി.എ. ഗോപാലകൃഷ്ണൻ, എം.എ. വിശ്വനാഥൻ എന്നിവർ സംസാരിച്ചു.

**ഇടുക്കി** കേരളസർക്കാരിന്റെ തൊഴിലാളി വിരുദ്ധ ജനദ്രോഹ ബജറ്റിനെതിരെ അടിമാലി ടൗണിൽ ബി.എം.എസ്. നടത്തിയ ധർണ്ണ ഇടുക്കി ജില്ലാസെക്രട്ടറി എസ്.ജി. മഹേഷ് ഉദ്ഘാടനം ചെയ്തു.

ജില്ലാ ജോയിന്റ് സെക്രട്ടറി എം.പി. റെജികുമാർ അദ്ധ്യക്ഷം വഹിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് എൻ.ബി. ശശിധരൻ, ജില്ലാ ജോയിന്റ് സെക്രട്ടറി ഡി. ഡേവിഡ്, ജില്ലാസമിതിയംഗങ്ങളായ പി.ടി. ബാബു, പി.കെ. രതീഷ്, മേഖലാ പ്രസിഡന്റ് കെ.എ. സുഭാഷ് എന്നിവർ സംസാരിച്ചു.

**വരാപ്പുഴ(എറണാകുളം)** സംസ്ഥാന ജനവിരുദ്ധ ബജറ്റ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വരാപ്പുഴ മാർക്കറ്റ് ജംഗ്ഷനിൽ പ്രതിഷേധ ധർണ്ണ നടത്തി. മേഖലാ പ്രസിഡന്റ് പി.എസ്. ബെന്നിയുടെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ ബി.എം.എസ്. എറണാകുളം ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു.

ജില്ലാ ജോയിന്റ് സെക്രട്ടറി സെൽവൻ, ബി.എം.എസ്. മേഖലാ ഉപാദ്ധ്യക്ഷൻ കെ.സി. രാജൻ, എൻ.എം. സതീശൻ, മേഖലാസെക്രട്ടറി സി.എസ്. സനീഷ്, പി.ആർ. രന്ദീപ്, ബി.ബി. അനിൽകുമാർ, ടി.ഡി. ബിജു, വി.കെ. ഷാജു, പി,എൽ. സന്തോഷ് എന്നിവർ സംസാരിച്ചു.




**സംസ്ഥാന ബജറ്റിനെതിരെ ബി.എം.എസിന്റെ നേതൃത്വത്തിൽ നടന്ന ധർണ്ണ തൃശ്ശൂർ ജില്ലാ ജോ.സെക്രട്ടറി ടി.സി.സേതുമാധവൻ ഉദ്ഘാടനം ചെയ്യുന്നു.**




**ബി.എം.എസ്. കോന്നി മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണ സംസ്ഥാന സെക്രട്ടറി ജി.സതീഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.**

**ആലുവ:** പൊതുജനങ്ങൾക്കും തൊഴിലാളിസമൂഹത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്ന ബജറ്റ് സംസ്ഥാന സർക്കാർ പിൻവലിക്കണമെന്ന് ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി എം.പി. പ്രദീപ്കുമാർ ആവശ്യപ്പെട്ടു. ആലുവ മേഖലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേഖലാ പ്രസിഡന്റ് സന്തോഷ് പൈ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ സി.എസ്. സുനിൽ, വി.കെ. അനിൽകുമാർ, മേഖല ട്രഷറർ, പി.ആർ. രഞ്ജിത്ത്കുമാർ, ജോയിന്റ് സെക്രട്ടറി റെജി ടി.എസ്. എന്നിവർ സംസാരിച്ചു.

**കാസർഗോഡ്:** കാസർകോട്ട് നടത്തിയ ധർണ്ണ ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ് എം.കെ. രാഘവൻ ഉദ്ഘാടനം ചെയ്തു. ജനദ്രോഹ ബജറ്റ് പിൻവലിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കുടിവെള്ളത്തിനുപോലും നികുതി ഏർപ്പെടുത്തിയ സർക്കാർ ജനങ്ങളെ ദ്രോഹിക്കുന്നു.

ജില്ലാ ട്രഷറർ അനിൽ ബി. നായർ അദ്ധ്യക്ഷത വഹിച്ചു. കാസർഗോഡ് മേഖലാസെക്രട്ടറി റിജേഷ് സ്വാഗതം പറഞ്ഞു. ജില്ലാ വൈസ് പ്രസിഡന്റ് വിശ്വനാഥഷെട്ടി, ഹരീഷ് കുതിരപ്പാടി, ഗീത ബാലകൃഷ്ണൻ, മധൂർ മേഖല സെക്രട്ടറി ഗുരുദാസ്, മുള്ളേരിയ മേഖലാസെക്രട്ടറി ലീല കൃഷ്ണൻ,, ഉദുമ മേഖലാ



**ബി.എം.എസിന്റെ ആഭിമുഖ്യത്തിൽ അടിമാലിയിൽ നടന്ന പ്രതിഷേധ ധർണ്ണ ഇടുക്കി ജില്ലാ സെക്രട്ടറി എസ്.ജി. മഹേഷ് ഉദ്ഘാടനം ചെയ്യുന്നു.**




**ബി.എം.എസ്. വാരാപ്പുഴ മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ ധർണ്ണ എറണാകുളം ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്യുന്നു.**

സെക്രട്ടറി സുരേഷ്, ശിവൻ, ഉമേഷ്, കുഞ്ഞിക്കണ്ണൻ, ദിലീപ് തുടങ്ങിയവർ പങ്കെടുത്തു.

**കണ്ണൂർ**: ജനവിരുദ്ധ ബജറ്റ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂരിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ബി.എം.എസ്. സംസ്ഥാന വൈസ്പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ്പ്രസിഡന്റ് പി. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാപ്രസിഡന്റ് സി.വി. തമ്പാൻ, ജില്ലാസെക്രട്ടറി എം. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി കെ.പി. ജ്യോതിർമനോജ്, ജില്ലാ വൈസ്പ്രസിഡന്റ് വനജ രാഘവൻ, ജില്ലാ ജോയിന്റെ സെക്രട്ടറി ദയാറാണി എ. എന്നിവർ സംസാരിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി പി.വി. പുരുഷോത്തമൻ സ്വാഗതവും കണ്ണൂർ മേഖലാസെക്രട്ടറി പി.കെ. രാജൻ നന്ദിയും പറഞ്ഞു.

**നെടുമങ്ങാട്** : നെടുമങ്ങാട് താലൂക്ക് ഓഫീസിനുമുമ്പിൽ നടന്ന പരിപാടി ഫെറ്റോ




**ബി.എം.എസ്. കാസർഗോഡ് ജില്ലാ സമിതി സംഘടിപ്പിച്ച പ്രതിഷേധ മാർച്ച്.**




**ബി.എം.എസ്. നെടുമങ്ങാട് താലൂക്ക് സമിതി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ.ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാറും ആറ്റിങ്ങൽ താലക്ക് ഓഫീസിനു മുമ്പിൽ നടന്ന ധർണ്ണ ജില്ലാവൈസ്പ്രസിഡന്റ് ഗോവിന്ദ് ആർ. തമ്പി – നെയ്യാറ്റിൻകരയിൽ – ആർ.ആർ.കെ.എം. എസ്. അഖിലേന്ത്യാ വൈസ്പ്രസിഡന്റ് സുനിൽകുമാർ എന്നിവർ ഉദ്ഘാടനം ചെയ്തു. ജില്ലാ ഭാരവാഹികളായ കെ. വിജയകുമാർ, ഇ.വി. ആനന്ദ്, എസ്. ജയശങ്കർ, റ്റി. രാഖേഷ്, സി. പ്രമോദ്, എസ്. ശ്രീകുമാർ, സി. ജ്യോതിഷ് കുമാർ, എം. സനൽകുമാർ, എ. മധു, ബി. സതികുമാർ, ഡി. കുഞ്ഞുമോൻ, എം.എൻ. വിജേഷ്കുമാർ കെ.വി.എം.എസ്സ്. സംസ്ഥാന ജനറൽസെക്രട്ടറി ഗിരീഷ് കുമാർ എന്നിവർ വിവിധ പരിപാടികളിലായി സംസാരിച്ചു.

**കരുനാഗപ്പള്ളി**: ബി.എം.എസ്. കരുനാഗപ്പള്ളി സെക്ടർ കമ്മിറ്റിയുടെ നേതൃത്വത്തിൽ താലൂക്ക് ഓഫീസിന് മുന്നിൽ സംഘടിപ്പിച്ച സായാഹ്ന ധർണ്ണ ഫെറ്റോ സംസ്ഥാന ജനറൽ സെക്രട്ടറി പി. എസ്. ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

ഇന്ധന സെസ് വർദ്ധനവ് മൂലം തൊഴിലാളികൾക്കാണ് ഏറ്റവുമധികം ദുരിതമനുഭവിക്കേണ്ടിവരികയെന്ന് അദ്ദേഹം പറഞ്ഞു. വെള്ളക്കരം, വൈദ്യുതി ചാർജ് ഇവയെല്ലാം വലിയ തോതിൽ വർദ്ധിപ്പിച്ചതിന് ശേഷമാണ് മൂവായിരത്തോളം കോടിയുടെ അധികനികുതിഭാരം സാധാരണക്കാർക്ക് മേൽ അടിച്ചേല്പിച്ചിരിക്കുന്നത്.

ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി ആർ.കെ. സുധീഷ് അദ്ധ്യക്ഷനായിരുന്നു.

ജില്ലാ ജോയിന്റ് സെക്രട്ടറി എസ്. രാജീവൻ, പെൻഷണേഴ്സ് സംഘ് സംസ്ഥാനസെക്രട്ടറി പി. രാജേന്ദ്രൻ, ഫെറ്റോ ജില്ലാട്രഷറർ ഡി. ശരവണൻ, കരുനാഗപ്പള്ളി മേഖലാപ്രസിഡന്റ് കെ. രാജൻ, ഓച്ചിറ മേഖലാ സെക്രട്ടറി കെ. മോഹനക്കുറുപ്പ്, ശാസ്താംകോട്ട മേഖലാപ്രസിഡന്റ് എം.എസ്. ജയചന്ദ്രൻ, സെക്രട്ടറി ശാസ്താംകോട്ട മണികണ്ഠൻ എന്നിവർ സംസാരി




**ബി.എം.എസ്. പത്തനംതിട്ട കോഴഞ്ചേരി മേഖലകളുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ ധർണ്ണ ജില്ലാ പ്രസിഡന്റ് എം.കെ.അരവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു.**

പ്രസിഡന്റ് നമ്പി എന്നിവർ പ്രസംഗിച്ചു.

മേഖലാപ്രസിഡന്റ് പ്രദീപ് പാപ്പന്നൂർ സ്വാഗതവും മേഖലാ സെക്രട്ടറി ടി. ദേവൻ നന്ദിയും പറഞ്ഞു.

**കോഴിക്കോട്** : കേരളാ സർക്കാറിന്റെ ജനദ്രോഹ ബഡ്ജറ്റിനെതിരെ ബി എം എസ് കോഴിക്കോട് പുതിയ സ്റ്റാന്റ് പരിസരത്ത് സംഘടിപ്പിച്ച സായാന ധർണ്ണ ബി എം എസ് സംസ്ഥാന ഉപാദ്ധ്യക്ഷൻ ഇ.ദിവാകരൻ ഉദ്ഘാടനം ചെയ്യ്തു. ബി എം എസ് ജില്ലാ പ്രസിഡണ്ട് പി.ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. എൻജി സംഘ് സംസ്ഥാന സെക്രട്ടറി ദേവാനന്ദൻ,കേരള മുസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അനിൽ കുമാർ, പെൻഷനേഴ് സംസ്ഥാന ട്രഷറർ അഡ്വ. ജയഭാനു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജില്ലാ വൈ. പ്രസിഡണ്ട് കെ.കെ. പ്രേമൻ, ജില്ലാ ജോ. സെക്രട്ടറിമാരായ സി.പി. രാജേഷ്, കെ.വി.സെൽവരാജ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



**കണ്ണൂരിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.**

ച്ചു.

കെ.എസ്.ടി. എംപ്ലോയീസ് സംഘ് കൊല്ലം വെസ്റ്റ് ജില്ലാസെക്രട്ടറി എം.ആർ. രഞ്ജിത്ത് സ്വാഗതവും ചവറ മേഖലാ പ്രസിഡന്റ് പി. രാധാകൃഷ്ണപിള്ള നന്ദിയും പറഞ്ഞു.

**തേഞ്ഞിപ്പാലം** : തേഞ്ഞിപ്പാലത്ത് നടന്ന പ്രതിഷേധ ധർണ്ണ എൻ.ജി.ഒ. സംഘ് സംസ്ഥാനസെക്രട്ടറി പി. ബാബുരാജ് ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ ഉപാദ്ധ്യക്ഷ ദേവു ഉണ്ണി അദ്ധ്യക്ഷയായി. കെ.വി.എം.എസ്. സംസ്ഥാനസെക്രട്ടറി രാധാകൃഷ്ണൻ നെച്ചിക്കാട്, കൊണ്ടോട്ടി മേഖലാ

# ഇത് നികുതിരാജാണ്

**തിരുവനന്തപുരം:** സാർവ്വത്രികമായ വിലവർദ്ധനവിന് ഇടയാക്കുന്നതാണ് കേരള സർക്കാറിന്റെ ബജറ്റ് നിർദ്ദേശങ്ങൾ എന്ന് ബി.എം.എസ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ പറഞ്ഞു. തമ്പാനൂരിൽ നടന്ന സായാഹ്ന ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നിനുപിറകെ ഒന്നായി വന്ന - ഓക്കി - നിപ്പ - സ്വയം സൃഷ്ടിച്ച ഒന്നാം പ്രളയം, ഒന്നാം കോവിഡ് - രണ്ടാം കോവിഡ് - ഇതുവഴി കിട്ടിയ ക്രമാതീതമായ കേന്ദ്രസഹായം, പ്രളയശേഷം കേന്ദ്രം 35000 കോടി കൊടുത്തു. ജനങ്ങൾ മുഖ്യമന്ത്രിയുടെ വാക്ക് വിശ്വസിച്ച് നവകേരള നിർമ്മിതിക്കായി കുടുക്കപൊട്ടിച്ചും ആടിനെവിറ്റും താലിവിറ്റും പണം സർക്കാരിന് കൊടുത്തു. നവകേരളം പ്രഖ്യാപിച്ചു. പണം എവിടെ പോയെന്നറിയില്ല, എല്ലാം വകമാറ്റിയും ധൂർത്തടിച്ചും നശിപ്പിച്ചു. ഇതിനൊന്നിനും ഒരു കണക്കുമില്ല.

കെ.എഫ്.സി. പൊതുമേഖല സ്ഥാപനങ്ങൾ. കോ-ഓപ്പറേറ്റീവ് ബാങ്ക്, സാമൂഹ്യസുരക്ഷാഫണ്ട് എല്ലാം വകമാറ്റി ചെലവാക്കുന്നു. ധനകാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. ധൂർത്തിൽ നിയന്ത്രണമില്ല. ജനങ്ങളെ കൊടുംപട്ടിണിയിലേയ്ക്ക് തള്ളിവിട്ടിട്ട് മന്ത്രിമാർ കുടുംബസമേതം ലോകം ചുറ്റിക്കറങ്ങുന്നുവെന്നും അദ്ദേഹം ആരോപിച്ചു.

അരിസ്റ്റോ ജംഗ്ഷനിൽനിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിന് തൊഴിലാളികൾ പങ്കെടുത്തു. ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി.





# സമൃദ്ധിയുടെ സന്ദേശവുമായി വിഷു വരുന്നു

**ടി. വിജയൻ**
**9496727842**

മലയാളിയുടെ പുതുവർഷാരംഭം ആണ് മേടമാസത്തിലെ വിഷുദിവസം. ഇന്ന് പൊതുവെ ഉപയോഗിക്കുന്ന പാശ്ചാത്യ കലണ്ടർ ഉണ്ടാകുന്നതിന് ആയിരത്താണ്ടുകൾക്കുമുമ്പ് ഭാരതത്തിൽ ശാസ്ത്രീയമായ കാലഗണനാ സമ്പ്രദായം സ്വീകരിക്കുകയും അതനുസരിച്ചുള്ള കലണ്ടർ തയ്യാറാക്കുകയും ചെയ്തിരുന്നു.

അതിന് അടിസ്ഥാനമായത് സൂര്യന്റെയും ചന്ദ്രന്റെയും അയനങ്ങൾ അല്ലെങ്കിൽ സഞ്ചാരമായിരുന്നു. ജ്യോതിശാസ്ത്രപ്രകാരം സൂര്യൻ തന്റെ ഉച്ചരാശിയിൽ കടക്കുന്നത് മേടം ഒന്നാംതീയതിയാണ്. ആ ദിവസമാണ് വിഷു. വിഷു എന്ന വാക്ക് "വിഷവം" എന്ന വാക്കിൽനിന്നാണ് രൂപംകൊണ്ടത്. വിഷവം എന്ന വാക്കിന് തുല്യമായ അഥവാ സമമായ അവസ്ഥ എന്നർത്ഥം. രാത്രിയും പകലും സമമായ ദിവസത്തെയാണ് വിഷവം എന്നുവിളിക്കുന്നത്. അത് ചുരുങ്ങിയാണ് വിഷുവായത്. രണ്ട് വിഷുവാണ് ഒരു വർഷത്തിൽ ഉള്ളത്. മേടവിഷുവും തുലാവിഷുവും. മേടം ഒന്നിനും തുലാം ഒന്നിനും സൂര്യൻ നേരെ കിഴക്കുദിക്കുന്നു. ആ രണ്ടുനാളുകളിൽ ദിനരാത്രങ്ങൾ തുല്യമായി നില്ക്കുന്നു.

ഒരു വർഷത്തിൽ ആറ് ഋതുക്കളാണുള്ളത്. ചാന്ദ്രമാസ കലണ്ടർ അനുസരിച്ച് ചൈത്രം, വൈശാഖം എന്നീ മാസങ്ങൾ ഉൾപ്പെടുന്നതാണ് വസന്ത ഋതു. വസന്തം പൂക്കാലമാണ്. ഋതുക്കളുടെ രാജാവാണ് വസന്തം. അക്കാലത്ത് പൂക്കൾ വിരിഞ്ഞുനില്ക്കും. കൊന്നപൂക്കുന്ന കാലം വസന്തത്തിലാണ്. വസന്തം ചേർന്നുവരുന്നതിനാൽ മേടവിഷുവിന് പ്രാധാന്യം കൂടും. ഭാരതീയ കാലഗണനപ്രകാരമുള്ള കലിവർഷം ആരംഭിക്കുന്നത് ഇക്കാലത്താണ്. പരിപൂർണ്ണാവതാരവും മാതൃകാപുരുഷനുമായ ശ്രീകൃഷ്ണൻ സ്വർഗാരോഹണം ചെയ്ത ദിനം തൊട്ടാണ് കലിവർഷം അഥവാ കൃഷ്ണവർഷം തുടങ്ങുന്നത്. കലിവർഷം ഇത് 5124 ആണ്. യുഗാദി അല്ലെങ്കിൽ വർഷ പ്രതിപദ എന്നും ഇതറിയപ്പെടുന്നു. (മാർച്ച് 22 മുതൽ 5125 ആകും) ഉത്തരഭാരതത്തിൽ ഇത് വലിയ ഉത്സവമാണ്. ആർ.എസ്.എസ്. സ്ഥാപകൻ ഡോ. കേശവ ബലിറാം ഹെഡ്ഗേവാർ ജനിച്ചത് യുഗാദിനാളിലാണ്.

ഭാരതമൊട്ടാകെ ഒന്നല്ലെങ്കിൽ മറ്റൊരു പേരിൽ ഈ ആഘോഷം കൊണ്ടാടുന്നു. കേരളത്തിൽ വിഷു, തമിഴ്നാട്ടിൽ പുത്താണ്ട്, ഉത്തരേന്ത്യയിൽ യുഗാദി, അസമിൽ ബിഹു എന്നിങ്ങനെ പ്രാദേശിക വകഭേദം ഉണ്ടെന്നുമാത്രം. കാർഷിക കലണ്ടർ അനുസരിച്ച് കേരളത്തിൽ കൃഷിക്ക് തുടക്കം

**കണിക്കൊന്നയില്ലാതെ വിഷുവില്ല. സ്വർണ്ണവർണ പൂക്കൾ ചൂടി കൊന്ന പൂത്തുലഞ്ഞ് നില്ക്കുന്നത് കാണാൻ എന്തുഭംഗിയാണ്. എത്ര കവികളാണ് കൊന്നയെ വർണിച്ചത്! വിഷു നല്കുന്ന സമൃദ്ധിയുടെ സന്ദേശത്തിന് സ്വർണ്ണത്തിളക്കം ഏകുന്നതാണ് കൊന്നപ്പൂ കണികാണൽ. ഒരു വർഷം മുഴുവൻ സമ്പൽസമൃദ്ധിയും ഐശ്വര്യവും പ്രദാനം ചെയ്യാൻ വിഷു ആഘോഷം നമ്മുടെ അടുത്തേക്ക് വന്നണയുകയാണ്.**

കുറിക്കുന്നത് വിഷുനാളിലാണ്. അന്ന് കൃഷിയിടത്ത് കലപ്പകൊണ്ട് ഉഴുന്നരീതി ഉണ്ടായിരുന്നു. പഴയ കൃഷിയുടെ വിളവെടുപ്പ് പൂർത്തിയായി പത്തായം നിറഞ്ഞിരിക്കുന്ന സമയം. പുതുകൃഷിക്ക് മണ്ണ് സജ്ജമാക്കൽ നടക്കുന്നു. വെള്ളരിയും മറ്റു പച്ചക്കറികളും വിളയെടുപ്പ് കഴിഞ്ഞിരിക്കും. വെള്ളരി വയലിൽ ഗ്രാമീണ നാടകങ്ങൾ അരങ്ങേറും. തുറന്ന വയലിൽ പന്തുകളിയും നടക്കും. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് വിഷുവിന്റെ വരവ്. അറയും കർഷകമനസ്സും നിറഞ്ഞ് നില്ക്കുന്ന സമയം. വിഷുക്കിളി വിത്തും കൈക്കോട്ടും എന്നു വിളിച്ചുകൂവും. സ്കൂൾ അവധി ആഘോഷിക്കാൻ കുട്ടികൾ തിമർത്തുകളിക്കുന്ന സമയം. അങ്ങനെ എന്തുകൊണ്ടും ആഹ്ലാദത്തിന്റെയും ഉത്സാഹത്തിന്റെയും കാലം.

കേരളത്തിനു അതിന്റേതായ കാർഷികസംസ്കാരം ഉണ്ട്. ജന്മി-കുടിയാൻ ബന്ധം പരസ്പര സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു. അത് പാശ്ചാത്യമായ ഫ്യൂഡൽ സമ്പ്രദായത്തിന്റെ ചൂഷണരീതിയിലുള്ളതായിരുന്നില്ല. കുടിയാൻ വിഷുവിന് ജന്മിക്ക് വിഷുക്കുല കാഴ്ചവെയ്ക്കും. ജന്മി കുടിയാന് കൈനീട്ടം നല്കും. വിഷുക്കോടിയും നല്കും. പരസ്പരമുള്ള സ്നേഹവും അടുപ്പവും അവിടെ നിലനിന്നു. നമ്മുടെ ചില ചരിത്രകാരന്മാർ പാശ്ചാത്യ മാനദണ്ഡം വെച്ച് അളന്ന് അതിനു ഫ്യൂഡൽ നിറം നല്കി.

കേരളത്തിൽ വിഷുവിന്റെ പ്രത്യേകത വിഷുക്കണി, വിഷു കൈനീട്ടം, വിഷുസദ്യ എന്നിവയാണ്. രാവിലെ ഉറങ്ങി ഉണരുമ്പോൾ നല്ല കണികാണുന്നത് അന്നത്തെ ദിവസം ശുഭമാകും എന്നാണ് വിശ്വാസം. ഒരു വർഷത്തിലെ ആദ്യ ദിനത്തിൽ നല്ല കണികണ്ടാൽ ആ വർഷം മുഴുവൻ നല്ല ഫലമുണ്ടാകുമെന്നും വിശ്വസിക്കുന്നു. ഇതാണ് വിഷുക്കണിയുടെ അടിസ്ഥാനം. കാർഷികസംസ്കാരത്തിന്റെ തനിമ കണിയിലും കാണാം. വിഷുതലേന്ന് വീടും പരിസരവും വൃത്തിയാക്കുന്നു. രാത്രിയിൽതന്നെ കണിസാധനങ്ങൾ ഒരുക്കിവെയ്ക്കുന്നു. വൃത്തിയുള്ള ഒരു ഇടം നോക്കി കിഴക്കോ പടിഞ്ഞാറോ മുഖമാക്കി കൃഷ്ണവിഗ്രഹം വെയ്ക്കുന്നു. ഓട്ടുരുളിയിൽ കണിസാധനങ്ങൾ ഒരുക്കുന്നു. അക്ഷതം (നെല്ലുകലർന്ന് അരി) പുണ്യഗ്രന്ഥം, ദശപുഷ്പം, ശുഭ്രവസ്ത്രം കിണ്ടിയിൽ വെള്ളം, നാണയം, സ്വർണം, കൊന്നപൂവ്, ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങൾ, പച്ചക്കറി, പഴങ്ങൾ, പലഹാരം, നാളികേരം തുടങ്ങിയവയാണ് കണി ഒരുക്കാൻ ഉപയോഗിക്കുന്നത്. കേരളത്തനിമ ഉൾക്കൊള്ളുന്ന വിഭവങ്ങൾ കൃഷ്ണവിഗ്രഹത്തിനുമുമ്പിൽ ദീപപ്രഭയിൽ ചന്ദനത്തിരി സുഗന്ധത്തിൽ ദർശിക്കുന്നതിന്റെ ആനന്ദവും സംതൃപ്തിയും ഒന്നു വേറെതന്നെയാണ്.

ഗൃഹനാഥൻ/നാഥ ആണ് കണി ഒരുക്കുക. അവർ കണി കണ്ടശേഷം കുടുംബാംഗങ്ങൾ ഓരോരുത്തരെയായി കണി കാണിക്കുന്നു. തുടർന്നു ഗൃഹനാഥൻ വിഷുകൈനീട്ടം നല്കും. വീട്ടിലെ ഏറ്റവും പ്രായം കുറഞ്ഞയാൾക്കാണ് ആദ്യം കൈനീട്ടം നല്കുക. കുട്ടികൾക്ക് പ്രഥമ പരിഗണന നല്കുന്ന സംസ്കാരത്തിന്റെ സവിശേഷത അവിടെ കാണാം. വീട്ടിലെ മറ്റുള്ളവർക്കും ആശ്രിതർക്കും ബന്ധുക്കൾക്കുമെല്ലാം കൈനീട്ടം നല്കും. വീട്ടുകാർ കണി കണ്ടശേഷം പശുത്തൊഴുത്തിലും പുറത്തും കണി കാണിക്കും. മനുഷ്യനെപ്പോലെ ജീവജാലങ്ങൾക്കെല്ലാം നന്മ ആഗ്രഹിക്കുന്നതുകൊണ്ടാണീ ആചാരം.

കണികണ്ടാൽ കുട്ടികൾ പടക്കം പൊട്ടിക്കാൻ തുടങ്ങും. പടക്കം പൊട്ടിക്കൽ ആഹ്ലാദപ്രകടനമാണ്. വർണം വിതറുന്ന, ശബ്ദായമാനമായ ആഘോഷം എല്ലാവർക്കും സന്തോഷം പ്രദാനം ചെയ്യുന്നു. വർഷത്തിന്റെ തുടക്കം ഇങ്ങനെയാവണമെന്ന പൂർവ്വികരുടെ കാഴ്ചപ്പാട് എത്ര ഉദാത്തമാണ് എന്ന് തിരിച്ചറിയുക.

വിഷുപുലരിയിൽ ക്ഷേത്രദർശനം നടത്തി ദ്രവ്യസമർപ്പണമോ കാണിക്കയിടലോ നടത്തുന്ന ആചാരവും ഉണ്ട്. ക്ഷേത്രങ്ങളിലും കണിദർശനവും കൈനീട്ടവും കണ്ടുവരുന്നുണ്ട്. വിഷുനാളിൽ ഉച്ചയ്ക്ക് വീട്ടിൽ എല്ലാവരും ഒന്നിച്ചിരുന്ന് വിഭവസമൃദ്ധമായ വിഷുസദ്യ ഉണ്ണും. പിന്നീട് ബന്ധുവീട് സന്ദർശിക്കലും ചില സ്ഥലങ്ങളിൽ ഉണ്ട്.

കണിക്കൊന്നയില്ലാതെ വിഷുവില്ല. സ്വർണ്ണവർണ പൂക്കൾ ചൂടി കൊന്ന പൂത്തുലഞ്ഞ് നില്ക്കുന്നത് കാണാൻ എന്തുഭംഗിയാണ്. എത്ര കവികളാണ് കൊന്നയെ വർണിച്ചത്! വിഷു നല്കുന്ന സമൃദ്ധിയുടെ സന്ദേശത്തിന് സ്വർണ്ണത്തിളക്കം ഏകുന്നതാണ് കൊന്നപ്പൂ കണികാണൽ. ഒരു വർഷം മുഴുവൻ സമ്പൽസമൃദ്ധിയും ഐശ്വര്യവും പ്രദാനം ചെയ്യാൻ വിഷു ആഘോഷം നമ്മുടെ അടുത്തേക്ക് വന്നണയുകയാണ്.

# വിഷുക്കാലം

**വെ**യിൽചില്ലമൂത്തുകണിക്കൊന്ന പൂത്തു
കരൾകാവിലെങ്ങോ വിഷുപ്പക്ഷി പാടി
മനസ്സിൻ തുരുമ്പിച്ചൊരോർമ്മ തുടിപ്പിൽ
വിഷുക്കാലമോടക്കുഴൽപ്പാട്ടുമൂളി
ഹൃദന്തം നിറയ്ക്കും കണി കണ്ടുണർന്നാൽ
കൈനീട്ടമായമ്മ മുമ്പിൽ വരുമ്പോൾ
അക്കൊല്ലമെല്ലാം ശുഭം തന്നെയെന്നായ്
ഉൾപൂവിലാരോ മൊഴിഞ്ഞെന്നുതോന്നും.
ചെറപ്പത്തിലെന്നും വിഷു സ്വപ്ന കാലം
വലിപ്പം നടിച്ചൂയലാടുന്ന കാലം
മനസ്സേ മറക്കാൻ നിനക്കാവുമോ
കൺകുളിർക്കെ കണിക്കൊന്ന പൂക്കുന്ന കാലം ?
ഇടയ്ക്കൊന്നു ബാല്യസ്മൃതിച്ചൂടു നൽകി
ചിരിച്ചും കളിച്ചും വരും മേടമാസം ?
വിഷുക്കാലമെത്തുമ്പൊളാത്മാവിലാരോ
വിത്തിനെ കൈകോട്ടിനെ വിളിയ്ക്കുന്നു.
വെള്ളരി തുമ്പിരി എന്നുള്ളിലേതോ
കൃഷിക്കാരനുച്ചത്തിലാർക്കുന്നു വീണ്ടും



സുധീർ പറൂര്

# ലേബർ 20 തൊഴിലാളികളുടെ കൂട്ടായ്മ

**- ഹിരണ്മയ പാണ്ഡ്യ**

കോവിഡ്-19 എന്ന മഹാമാരി ആരോഗ്യരംഗത്ത് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലുമുള്ള നമ്മുടെ അപര്യാപ്തതകളെക്കുറിച്ച് നമ്മെ ബോധവാന്മാരാകുന്നതിന് കാരണമായി. ഔഷധരംഗത്തെ ഗവേഷകരുടെയും ആരോഗ്യപ്രവർത്തകരുടെയും സർക്കാരുകളുടെയും കൂട്ടായ പ്രവർത്തനംകൊണ്ട് ഒരു പരിധിവരെ നമുക്ക് മഹാമാരിയിൽനിന്ന് മുക്തരാകാൻ കഴിഞ്ഞു. സർക്കാരുകളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമഫലമായി അവശ്യവസ്തുക്കൾ കോവിഡ് കാലത്ത് എല്ലാവർക്കും എത്തിക്കാൻ കഴിഞ്ഞു. ജോലി ഇല്ലാതായവർക്കും ശമ്പളം വെട്ടിക്കുറക്കപ്പെട്ടവർക്കും ഇത് ആശ്വാസം നല്കി. എന്നാൽ കോവിഡിനു മുൻപുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി എന്നുപറയാൻ കഴിയില്ല. 4 കോടി തൊഴിൽ ലോകത്തെ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടതായിട്ടാണ് കണക്കാക്കു ന്നത്. വിദഗ്ദ്ധ തൊഴിലാളികളുടെ മേഖലയിൽ പഴയ സ്ഥിതി പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചുരുങ്ങിയ ശമ്പളക്കാരുടെ മേഖലയിൽ പൂർവ്വസ്ഥിതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. റഷ്യ-ഉക്രൈൻ യുദ്ധവും ലോകവ്യാപകമായി ഉണ്ടായിട്ടുള്ള വിലക്കയറ്റവും ജനജീവിതത്തെ വീണ്ടും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

ഭാരതം ജി-20യുടെ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തിട്ടുള്ള ഈ സമയം നാം നേരിടുന്ന പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തി പ്രശ്നപരിഹാരങ്ങൾ കാണാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതോടനുബന്ധിച്ചുചേരുന്ന ലേബർ 20 (എൽ-20) എല്ലാ ട്രെയ്ഡ് യൂണിയനുകൾക്കും ഒരുമിച്ചിരുന്ന് ആഗോളരംഗത്ത് നിലവിലുള്ള തൊഴിൽപരമായും സാമൂഹ്യമായുമുള്ള പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള വേദിയാക്കി ഉപയോഗിക്കാൻ കഴിയേണ്ടതുണ്ട്. സാമൂഹ്യസുരക്ഷാ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് നമു



## ലേബർ – 20 ആഫീസ് ഉദ്ഘാടനം ചെയ്തു

ജി-20യുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള എൽ-20യുടെ ആഫീസ് ന്യൂഡൽഹി ദീൻദയാൽ ഉപാദ്ധ്യായ മാർഗ്ഗിലുള്ള ഭാരതീയ മസ്ദൂർസംഘം കേന്ദ്ര ആഫീസിൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ അമർനാഥ് ഡോഗ്രയാണ് ആഫീസ് ഉദ്ഘാടനം ചെയ്തത്. ബി.എം.എസ്. അഖിലേന്ത്യാ അദ്ധ്യക്ഷനും എൽ-20യുടെ അദ്ധ്യക്ഷനുമായ ഹിരൺമയ പാണ്ഡ്യ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

മറ്റ് ട്രെയ്ഡ് യൂണിയനുകളുമായി ചേർന്ന് എൽ-20യുടെ പ്രവർത്തനം വിജയിപ്പിക്കുമെന്ന് തുടർന്നുപ്രസംഗിച്ച ബി.എം.എസ്. അഖിലേന്ത്യാ സംഘടനാസെക്രട്ടറി ബി. സുരേന്ദ്ര പ്രസ്താവിച്ചു. ബി.എം.എസ്. അഖിലേന്ത്യാ ജനറൽസെക്രട്ടറി രവീന്ദ്രഹിംതെ, ദീപക് ജയ്സ്വാൾ (NFITU), ഡോ. എസ്.പി. തിവാരി (TUCC), ഡോ. പ്രവീൺ സിൻഹ തുടങ്ങിയവരും പങ്കെടുത്തു.

ക്ക് ചർച്ച ചെയ്യേണ്ടതുണ്ട്. ഗിഗ്ഗ്-പ്ലാറ്റ്ഫോം തൊഴിൽ പഴയകാല സമീപനങ്ങളിൽ പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്നുണ്ട്. തൊഴിലുടമാ-തൊഴിലാളി ബന്ധങ്ങളിലും പുതിയ സമീപനം ആവശ്യമാണ്.

ജി-20യുടെ പല വർക്കിംഗ് ഗ്രൂപ്പുകളും ഇത്തരം പ്രശ്നങ്ങളെ ഇതിനകം വിലയിരുത്തിയിട്ടുണ്ട്. എൽ-20യിലെ പ്രതിനിധികൾ കോവിഡാനന്തര പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്. ആളോഹരി വരുമാനം, വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ദ്ധ്യം സ്ത്രീ-തൊഴിലാളികളുടെ പങ്കാളിത്തം, സാമൂഹ്യസുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ വിവിധ രാജ്യങ്ങൾ തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നുണ്ട്. വൈവിധ്യങ്ങൾക്കിടയിലും ജി-20 രാജ്യങ്ങൾക്കിടയിലും എൽ-20 ഗ്രൂപ്പിലും ഒരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള താല്പര്യം പ്രകടമാണ്. സമത്വം, സാമൂഹ്യനീതി എന്നിവയിൽ അധിഷ്ഠിതമായി തൊഴിലാളിക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ എൽ-20 നമുക്ക് പ്രേരണ നല്കട്ടെ.

# കെ.എസ്.ആർ.ടി.സി. യെ തീറെഴുതരുത്

**പാലക്കാട്:** കെ.എസ്.ആർ.ടി.സി.യുടെ ഏറ്റവും വരുമാനമുള്ള 4 ഡിപ്പോകൾ കെ.ടി.ഡി.എഫ്.സി.ക്ക് തീറെഴുതി നല്കാനുള്ള ഇടതു സർക്കാർ നീക്കം കൊള്ളപ്പലിശക്കാരെ ഓർമ്മിപ്പിക്കുന്നതാണെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാനസെക്രട്ടറി പി.കെ. ബൈജു പറഞ്ഞു. സർക്കാർ രൂപീകരിച്ച ബാങ്കിംഗ് കോൺസോർഷ്യത്തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ കടങ്ങളും ഏകീകരിച്ചിട്ടും പിന്നെയും കെ.ടി.ഡി.എഫ്.സി.യിൽ കടമുണ്ടെന്ന വാദം സാമാന്യബുദ്ധിക്ക് നിരക്കാത്തതാണെന്നും ഇത് കെ.എസ്.ആർ.ടി.സി.യുടെ കണ്ണായ ഭൂസ്വത്ത് തട്ടിയെടുക്കാനുള്ള ഇടതുനയത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ കട-ജഡ ഭാരം ഏറ്റെടുക്കുമെന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനം നല്കിയ ഇടതുസർക്കാർ സ്ഥാപനത്തെ കടക്കെണിയിലാക്കി ജഡമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം, അങ്കമാലി, തിരുവല്ല, കോഴിക്കോട് ഡിപ്പോകൾ കെ.ടി.ഡി.എഫ്.സി.ക്ക് തീറെഴുതാനുള്ള ഇടതുനീക്കത്തിനെതിരെ പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ നടത്തിയ പ്രതിഷേധം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു, എൽ. രവിപ്രകാശ് സ്വാഗതവും എസ്. സുരേഷ് നന്ദിയും പറഞ്ഞു. സി. രാജഗോപാൽ, സി.കെ. സുകുമാരൻ, നാഗനന്ദകുമാർ എന്നിവർ പ്രകടനത്തിന് നേതൃത്വം നല്കി.




കെ.എസ്.ടി.എംപ്ലോയീസ് സംഘ്
പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നടത്തിയ പ്രതിഷേധ ധർണ്ണ
സംസ്ഥാന സെക്രട്ടറി പി.കെ.ബൈജു ഉദ്ഘാടനം ചെയ്യുന്നു.



**ചുമട്ടു ജോലിയിൽ നിന്നും വിരമിച്ച സി.എച്ച്.ആനന്ദന് ബി.എം.എസ്. മൂളിയാർ (കാസർഗോഡ്) പഞ്ചായത്ത് കമ്മറ്റി യാത്രയയപ്പ് നൽകുന്നു.**

# ശമ്പളവും പെൻഷനും ട്രഷറി വഴി വിതരണം ചെയ്യണം

**കൊടുവള്ളി (കോഴിക്കോട്):** കേരളത്തിലെ മുനിസിപ്പൽ കോർപറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പ്രഖ്യാപിച്ച കേരളസർക്കാർ അവരുടെ ശമ്പളവും പെൻഷനും ട്രഷറി വഴി വിതരണം ചെയ്യാൻ തയ്യാറാവണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മുനിസിപ്പൽ ആന്റ് കോർപറേഷൻ സ്റ്റാഫ് സംഘ് കൊടുവള്ളി നഗരസഭയ്ക്കുമുമ്പിൽ നടത്തിയ ധർണ്ണ അഡ്വ. ബിജു പടിപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു.

മുൻസിപ്പൽ കോർപറേഷൻ ജീവനക്കാരുടെ ശമ്പളവും പെൻഷനും ഇപ്പോഴും തനതുഫണ്ടിൽനിന്നുതന്നെയാണ് വിതരണം ചെയ്യുന്നത്. കേരളത്തിലെ നഗരസഭകൾ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് ക്ഷാമബത്ത, പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പൽ കോർപറേഷനിലും കെ.എം.സി.എസ്.എസ്. സംസ്ഥാന സമ്മേളനം പാസ്സാക്കിയ പ്രമേയത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കണം എന്ന ആവശ്യം ഉന്നയിച്ചായിരുന്നു ധർണ്ണ. കെ.എം.സി.എസ്.എസ്. സംസ്ഥാന ട്രഷറർ പി.ജി. നിരീഷ്കുമാർ അദ്ധ്യക്ഷനായി.



**തൃശ്ശൂർ ജില്ലാ ടോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെത്ത് തൊഴിലാളി ക്ഷേമ നിധി ഓഫീസിന് മുന്നിൽ നടത്തിയ ധർണ്ണ സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്യുന്നു.**

# ഫെറ്റോ നിയമസഭയ്ക്ക് മുമ്പിൽ പ്രതിഷേധിച്ചു

**തിരുവനന്തപുരം:** ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളവും പെൻഷനും നല്കാമെന്ന വ്യാജേന സർക്കാർ ജനങ്ങളെ കൊള്ളയടിക്കുകയാണെന്ന് ആർ.ആർ.കെ.എം.എസ്. അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ പി. സുനിൽകുമാർ പറഞ്ഞു. ബഡ്ജറ്റിൽ ജീവനക്കാരെയും പെൻഷൻകാരെയും അവഗണിച്ചതിൽ പ്രതിഷേധിച്ച് ഫെറ്റോ നടത്തിയ നിയമസഭാ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ ചരിത്രത്തിൽ ജനങ്ങളെ ഇത്രയധികം കൊള്ളയടിച്ച ബഡ്ജറ്റ് ഉണ്ടായിട്ടില്ലായെന്ന് മാർച്ചിൽ അദ്ധ്യക്ഷത വഹിച്ച ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്. കെ. ജയകുമാർ പറഞ്ഞു. കേന്ദ്രവും രാജ്യത്തെ മറ്റ് സംസ്ഥാന സർക്കാരുകളും ക്ഷാമബത്ത കൃത്യമായി ജീവനക്കാർക്ക് നല്കുമ്പോൾ 5 ഗഡു ക്ഷാമബത്തയാണ് കേരളത്തിൽ കുടിശ്ശികയായിരിക്കുന്നത്. ലീവ് സറണ്ടറിലും പങ്കാളിത്ത പെൻഷനിലും മെഡിസെപ്പിലുമെല്ലാം കടുത്ത വഞ്ചനയാണ് സർക്കാർ തുടരുന്നത്. പെൻഷൻ പരിഷ്കരണ കുടിശ്ശികപോലും ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത ധനമന്ത്രി കേരളത്തിലെ മൂന്നരക്കോടി ജനങ്ങളുടെമേലും അമിതമായ നികുതിഭാരമാണ് അടിച്ചേല്പിച്ചതെന്നും ഫെറ്റോ ആരോപിച്ചു. നിയമസഭയ്ക്കു മുന്നിൽ ബഡ്ജറ്റിന്റെ പകർപ്പ് കത്തിച്ച് ഫെറ്റോ പ്രതിഷേധം രേഖപ്പെടുത്തി.

ഫെറ്റോ സംസ്ഥാന ജനറൽസെക്രട്ടറി പി. എസ്.




**ഫെറ്റോയുടെ ആഭിമുഖ്യത്തിൽ ബജറ്റ് കോപ്പി കത്തിച്ച് പ്രതിഷേധിക്കുന്നു.**

ഗോപകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് റ്റി.എൻ. രമേശ്, ബി.എം. എസ്സ്. ജില്ലാസെക്രട്ടറി, കെ. ജയകുമാർ, ഫെറ്റോ സംസ്ഥാന ട്രഷറർ, സി.കെ. ജയപ്രസാദ്, പെൻഷണേഴ്സ് സംഘ് സംസ്ഥാന സെക്രട്ടറി കെ.കെ. ശ്രീകുമാർ, വിവിധ ഘടക സംഘടനാ നേതാക്കളായ റ്റി.ഐ. അജയകുമാർ, എസ്. അരുൺകുമാർ, പ്രദീപ് ഡി. ഷേണായി, ആർ. ഹരികൃഷ്ണൻ, റ്റി.എൻ. പ്രദീപ്കുമാർ, ആർ. ശ്രീകുമാരൻ, ബി. ഉണ്ണികൃഷ്ണൻ, എസ്. വിനോദ്കുമാർ, രതീഷ് ആർ. നായർ, ശ്രീകുമാർ, ആദർശ് എസ്.യു. എന്നിവർ സംസാരിച്ചു.

മാർച്ചിന് പ്രദീപ് പുള്ളിത്തല, പാക്കോട് ബിജി, ഇ.ഡി. അജികുമാർ, ഡി.ആർ. അനിൽ, അരുൺ, സുധാകരൻ നായർ, പൂന്തുറ സുദർശനൻ, കെ. ദിലീപ് കുമാർ എന്നിവർ നേതൃത്വം നല്കി.

**തൃശൂർ**

സംസ്ഥാന ബജറ്റിൽ ജീവനക്കാരെയും അധ്യാപകരെയും പെൻഷൻകാരെയും അവഗണിച്ചതിനെതിരെ (ഫെറ്റോ) തൃശൂർ കലക്ട്രേറ്റിനു മുന്നിൽ ബജറ്റ് കോപ്പി കത്തിക്കുകയും ധർണ്ണ നടത്തുകയും ചെയ്തു.

ഫെറ്റോ സംസ്ഥാന വൈസ്പ്രസിഡന്റ് കെ.എം. രാജീവ് ഉദ്ഘാടനം ചെയ്തു. ജീവനക്കാരെയും അധ്യാപകരെയും ശത്രുപക്ഷത്ത് നിർത്തി മുന്നോട്ടുപോകാനാണ് സർക്കാർ ഇനിയും ശ്രമിക്കുന്നതെങ്കിൽ പണിമുടക്ക് അടക്കമുള്ള ശക്തമായ പ്രതിഷേധങ്ങൾക്ക് ഫെറ്റോ നിർബന്ധിതമാകുമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാനസെക്രട്ടറി സജീവ് തങ്കപ്പൻ മുഖ്യപ്രഭാഷണം നടത്തി. ഇത്രയും ജനദ്രോഹപരമായ ബജറ്റ് അവതരിപ്പിച്ചതിനു ശേഷവും അതിനെ ന്യായീകരിക്കുവാൻ ഇടതു സംഘടനകൾ ശ്രമിക്കുന്നത് പരിഹാസ്യമാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നല്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാപ്രസിഡന്റ് കെ.കെ. ഗിരീഷ്കുമാർ അദ്ധ്യക്ഷത വഹിച്ച ധർണ്ണയിൽ ജില്ലാസെക്രട്ടറി ജയൻ പൂമംഗലം, കെ.കെ. സതീശൻ എന്നിവർ പ്രസംഗിച്ചു. എം.കെ. നരേന്ദ്രൻ, ജിനു ജോസഫ്, പി,സി, വർഗ്ഗീസ്, രാജീവ് തങ്കപ്പൻ, ദേവദാസ് വർമ്മ, വി.കെ. വിജീഷ് കുമാർ തുടങ്ങിയവർ നേതൃത്വം നല്കി.




**ഫെറ്റോയുടെ ആഭിമുഖ്യത്തിൽ തൃശൂർ കളക്ടറേറ്റിന് മുന്നിൽ ബജറ്റ് കോപ്പി കത്തിച്ച് പ്രതിഷേധിക്കുന്നു**



. കേരള പെൻഷനേഴ്സ് സംഘ് കോഴിക്കോട് ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി സി.സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

# പെൻഷൻ പരിഷ്കരണ ഡി.എ. കുടിശ്ശികകൾ ഉടൻ അനുവദിക്കണം

**കോഴിക്കോട്:** 2021 നവംബർ മാസത്തോടെ 4 ഗഡുക്കൾ ആയി വിതരണം ചെയ്യാൻ ഉത്തരവായിരുന്ന പെൻഷൻ പരിഷ്കരണ കുടിശ്ശികകളിലെ 2 ഗഡുക്കൾ ഒരു വർഷം കഴിഞ്ഞിട്ടും വിതരണം ചെയ്യാത്ത സംസ്ഥാന സർക്കാർ നടപടിയിൽ കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് ജില്ലാസമ്മേളനം കടുത്ത ആശങ്ക രേഖപ്പെടുത്തി. 2021 ജനുവരി മുതൽ 2023 ജനുവരി വരെ ആയി കേന്ദ്രം നല്കിയ 5 ഗഡു ക്ഷാമബത്ത അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ പാലിക്കുന്ന മൗനം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും സമ്മേളനം വിലയിരുത്തി. ബാക്കിയായ 2 ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശികയും 2021 ജനുവരി മുതൽ 2023 ജനുവരി വരെ കേന്ദ്രം ഉത്തരവാക്കിയ 5 ഗഡു ക്ഷാമബത്തകളും ഉടൻ അനുവദിക്കണമെന്ന് സമ്മേളനം സംസ്ഥാന സർക്കാരിനോട് പ്രമേയം മുഖേന ആവശ്യപ്പെട്ടു.

കേരളസർക്കാരിന് കടം എടുക്കുന്നതിന് കേന്ദ്രസർക്കാർ പരിധി ഏർപ്പെടുത്തിയിരുന്നില്ല എങ്കിൽ കേരളം മറ്റൊരു ശ്രീലങ്കയായി മാറുമായിരുന്നുവെന്ന് കേരള സ്റ്റേറ്റ് പെൻഷണേഴ്സ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി സി. സുരേഷ്കുമാർ അഭിപ്രായപ്പെട്ടു. പെൻഷണേഴ്സ് സംഘിന്റെ 25-ാം കോഴിക്കോട് ജില്ലാസമ്മേളനം പന്തീരാങ്കാവിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ ജീവനക്കാർക്ക് വലിയ വാഗ്ദാനങ്ങൾ നല്കിക്കൊണ്ട് അധികാരത്തിൽ വന്ന പിണറായി സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുക മാത്രമല്ല ഇന്ധനവിലവർദ്ധനവിലൂടെ സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് സുരേന്ദ്രൻ പുതിയേടത്ത് അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് കോർപറേഷൻ കൗൺസിലർ രമ്യ സന്തോഷ്, കെ.എം.സി.എസ്. സംഘ് സംസ്ഥാന പ്രസിഡന്റ് അനിൽ കുമാർ, ആർ.എസ്സ്.എസ്സ്. പന്തീരാങ്കാവ് നഗർ സംഘചാലക് എം.എം. സത്യൻ, ബി.ജെ.പി. ഉത്തരമേഖലാ ട്രഷറർ ടി.വി. ഉണ്ണികൃഷ്ണൻ, ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി സെൽവരാജ്, എൻ.ജി.ഒ. സംഘ് ജില്ലാപ്രസിഡന്റ് പി.കെ. ഷാജി, കെ.എസ്.ടി.ഇ. സംഘ് ജില്ലാസെക്രട്ടറി വിനയൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

സ്വാഗതസംഘം ചെയർമാൻ ഡോ. ദാമോദരൻ സ്വാഗതവും ജനറൽ കൺവീനർ രവീന്ദ്രൻ കറുത്തേടത്ത് നന്ദിയും പറഞ്ഞു. തുടർന്നു നടന്ന പ്രതിനിധി സഭയിൽ ജില്ലാ വൈസ്പ്രസിഡന്റ് വി. മോഹനൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എം.കെ. സദാന

ന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി ടി.പി. ശ്യാമപ്രസാദ് വാർഷിക റിപ്പോർട്ടും ജില്ലാ ട്രഷറർ എൻ. സദാനന്ദൻ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. ബാലചന്ദ്രൻ സി.പി. സ്വാഗതവും ലോഹിതാക്ഷൻ നന്ദിയും പറഞ്ഞു.

വനിതാസമ്മേളനം സംസ്ഥാനസെക്രട്ടറി കെ. ബാലാമണി ഉദ്ഘാടനം ചെയ്തു. ജില്ലാ വനിതാ കൺവീനർ പെണ്ണൂട്ടി ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി കെ. കനകവല്ലി സ്വാഗതവും ഇസുഗന്ധിബായ് നന്ദിയും പറഞ്ഞു.

സംഘടന വികാസസമ്മേളത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് സി. ശ്രീധരൻ മാസ്റ്റർ വിഷയം അവതരിപ്പിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് കെ.പി. അയ്യപ്പൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി എ. സോമൻനമ്പ്യാർ സ്വാഗതവും സംസ്ഥാന സമിതിയംഗം വിജയൻ ചക്കാലക്കൽ ഉപസംഹാരവും ബ്ലോക്ക് സെക്രട്ടറി ദേവദാസൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

സമാപന സമ്മേളനത്തിൽ എം. ഗൗതമൻ അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സിനിമ സംവിധായകൻ രാമസിംഹൻ, വടകര ബ്ലോക്ക് പ്രസിഡന്റ് കെ. സുകുമാരൻ മാസ്റ്റർ, പന്തീരാങ്കാവ് ബ്ലോക്ക് പ്രസിഡന്റ് എൻ. പ്രേംകുമാർ എന്നിവർ സംസാരിച്ചു.

സുരേന്ദ്രൻ പുതിയേടത്ത് (പ്രസിഡന്റ്); സദാനന്ദൻ എൻ, ഗൗതമൻ, എം.വി. മോഹനൻമാസ്റ്റർ, പി. ഗോപാലൻ മാസ്റ്റർ, കെ.പി. അയ്യപ്പൻ (വൈസ് പ്രസിഡന്റുമാർ); ടി.പി. ശ്യാമ പ്രസാദ് (സെക്രട്ടറി); സി.പി. ലോഹിതാക്ഷൻ, പി.പി. സുരേന്ദ്രൻ, ബാലചന്ദ്രൻ മാസ്റ്റർ, സോമൻ നമ്പ്യാർ, എ. പെണ്ണുട്ടി ടീച്ചർ (ജോയിന്റ് സെക്രട്ടറിമാർ); ടി. കുട്ടി നാരായണൻ (ഖജാൻജി) എന്നിവരെ പുതിയ ഭാരവാഹികളായി സമ്മേളനം തെരഞ്ഞെടുത്തു.

# ക്ഷേമനിധി പെൻഷൻ പരിഷ്ക്കരിക്കണം

**കോഴിക്കോട്** : അസംഘടിത മേഖലയിലെ ക്ഷേമനിധി പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് ബി.എം.എസ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് പി.ശശിധരൻ പറഞ്ഞു.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അസംഘടിത പെൻഷനേഴ്സ് സംഘ് കലക്ടറേറ്റിനു മുന്നിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം, ബി.എം.എസ്. ജില്ലാ ഭാരവാഹികളായ കെ.കെ.പ്രേമൻ,പി.പരമേശ്വരൻ,സി.പി.രാജേഷ്,റീന സഹദേവൻ,സെൽവരാജ് എന്നിവർ സംസാരിച്ചു.

യൂണിയൻ ജനറൽ സെക്രട്ടറി വെള്ളാരക്കൽ ചന്ദ്രൻ, പ്രസിഡന്റ് കെ.എം.ചന്ദ്രൻ, ഒ.പി. പ്രഭാകരൻ, കെ.എൻ.വിശ്വനാഥൻ എന്നിവർ നേതൃത്വം നൽകി.



**കളക്ട്രേറ്റ് ധർണ്ണ ബി.എം.എസ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് പി.ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു.**



. പാലക്കാട് ജില്ലാ പ്രൈവറ്റ് ബസ്സ് & ഹെവി വെഹിക്കിൾസ് മസ്ദൂർ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം




സംസ്ഥാന ബജറ്റിനെതിരെ ബി.എം.എസ്. കൊല്ലം ഈസ്റ്റ് മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ ധർണ്ണ സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.

കേരള മിനിമം വേജസ് അഡ്വൈസറി
ബോർഡ് അംഗമായി
നിയമിതനായ ബി.എം.എസ്
സംസ്ഥാന അധ്യക്ഷൻ
സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ





**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.വി.എം.എസ്. കോട്ടയം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ സർക്കിൾ ഓഫീസിനു മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ സംസ്ഥാന സെക്രട്ടറി എസ്.കെ.സതീഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.**

# ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2022 നവംബർ, ഡിസംബർ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 13-02-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| | | ലിങ്കിങ് ഫാക്ടർ | വിലസൂചിക<br>അടിസ്ഥാനവർഷം: 2011-12=100 | | വിലസൂചിക<br>അടിസ്ഥാനവർഷം: 1998-99=100 | |
|---|---|---|---|---|---|---|
| Sl. No. | സെന്റർ | | 2022 നവംബർ | 2022 ഡിസംബർ | 2022 നവംബർ | 2022 ഡിസംബർ |
| 1. | തിരുവനന്തപുരം | 2.11 | 191 | 194 | 403 | 409 |
| 2. | കൊല്ലം | 2.09 | 188 | 190 | 393 | 397 |
| 3. | പുനലൂർ | 2.10 | 193 | 193 | 405 | 405 |
| 4. | പത്തനംതിട്ട | 2.03 | 202 | 203 | 410 | 412 |
| 5. | ആലപ്പുഴ | 2.05 | 191 | 193 | 392 | 396 |
| 6. | കോട്ടയം | 2.08 | 196 | 197 | 408 | 410 |
| 7. | മുണ്ടക്കയം | 2.17 | 188 | 191 | 408 | 414 |
| 8. | ഇടുക്കി | 1.97 | 191 | 192 | 376 | 378 |
| 9. | എറണാകുളം | 2.03 | 189 | 190 | 384 | 386 |
| 10. | ചാലക്കുടി | 2.00 | 206 | 207 | 412 | 414 |
| 11. | തൃശൂർ | 1.87 | 199 | 201 | 372 | 376 |
| 12. | പാലക്കാട് | 2.09 | 183 | 184 | 382 | 385 |
| 13. | മലപ്പുറം | 2.00 | 187 | 189 | 374 | 378 |
| 14. | കോഴിക്കോട് | 2.02 | 194 | 197 | 392 | 398 |
| 15. | വയനാട് | 1.93 | 188 | 190 | 363 | 367 |
| 16. | കണ്ണൂർ | 2.02 | 195 | 196 | 394 | 396 |
| 17. | കാസർഗോഡ് | 2.05 | 195 | 198 | 400 | 406 |

## മാർച്ച് – 8 അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു.

# 'ലഹരി മുക്ത കുടുംബം– സന്തുഷ്ട കുടുംബം'

### അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മഹിളാ കൺവെൻഷനുകൾ, ഗൃഹ സമ്പർക്കം–ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

**കൊല്ലം:** യുവതലമുറയുടെഭാവിയെത്തന്നെ ശിഥിലമാക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗത്തെ തുടക്കത്തിലേ കണ്ടെത്തി ചെറുക്കേണ്ടതും ഇവ മൂലം യുവതലമുറയിൽ പലരും വഴിവിട്ട ജീവിതരീതിയിലേക്ക് പോകുന്ന പ്രവണത ഇല്ലാതാക്കേണ്ടതും നമ്മുടെ കുടുംബത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായതിനാൽ അതിനു വേണ്ടി പ്രവർത്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ധർമ്മവും ഉത്തരവാദിത്വവുമാണ് എന്ന് ബി.എം.എസ്. ദേശീയ സമിതി അംഗം അഡ്വ.എസ്.ആശാമോൾ പറഞ്ഞു.

കൊല്ലത്ത് നടന്ന വനിതാദിന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ. മദ്യത്തിന്റേയും മയക്കുമരുന്നിന്റെയും ഉപയോഗം മൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ തിന്മകളെ ഇല്ലാതാക്കുന്നതിനു വേണ്ടി ബി.എം.എസിന്റെ വനിതാ പ്രവർത്തകർ ഗൃഹ സമ്പർക്കത്തിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയതായും അവർ പറഞ്ഞു.

തൊഴിലാളികൾ സംരക്ഷിക്കപ്പെട്ടാൽ മാത്രമേ അവരുടെ കുടുംബം സുരക്ഷിതമാകൂ. സുരക്ഷിതമായ കുടുംബങ്ങളിലെ അംഗങ്ങൾ സാമൂഹ്യ തിന്മകളിൽ അകപ്പെട്ടു പോകാതെ സംരക്ഷിക്കപ്പെട്ടെങ്കിൽ മാത്രമേ ഒരു സന്തുഷ്ട കുടുംബം ഉണ്ടാകുകയുള്ളൂ. മദ്യം കൊണ്ടും മയക്കുമരുന്നു കൊണ്ടും ഉണ്ടാകുന്ന മഹാവിപത്തിനെതിരെ പ്രവർത്തിച്ചുകൊണ്ട് നമ്മുടെ കുടുംബത്തെ സംരക്ഷിക്കാൻ കഴിയണമെന്നും ആശാമോൾ പറഞ്ഞു.



അപകടത്തിൽ മരണപ്പെട്ട കാസർഗോഡ് കൃഷ്ണാ ഹാർഡ്‌വെയറിലെ ചുമട്ടു തൊഴിലാളി രാജേഷിന്റെ കുടുംബ ധനസഹായം ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ.മഹേഷ് നൽകുന്നു

# ആദരാഞ്ജലികൾ

## കെ.കെ.വിജയകുമാറിന്റെ പിതാവ് കൊച്ചുകൃഷ്ണൻ നായർ അന്തരിച്ചു.



കോട്ടയം - പള്ളിക്കത്തോട്: ബി.എം.എസ്. ദേശീയ നിർവ്വാഹക സമിതി അംഗവും മസ്ദൂർ ഭാരതി എഡിറ്ററുമായ കെ.കെ.വിജയകുമാറിന്റെ പിതാവ് ആനിക്കാട് കൊമ്പാറ കൊച്ചുകൃഷ്ണൻ നായർ(93) അന്തരിച്ചു. ഭാര്യ: രത്നമ്മ തേവർക്കാട് പൂവരണി. മറ്റുമക്കൾ: കെ.കെ ഗിരിജാദേവി, മായാ കെ. നായർ (ഗവ: H.S.S മുപ്പത്തടം, ആലുവ), മാലിനി.കെ (അരവിന്ദ വിദ്യാമന്ദിരം പള്ളിക്കത്തോട്) മരുമക്കൾ: എം.ആർ പത്മനാഭൻ, ഗൗരിമന്ദിരം ആനിക്കാട്, മായാ കുമാരി പുതുശ്ശേരിൽ (പി.എസ്.സി ഓഫീസ് പത്തനംതിട്ട), ആർ.വി ജയകുമാർ ആലുവ (ജനറൽ സെക്രട്ടറി ഭാരതീയ വിദ്യാനികേതൻ കേരളം), പി.ആർ സജീവ് (കെ.എസ്.ആർ.ടി.സി പൊൻകുന്നം)

## ഡോ. എം. സുബ്രഹ്മണ്യൻ



**കോഴിക്കോട്** : ഗുരുവായൂരപ്പൻ കോളേജ് സംസ്കൃതവിഭാഗം ഗസ്റ്റ് ലക്ച്ചറർ കുന്ദമംഗലം പൈങ്ങോട്ടുപുറം മാവാട്ടുപുറത്ത് ഡോ. എം. സുബ്രഹ്മണ്യൻ അന്തരിച്ചു. ബൈക്ക് വൈദ്യുതി തൂണിൽ ഇടിച്ചു അപകടത്തിൽ പെട്ടായിരുന്നു മരണം സംഭവിച്ചത്. അദ്വൈത വേദാന്തത്തിൽ ഡോക്ടറേറ്റ് നേടിയ സുബ്രഹ്മണ്യൻ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ കുന്ദമംഗലം ഖണ്ഡ് കാര്യവാഹും മുൻ പ്രചാരകനുമായിരുന്നു. പിതാവ്: പരേതനായ വേലായുധൻ നായർ. അമ്മ: ഗൗരി അമ്മ. സഹോദരൻ: ശ്രീകുമാർ.

## ജന്മഭൂമിയുടെ ആദ്യകാല റിപ്പോർട്ടർ പി.ടി. ഉണ്ണിമാധവൻ



**കോഴിക്കോട്:** വെള്ളിപറമ്പ് തലാഞ്ചേരി വീട്ടിൽ പി.ടി. ഉണ്ണിമാധവൻ നായർ അന്തരിച്ചു. ജന്മഭൂമിയുടെ കോഴിക്കോട്ടെ ആദ്യലേഖകനായിരുന്നു. ഏറെ നാളായി ചികിത്സയിലായിരുന്നു.

വിമോചന സമരം, മലപ്പുറം ജില്ലാ രൂപീകരണ വിരുദ്ധ സമരം, കെ.ജി. മാരാരുടെ നേതൃത്വത്തിൽ നടന്ന വാളയാർ ചെക്പോസ്റ്റ് സമരം എന്നിവയിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചിട്ടുണ്ട് .

## പി. സാവിത്രിയമ്മ



**പത്തനംതിട്ട:** കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് സംഘ് പത്തനംതിട്ട ജില്ലാ ട്രഷറർ ആർ. വിനോദ്കുമാറിന്റെ മാതാവ് പി. സാവിത്രിയമ്മ

## സുകുമാരൻ



**ആലുവ** : ബി.പി.സി.എൽ മസ്ദൂർ സംഘ് സെക്രട്ടറി എസ്. സുനിൽ കുമാറിന്റെ പിതാവ് സുകുമാരൻ